34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

October 05, 2026 Vol. XXXIV No. 40

3 പിഎം ശ്രീ തൽക്കാലം വേണ്ടെന്ന് സർക്കാർ

4 സ്മിത് മച്ചരാറിന് പ്രശംസാ പ്രവാഹം

13 വേൾഡ് മലയാളി ഫെഡറേഷൻ ഓണാഘോഷം

15 ഡാളസിൽ രാജ്യാന്തര 56 ചീട്ടുകളി

35 ലാന റീജണൽ കൺവൻഷൻ സമാപിച്ചു



കോട്ടയം ക്രിസ്തുരാജാ കത്തീഡ്രലിൽ സംഘടിപ്പിച്ച മെത്രാഭിഷേക ചടങ്ങിൽവെച്ച് കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി മാർ തോമസ് ആനിമൂട്ടിൽ അഭിഷിക്തനായപ്പോൾ: ആർച്ച് ബിഷപ്പുമാരായ മാർ മാത്യു മൂലക്കാട്ട്, മാർ തോമസ് തറയിൽ, മാർ ജോസഫ് പാംപ്ലാനി, മാർ വർഗീസ് ചക്കാലക്കൽ, തോമസ് മാർ കൂറിലോസ്, മാർ ആൻഡ്രൂസ് താഴത്ത്, റവ. തോമസ് നെറ്റോ, ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോർജ് വലിയമറ്റം, മാർ ജോസഫ് പെരുന്തോട്ടം, മാർ പോളി കണ്ണൂക്കാടൻ, മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഗീവർഗീസ് മാർ അപ്രേം തുടങ്ങിയവർ സമീപം. (വാർത്ത 16–ാം പേജിൽ)

## ഗ്യാനേഷ് കുമാറിനെതിരെ വിജിലൻസ് അന്വേഷണം

തിരുവനന്തപുരം: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരെ സർക്കാർ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചു. എം.സി റോഡ് വികസനപദ്ധതിയുടെ കരാർ ഏറ്റെടുത്തിരുന്ന പതി–ബെൽ കൺസോർഷ്യത്തിന്റെ ചീഫ് പ്രോജക്ട് മാനേജരായിരുന്ന മലേഷ്യൻ പൗരൻ ലീ സീ ബീൻ 2006–ൽ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട പരാതിയിലാണ് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല അന്വേഷണത്തിന് ഉത്തരവിട്ടത്. ലീയുടെ ആത്മഹത്യയിലേക്കു നയിച്ച അഴിമതിയിൽ അന്നത്തെ പൊതുമരാമത്ത് സെക്രട്ടറി ഗ്യാനേഷിനു പങ്കുണ്ടെന്ന പരാതിയിലാണു നടപടി. വി.എസ്. അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് വിജിലൻസ് പ്രാഥമികാന്വേഷണം നടത്തിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല. പാതിവഴിയിൽ ഉപേക്ഷിച്ച അന്വേഷണത്തിന്റെ തുടർച്ചയാണിതെന്നും നീതി ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമെന്നും ചെന്നിത്തല പറഞ്ഞു. പൂർത്തിയായ പണിയുടെ ബില്ലുകൾ പാസാക്കാത്തതിൽ മനംനൊന്താണ് ലീ ക്വാലാലംപുരിൽ ജീവനൊടുക്കിയത്. ആത്മഹത്യക്കുറിപ്പിൽ ഗ്യാനേഷിന്റെ പേരുണ്ടായിരുന്നു. പൊതുമരാമത്തു വകുപ്പിനും ഉദ്യോഗസ്ഥർക്കുമെതിരെ ആരോപണങ്ങളുണ്ടായിരുന്നു കുറിപ്പിൽ. കൈക്കൂലി കൊടുക്കാത്തതിനാൽ ശത്രുതാപരമായി പെരുമാറിയെന്നും കുറ്റപ്പെടുത്തിയിരുന്നു.

ഇക്കാര്യത്തിൽ അന്വേഷണമാവശ്യപ്പെട്ട് കെപിസിസി നിർവാഹകസമിതിയംഗം മലയൻകീഴ് വേണുഗോപാലാണ് ആഭ്യന്തരമന്ത്രിക്കു പരാതി നൽകിയത്. ഗ്യാനേഷിനെതിരായ ആരോപണത്തിൽ കഴമ്പുണ്ടെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണു നടപടി. ഗ്യാനേഷ് പൊതുമരാമത്ത് സെക്രട്ടറിയായിരുന്ന കാലത്തെ അഴിമതി അന്വേഷിക്കുന്നതിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ പദവി തടസ്സമല്ലെന്നും നിയമോപദേശം ലഭിച്ചു. തെരഞ്ഞെടുപ്പ് അട്ടിമറി ആരോപണത്തിൽ ഗ്യാനേഷിനെതിരെ ഇന്ത്യാവ്യാപകമായി പ്രതിഷേധം കനക്കുമ്പോഴാണ് 20 വർഷം മുൻപത്തെ കേസ് ആഭ്യന്തരവകുപ്പ് പൊടിതട്ടിയെടുക്കുന്നത്. പ്രക്ഷോഭത്തിന് ഊർജം പകരാൻ ലക്ഷ്യമിട്ടുള്ള രാഷ്ട്രീയനീക്കം കൂടിയാണിത്.

## ഗ്യാനേഷിന്റെ തീരുമാനങ്ങൾക്കെതിരായ ഹർജികളിൽ സുപ്രീംകോടതി നോട്ടീസ്

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ എടുത്ത ഏകപക്ഷീയമായ തീരുമാനങ്ങൾക്ക് എതിരായ ഹർജികളിൽ സുപ്രീംകോടതി നോട്ടീസ് അയച്ചു. തീരുമാനങ്ങൾ എടുത്തത് നിയമപരം ആയിരുന്നില്ലെങ്കിൽ അവ റദ്ദാക്കുമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. എന്നാൽ ഗ്യാനേഷ് കുമാറിനെ സസ്പെൻഡ് ചെയ്യണമെന്ന ആവശ്യത്തിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിപ്പിക്കാൻ സുപ്രീംകോടതി വിസമ്മതിച്ചു.

എസ്ഐആറുമായി ബന്ധപ്പെട്ട് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ സ്വീകരിച്ചിട്ടുള്ള നടപടികളിൽ കേന്ദ്ര സർക്കാരിനും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനും സുപ്രീംകോടതി നോട്ടീസ് അയച്ചു. ഉന്നയിക്കപ്പെട്ട ആരോപണം സംബന്ധിച്ച് വിശദീകരണം തേടിയാണ് നോട്ടീസ്. ചീഫ് ജസ്റ്റിസ് സൂര്യ കാന്ത്, ജസ്റ്റിസ് ജോയ് മല്യ ബാഗ്ചി, ജസ്റ്റിസ് വി. മോഹന എന്നിവരടങ്ങിയ ബെഞ്ചാണ് നോട്ടീസ് അയച്ചത്.

സുപ്രീംകോടതി ഹർജികളിൽ അന്തിമ തീർപ്പ് പ്രസ്താവിക്കുന്നതുവരെ തീരുമാനങ്ങൾ എടുക്കുന്നതിൽനിന്ന് കമ്മീഷനെ വിലക്കണമെന്ന ആവശ്യത്തിലും കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചില്ല. ഗ്യാനേഷ് കുമാറിനെ സസ്പെൻഡ് ചെയ്തില്ലെങ്കിൽ ഇ



ന്ത്യ കത്തുമെന്ന് ഹർജിക്കാരന്റെ അഭിഭാഷകൻ വികാസ് സിംഗ് സുപ്രീംകോടതിയിൽ പറഞ്ഞു.

കമ്മീഷൻ നിയമപ്രകാരം പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി സുപ്രീംകോടതി പറഞ്ഞു. ഏകകണ്ഠമോ, ഭൂരിപക്ഷ അഭിപ്രായത്തിലോ ആയിരിക്കണം തീരുമാനങ്ങൾ. ഫോം 6–ന്റെ പരിഷ്കരണം അംഗീകരിച്ചിട്ടില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. സുപ്രീംകോടതിയുടെ അംഗീകാരത്തോടെയാണ് ഫോം 6 പരിഷ്കരിച്ചത് എന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ നേരത്തെ അഭിപ്രായപ്പെട്ടിരുന്നു. അതാണ് പരിഷ്കരണത്തിന് അനുമതി നൽകിയത് എന്ന് രേഖകൾ പരിശോധിച്ചാൽ വ്യക്തമാകുമെന്നും അക്കാര്യം അറിയാൻ തങ്ങൾക്കും താത്പര്യമുണ്ടെന്നും ചീഫ് ജസ്റ്റിസ് പറഞ്ഞു.

തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനങ്ങളെടുക്കുന്നത് ഏകപക്ഷീയമായാണോ അതോ ഭൂരിപക്ഷ അഭിപ്രായപ്രകാരമാണോ എന്ന കാര്യം വ്യക്തമാക്കണമെന്ന് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. നിയമപ്രകാരമല്ലെങ്കിൽ അങ്ങനെ എടുത്തിട്ടുള്ള തീരുമാനങ്ങൾ റദ്ദാക്കപ്പെടുമെന്നും കോടതി വാക്കാൽ നിരീക്ഷിച്ചു. പത്രവാർത്തകളുടെ മാത്രം അടിസ്ഥാനത്തിൽ തീരുമാനം എടുക്കാനാവില്ല. എന്താണ് നടന്നത് എന്നത് സംബന്ധിച്ച് കൃത്യമായ വിശദീകരണം കമ്മീഷനിൽനിന്ന് ലഭ്യമാകണം.

(ശേഷം 28–ാം പേജിൽ)

SUNNY
FINANCIAL STRATEGIES, LLC



Wealth planning that works across generations.
Partnered for Your Family's Success

Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Building your financial future together, with expertise & fiduciary integrity.

AREAS OF SPECIALTY

- Comprehensive Planning & Wealth Management
- Retirement Income Strategy for Retirees & Pre-Retirees
- Insurance Protection: Life, Disability, Long-Term Care, Liability, Health & Medicare Supplement (Medigap)
- 401(k), 403(b), 457(b), TSP, IRA & Roth IRA Rollovers, Optimization, and Set-Ups
- Inheritance & Estate Planning: Trusts, Wills, POAs, Transfers
- Professional Investment Advisory & Guidance
- Tax Planning & Diversification
- Business Plans, Employee Benefits, Pensions, Social Security, Medicare
- Education Expense Funding

Let's Plan for Your Brighter Future
COMPLIMENTARY CONSULTATION · CALL OR SCAN
847-414-9116
sunnyfinancial.com
tom@sunnyfinancial.com
DIGITAL CARD

Financial Advisor with Eagle Strategies LLC, a Registered Investment Adviser. Registered Representative offering securities through NYLIFE Securities LLC, Member FINRA/SIPC, a Licensed Insurance Agency. Sunny Financial Strategies LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

Secure Tax Services
DBA SMALL BUSINESS ACCOUNTING LLC

Personal and Business Tax Services
Free Electronic Filling



TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT®
Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available



Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS
A+ Rating
Better Business Bureau

# ഗ്യാനേഷിനെതിരേ ഡൽഹിയിലും മുംബൈയിലും പ്രക്ഷോഭം

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ടുള്ള പ്രതിപക്ഷ പാർട്ടികളുടെ പ്രതിഷേധം ശക്തമായി തുടരുന്നു. മുംബൈയിലും ഡൽഹിയിലും നടന്ന റാലികളിൽ ആയിരക്കണക്കിന് ആളുകളാണ് തെരുവിലിറങ്ങിയത്.

ഈ മാസം ഏഴിന് പ്രതിപക്ഷ ഇന്ത്യാ മുന്നണിയുടെ ഡൽഹി ഘടകം തെരഞ്ഞെടുപ്പ് കമ്മീഷന്റെ ആസ്ഥാനത്തേക്ക് മാർച്ച് നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പത്തിനാണ് സിജെപിയുടെ നേതൃത്വത്തിലുള്ള പ്രതിഷേധ മാർച്ച് ഡൽഹിയിൽ എത്തുന്നത്. ജന്തർ മന്തറിൽ പ്രതിഷേധത്തിന് അനുമതി ലഭിച്ചില്ലെങ്കിൽ പോലീസ് എവിടെ തടയുന്നോ അവിടെ സമരം ആരംഭിക്കുമെന്ന് സിജെപി നേതാക്കൾ മുന്നറിയിപ്പ് നല്കി. ഇതോടെ ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ച പ്രതിഷേധം വരുംദിവസങ്ങളിൽ കൂടുതൽ ശക്തമാകും.

തുടർച്ചയായി മൂന്നാം ദിവസവും തലസ്ഥാനത്ത് യുവജന-വിദ്യാർത്ഥി സംഘടനകളുടെ പ്രതിഷേധമലയടിച്ചു. ഐസ പ്രസിഡണ്ട് നേഹ ബോറ യടക്കമുള്ളവരെ വലിച്ചിഴച്ചു. മിക്കവരെയും ഡൽഹി അതിർത്തികളിലെ പോലീസ് സ്റ്റേഷനുകളിലേക്ക് കൊണ്ടുപോയി. നെയിം പ്ലേറ്റുകൾ ധരിക്കാതെ പോലീസ് നടപടികൾ സ്വീകരിച്ചതിനെ പ്രതിഷേധക്കാർ ചോദ്യം ചെയ്തു. ദൃശ്യങ്ങളെടുക്കുന്നതിൽനിന്ന് മാധ്യമപ്രവർത്തകരെ വിലക്കാനും പോലീസ് ശ്രമിച്ചു.




ഡൽഹി മുൻ മുഖ്യമന്ത്രി അതിഷിയുടെ നേതൃത്വത്തിൽ ജൻപഥ് റോഡിൽ ആം ആദ്മി പാർട്ടിയും പ്രതിഷേധ മാർച്ച് നടത്തി. ആപ്പിന്റെ വിദ്യാർത്ഥി സംഘടനയായ എഎസ്എപിയും പ്രതിഷേധത്തിനിറങ്ങി. ജന്തർമന്തർ റോഡിൽ തന്നെയായിരുന്നു യൂത്ത് കോൺഗ്രസിന്റെയും എഎെസ്‌യുവിന്റെയും പ്രതിഷേധം.

## സ്വർണക്കടത്ത്: നടി ഉൾപ്പെടെയുള്ളവർക്ക് 271 കോടി രൂപ പിഴ

ബെംഗളൂരു: സ്വർണക്കടത്തു കേസിൽ കന്നഡ നടി രന്യ റാവുവിനും മറ്റു മൂന്നു പ്രതികൾക്കും ബെംഗളൂരു കസ്റ്റംസ് 271 കോടി രൂപ പിഴ ചുമത്തി. മുൻ ഡിജിപി കെ. രാമചന്ദ്ര റാവുവിന്റെ വളർത്തു മകൾകൂടിയായ രന്യ, 102.5 രൂപ പിഴയടയ്ക്കണം. മറ്റു പ്രതികളായ തെലുങ്ക് നടൻ തരുൺ രാജുവിന് 62.1 കോടി രൂപയും സ്വർണവ്യാപാരികളായ സാഹിൽ ജയിൻ, ഭരത് കുമാർ ജയിൻ എന്നിവർക്ക് 53.1 കോടി രൂപ വീതവുമാണ് പിഴ. ദുബായിൽനിന്ന് 12.56 കോടി രൂപയുടെ 14.2 കിലോ സ്വർണം കടത്തുന്നതിനിടെ 2025 മാർച്ചിലാണു രന്യ അറസ്റ്റിലായത്. രണ്ടു വർത്തിനിടെ 102.55 കോടി രൂപയുടെ 127.3 കിലോ സ്വർണം കടത്തിയെന്ന റവന്യൂ ഇന്റലിജൻസിന്റെ പരാതിയിൽ സിബിഐയും കള്ളപ്പണ ഇടപാടുകളെക്കുറിച്ച് ഇഡിയും അന്വേഷണം നടത്തുന്നുണ്ട്.

## ആർ. രാജശ്രീക്ക് വയലാർ അവാർഡ്



തിരുവനന്തപുരം: അമ്പതാമത് വയലാർ അവാർഡ് ആർ. രാജശ്രീയുടെ ആത്രേയകം എന്ന നോവലിന്. ഒരു ലക്ഷം രൂപയും പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ വെങ്കലത്തിൽ നിർമിച്ച ശില്പവും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ് വയലാർ രാമവർമയുടെ ചരമദിനമായ 27-ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ സമ്മാനിക്കും. തലശേരി ഗവ. ബ്രണ്ണൻ കോളജ് മലയാളവിഭാഗം അധ്യാപികയാണ് ആർ. രാജശ്രീ. ആകെ നിർദേശിക്കപ്പെട്ട 258 കൃതികളിൽനിന്ന് ഒ.വി. ഉഷ, സുഭാഷ് ചന്ദ്രൻ, വി. വിജയകുമാർ എന്നിവർ അടങ്ങിയ ജഡ്ജിംഗ് കമ്മിറ്റിയാണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുത്തത്. വയലാറിന്റെ 50-ാം സ്മൃതിയും 50-ാം വയലാർ അവാർഡ് സമർപ്പണവും സമന്വയിപ്പിച്ച് ഒരു വർഷമായി നടത്തിവരുന്ന 'വയലാർ വർഷം 2025-26' പരിപാടികളുടെ സമാപനവും ഇതോടൊപ്പം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടത്തും.

വയലാർ വർഷം ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സാംസ്കാരിക മന്ത്രി പി.സി. വിഷ്ണുനാഥ് സമ്മാനങ്ങൾ നൽകും.

## പിഎം ശ്രീ തൽക്കാലം വേണ്ടെന്ന് സർക്കാർ

തിരുവനന്തപുരം: പിഎം ശ്രീ പദ്ധതി നടപ്പാക്കുന്നതിൽ തിടുക്കപ്പെട്ട് തീരുമാനം വേണ്ടെന്ന നിലപാടിൽ സർക്കാർ. കഴിഞ്ഞ എൽഡിഎഫ് സർക്കാർ ഒപ്പിട്ട ധാരണാപത്രത്തിൽ നിന്ന് പിൻമാറാൻ ആകാത്തതിനാൽ സംസ്ഥാന താല്പര്യം സംരക്ഷിക്കുന്ന ഉപാധികളോടെ നടപ്പാക്കാനാണ് യുഡിഎഫ് സർക്കാർ തുടക്കത്തിലേ എടുത്ത തീരുമാനം. ഇതിനായി നിയോഗിച്ച നാലംഗ മന്ത്രിസഭാ സമിതി റിപ്പോർട്ട് നല്കുന്നത് മരവിപ്പിച്ചിരിക്കുകയാണ്. മുസ്‌ലി ലീഗ് ഉൾപ്പെടെ എതിർപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ തുടർ നടപടികൾ വേണ്ടെന്നാണ് ധാരണ. അവശ്യഘട്ടം വന്നാൽ മാത്രം രാഷ്ട്രീയ സമന്വയത്തോടെ മുന്നോട്ടു പോയാൽ മതിയെന്നും തീരുമാനിച്ചിട്ടുണ്ട്.

വിദ്യാഭ്യാസമന്ത്രി എം. ഷംസുദീൻ അദ്ധ്യക്ഷനും മന്ത്രിമാരായ പി.സി. വിഷ്ണുനാഥ്, എം, ലിജു, റോജി എം. ജോൺ എന്നിവർ അംഗങ്ങളുമായ മന്ത്രിസഭാ സമിതി രണ്ട് തവണ യോഗം ചേർന്നിരുന്നു. ഒരു തവണ കൂടി ചേർന്നശേഷം റിപ്പോർട്ട് സമർപ്പിക്കുമെന്ന് എം. ഷംസുദ്ദീൻ പറഞ്ഞിരുന്നു. എന്നാൽ, യോഗം ചേരുന്നതും റിപ്പോർട്ട് കൊടുക്കുന്നതും തിടുക്കപ്പെട്ടു വേണ്ടെന്നാണ് മുന്നണിതലത്തിൽ തന്നെയുള്ള ധാരണ.

## അവയവമാറ്റ ആശുപത്രി സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി

കോഴിക്കോട്: കോഴിക്കോട്ട് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്‌പ്ലാന്റ് (അവയവമാറ്റ ആശുപത്രി) മുപ്പതു മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. കേരള ഹാർട്ട് ഹെയർ സൊസൈറ്റി സിൽവർ ജൂബിലി ആഘോഷം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ചേവായൂർ ഗോൾഫ് ലിങ്ക് റോഡിലെ 20 ഏക്കറിൽ 273 കോടി രൂപ ചെലവിലാണ് അത്യാധുനിക സൗകര്യങ്ങളോടെ ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കുന്നത്. അവയവമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകുന്നതോടെ ചികിത്സാച്ചെലവ് മൂന്നിലൊന്നായി കുറയുമെന്നും സതീശൻ പറഞ്ഞു. 350 കിടക്കകളും 10 ഓപ്പറേഷൻ തിയേറ്ററുകളും ഉൾപ്പെടുന്നതാണ് പുതിയ ആശുപത്രിസമുച്ചയം. ചേവായൂരിലെ ഇതേ വളപ്പിൽ 35 കോടി രൂപ ചെലവിൽ ത്വക്ക് രോഗ ആശുപത്രിയും നിർമ്മിക്കും. റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്ന കേന്ദ്രത്തിൽ ഒരു വർഷംകൊണ്ട് 1100 കോർണിയ, 520 വൃക്ക, 50 ഹൃദയം, 40 ശ്വാസകോശം 130 മജ്ജ എന്നിവ മാറ്റിവെക്കൽ ശസ്ത്രക്രിയകൾ നടത്താനാണ് ലക്ഷ്യമിടുന്നത്.

കാലാവസ്ഥയും മറ്റ് അനുകൂല സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി സ്വദേശികളും വിദേശികളും ചികിത്സയ്ക്കായി എത്തുന്ന ഹെൽത്ത് ഡെസ്റ്റിനേഷനായി കേരളത്തെ മാറ്റും. ഇതിനായി ഹെൽത്ത് സെന്ററുകൾ, റിഹാബിലിറ്റേഷൻ സെന്ററുകൾ, സ്ട്രോക്ക് ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ഹോളിസ്റ്റിക് ചികിത്സ നല്കുന്ന സംവിധാനങ്ങൾ എന്നിവ ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## പല്ലാട്ട് ബ്രഹ്മദത്തൻ മിന്നലേറ്റ് ചരിഞ്ഞു

ഈരാറ്റുപേട്ട: ഗജവീരൻ പല്ലാട്ട് ബ്രഹ്മദത്തൻ (54) മിന്നലേറ്റു ചരിഞ്ഞു. നീരിനുശേഷം ഒരുമാസമായി ഉടമ മേലമ്പാറയിലെ രാജേഷ് പല്ലാട്ടിന്റെ വീടിനു സമീപത്തെ ഷെഡിൽ വിശ്രമത്തിലായിരുന്നു. ഒക്ടോബർ നാലിന് വൈകിട്ട് 6.30-ന് ഉണ്ടായ മിന്നൽ ഷെഡിനും ആനയ്ക്കും ഏൽക്കുകയായിരുന്നു.



അരുണാചൽ വനങ്ങളിൽ താപ്പാനയായിരുന്ന ബ്രഹ്മദത്തനെ 28 വർഷം മുൻപ് കോട്ടയം പുതുപ്പള്ളി പാപ്പാലപ്പറമ്പിൽ പോത്തൻ വർഗീസും സഹോദരൻ ചാക്കോയുമാണു കേരളത്തിലെത്തിച്ചത്. പുതുപ്പള്ളി ബ്രഹ്മദത്തനാണ് 16 വർഷം മുൻപ് ഉടമ മാറിയപ്പോൾ പല്ലാട്ട് ബ്രഹ്മദത്തനായത്.

2015-ൽ തൃശൂർ പൂരത്തിൽ പാറമേക്കാവിലമ്മയുടെ എഴുന്നള്ളിപ്പിൽ പങ്കെടുത്തു. തൃശൂർ പൂരത്തിൽ പാറമേക്കാവിലെ രാത്രിപൂരത്തിനു തിടമ്പെടുത്തിരുന്നതും ബ്രഹ്മദത്തനായിരുന്നു. 10 അടി രണ്ട് ഇഞ്ച് ഉയരമുള്ള ബ്രഹ്മദത്തൻ മധ്യകേരളത്തിലെ ഉത്സവങ്ങളിൽ ഒഴിച്ചുകൂടാനാവാത്ത സാന്നിധ്യമായിരുന്നു.

ഗജകൗസ്തുഭം ഗജരത്നം, ഗജകേസരി തുടങ്ങി വിവിധ പട്ടങ്ങൾ ലഭിച്ചിട്ടുണ്ട്. ഏറ്റുമാനൂർ, തിരുനക്കര, ശക്തികുളങ്ങര, തൊടുപുഴ തുടങ്ങി ഒട്ടേറെ ക്ഷേത്രങ്ങളിൽ പ്രധാന തിടമ്പെടുത്തിട്ടുണ്ട്. 25 വർഷം പാപ്പാനായിരുന്ന ളാക്കാട്ടൂർ ദാമോദരൻ നായർ അന്തരിച്ചപ്പോൾ അവിടെയെത്തിയ ആന മൃതദേഹത്തിൽ തുമ്പിക്കൈ കൊണ്ടു തൊട്ടു നമസ്കരിച്ചത് ഏറെ ശ്രദ്ധ നേടിയിരുന്നു.

കേരള ഫെസ്റ്റിവൽ കോ-ഓർഡിനേഷൻ കമ്മിറ്റി പ്രസിഡന്റും എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡന്റുമായ രാജേഷ് പല്ലാട്ടാണ് നിലവിലെ ഉദ്യോഗസ്ഥൻ. മൂവാറ്റുപുഴ സ്വദേശി ശരത്, എറണാകുളം സ്വദേശി വിശാൽ എന്നിവരാണ് പാപ്പാന്മാർ.

## ‘ഫ്ളൈ ദുബായ്’ ആക്രമണം ഭീകരപ്രവർത്തനമെന്ന് യുഎഇ

# ഇന്ത്യൻ പൈലറ്റ് സ്മിത് മച്ഛാറിന് പ്രശംസാ പ്രവാഹം

ദുബായ്: സഹപൈലറ്റിന്റെ കത്തിക്കുത്തിൽ പതറാതെ 174 യാത്രക്കാരുടെ ജീവൻ രക്ഷിച്ച ഇന്ത്യൻ പൈലറ്റ് സ്മിത്ത് മച്ഛാറിന് (38) ലോകത്തിന്റെ ബിഗ് സല്യൂട്ട്. രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവും യുഎഇ ഉപപ്രധാനമന്ത്രി ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് അൽ മക്തൂം ഒപ്പം, വിവിധ രാജ്യങ്ങളിലെ ജനങ്ങളും മച്ഛാറിന് നന്ദി പറയുന്നു.

സെപ്റ്റംബർ 30-ന് ബുധനാഴ്ച രാവിലെ ദുബായിൽനിന്ന് ഇസ്രയേലിലെ ടെൽ അവീവിലേക്കുള്ള യാത്രയ്ക്കിടെയാണു ഫ്ളൈദുബായ് വിമാനത്തിന്റെ കോക്പിറ്റിൽ മച്ഛാറിനെ ഒമാൻകാരനായ സഹപൈലറ്റ് ആക്രമിച്ചത്. രക്തത്തിൽ കുളിച്ചുകിടക്കുന്നതിനിടയിലും മച്ഛാർ കോക്പിറ്റിന്റെ വാതിൽ തുറന്നു കൊടുത്തതിനാൽ യാത്രക്കാർക്കും ക്രൂ അംഗങ്ങൾക്കും അകത്തുകയറി അക്രമിയെ കീഴടക്കാനായി.

മേഖലയിലെ സംഘർഷ സാഹചര്യം കണക്കിലെടുത്ത് അധികമായി നിയോഗിച്ചിരുന്ന രണ്ട് പൈലറ്റുമാർക്ക് വിമാനത്തിന്റെ നിയന്ത്രണമേറ്റെടുക്കാനായതാണ് വൻദുരന്തമൊഴിവാക്കിയത്. തുടർന്ന് സൗദിയിലെ തബൂക്കിൽ വിമാനം സുരക്ഷിതമായി ഇറക്കുകയായിരുന്നു. ആക്രമണം ‘ഭീകരപ്രവർത്തന’മാണെന്ന് യു.എ.ഇ പ്രസിഡന്റിന്റെ വിദേശകാര്യ ഉപദേഷ്ടാവ്. ഇതാദ്യമായാണ് ഫ്ളൈ ദുബായ് വിമാനത്തിലെ ആക്രമണം ഭീകരപ്രവർത്തനമാണെന്നു യു.എ.ഇ. വിശേഷിപ്പിക്കുന്നത്.

വിമാനത്തിന്റെ ക്യാപ്റ്റനായ സ്മി



ത് മച്ഛാറിനെ വധിച്ച്, വിമാനം ടെൽ അവീവിലേക്കു പറത്തി അവിടത്തെ വൻകിട കെട്ടിടത്തിൽ ഇടിച്ചിറക്കാനായിരുന്നു ഒമാനി സഹപൈലറ്റ് അൽ ഹമ്മാമിയുടെ പ്രാഥമിക പദ്ധതിയെന്ന് റിപ്പോർട്ടിൽ പറയുന്നു. വിമാനം തട്ടിയെടുക്കുകയായിരുന്നു ലക്ഷ്യം.

കോക്പിറ്റിനുള്ളിൽ പ്രാർത്ഥിക്കാൻ അനുവാദം ചോദിച്ചശേഷം, പിന്നിലൂടെ ചെന്ന് ക്രാഷ് ആക്സ് ഉപയോഗിച്ചാണ് അൽ ഹമ്മാമി ക്യാപ്റ്റൻ സ്മിത് മച്ചാറിനെ ആക്രമിച്ചത്.

ടെൽ അവീവിലേക്കു വിമാനം കൊണ്ടുപോകാൻ കഴിയില്ലെന്നു മനസിലായതോടെ, അൽ ഹമ്മാമി വിമാനം മരുഭൂമിയിൽ ഇടിച്ചിറക്കാൻ ശ്രമിച്ചു. ഓട്ടോ പൈലറ്റ് സംവിധാനം ഓഫ് ചെയ്തശേഷം കൺട്രോൾ സ്റ്റിക്ക് മുന്നോട്ടു തള്ളിയതോടെ 30 സെക്കൻഡിനുള്ളിൽ വിമാനം 17,000 അടിയോളം താഴേക്ക് പതിച്ചു. ഇതിനിടെ എഞ്ചിനുകളിലേക്കുള്ള ഇന്ധന വിതരണം തടസപ്പെടുത്തുന്ന വിധത്തിൽ സ്വിച്ചുകൾ ഓഫ് ചെയ്യാൻ സഹപൈലറ്റ് ശ്രമിച്ചതാണ് വിമാനത്തിനുള്ളിലെ എമർജൻസി ലൈറ്റുകൾ തെളിയാൻ കാരണമെന്നും റിപ്പോർട്ടുണ്ട്.

ഇസ്രയേലുമായി നയതന്ത്രബന്ധമില്ലാത്ത ഒമാനിലെ പൗരനായ ഇയാൾ ഇസ്രയേൽ പൗരന്മാരുമായി പറന്ന വിമാനത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ എങ്ങനെ അനുവദിക്കപ്പെട്ടു എന്നതിൽ ഇനിയും വ്യക്തത വന്നിട്ടില്ല.

## നേതാക്കളെ അറസ്റ്റ് ചെയ്യാൻ നീക്കമെന്ന് സിജെപി

ന്യൂഡൽഹി: ജന്തർ മന്ദറിൽ ഒക്ടോബർ പത്തിന് പ്രതിഷേധം നിശ്ചയിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ സർക്കാർ തന്നെയും കോക്രോച്ച് ജനതാപാർട്ടി നേതാക്കളായ അഭിജിത് ദീപ്കെ, അഷുതോഷ് റാങ്ക, രത്ന തുടങ്ങിയവരെയും അറസ്റ്റ് ചെയ്യാൻ പദ്ധതിയിടുന്നെന്ന ആരോപണവുമായി സിജെപി കോ-കൺവീനർ സൗരവ് ദാസ് എക്സിലൂടെ പ്രതികരിച്ചു.

എന്നെയും അഭിജിത്തിനെയും അഷുതോഷിനെയും രത്നയെയും മറ്റ് കോക്രോച്ച് ജനതാപാർട്ടി നേതാക്കളെയും അറസ്റ്റ് ചെയ്യാൻ സർക്കാർ പദ്ധതിയിടുകയാണ്. ഇത്തരം ഏകാധിപത്യപരമായ നടപടികൾ ഫലം കാണുമെന്നാണ് സർക്കാർ കരുതുന്നതെങ്കിൽ അവർക്കു തെറ്റി. യുവതലമുറ ഉണർന്നുകഴിഞ്ഞു. നമ്മുടെ അവകാശങ്ങൾക്കും ഭാവിക്കും വേണ്ടി ഞങ്ങൾക്കൊപ്പമോ അല്ലാതെയോ പോരാടുന്നത് തുടരാൻ എല്ലാവരോടും അഭ്യർത്ഥിക്കുകയാണ്.

ജയിലോ അതിനേക്കാൾ മോശമായതിനെയോ നേരിടാൻ ഞങ്ങൾ എപ്പോഴും തയ്യാറാണ്. പക്ഷേ, ഇത് വലിയൊരു തെറ്റായിരിക്കും. ഇത് യുവാക്കൾ പൊറുക്കില്ല. പ്രതിഷേധം തുടർന്നേ മതിയാകൂ. ഇന്ത്യയിലെ ജനങ്ങൾ ഒക്ടോബർ പത്താം തീയതി മുതൽ വലിയ ജനമുന്നേറ്റം ഉറപ്പാക്കണം: സൗരവ് കുറിച്ചു.

## കല്പിത സർവകലാശാലാപദവി ഇനി എയ്ഡഡ് കോളജിനും

തിരുവനന്തപുരം: കേരളത്തിലെ സ്വയംഭരണ കോളജുകൾക്കു പുറമേ, എയ്ഡഡ് കോളജുകൾക്കും കല്പിത സർവകലാശാലാപദവി നൽകാനൊരുങ്ങി സർക്കാർ. കല്പിത സർവകലാശാലകൾ അനുവദിക്കാനുള്ള വ്യവസ്ഥയിൽ യു.ജി.സി. ഭേദഗതി വരുത്തിയ പശ്ചാത്തലത്തിലാണ് നടപടി.

അദ്ധ്യാപകർക്കും ജീവനക്കാർക്കും സർക്കാർ നേരിട്ടു ശമ്പളം നൽകുമെന്ന കരാർ (ഡയറക്ട് പേമെന്റ് എഗ്രിമെന്റ്) അടിസ്ഥാനമാക്കിയാണ് നിലവിൽ എയ്ഡഡ് കോളജുകളുടെ പ്രവർത്തനം.

ഈ രീതി നിലനിർത്തിത്തന്നെ, എയ്ഡഡ് കോളകുകൾക്കും കല്പിത സർവകലാശാലകളായി മാറാൻ അവസരമൊരുക്കുന്നതാണ് പരിഷ്കരിച്ച യു.ജി.സി. ചട്ടം. നല്ല നിലയിൽ പ്രവർത്തിക്കുന്ന എയ്ഡഡ് കോളജുകളുടെ കല്പിതപദവി പ്രോത്സാഹിപ്പിക്കുമെന്ന് സർക്കാർ വൃത്തങ്ങൾ വ്യക്തമാക്കി.

എൽ.ഡി.എഫ്. ഭരണത്തിൽ തിരുവനന്തപുരം മാർ ഇവാനിയോസ്, കൊച്ചി രാജഗിരി എന്നീ കോളജുകൾ കല്പിത പദവിക്ക് അപേക്ഷിച്ചെങ്കിലും അംഗീകരിച്ചില്ല.

ഫീസ് നിർണയം ഉൾപ്പെടെ എല്ലാ സ്വാതന്ത്ര്യവും കല്പിത സർവകലാശാലകൾക്കാണെന്നിരിക്കേ, ശമ്പളം മാത്രം സർക്കാർ നൽകുന്നതു ശരിയല്ലെന്നു ചൂണ്ടിക്കാട്ടിയായിരുന്നു അനുമതി നിഷേധിച്ചത്.

എന്നാൽ, സർക്കാരും സർവകലാശാലയും തമ്മിൽ സഹകരണക്കരാറുണ്ടാക്കി കല്പിതപദവി നൽകാമെന്ന് 2026 ഏപ്രിലിൽ യു.ജി.സി. ചട്ടം പരിഷ്കരിച്ചു. കേരളത്തിലെ ഇരുന്നൂറിലേറെ എയ്ഡഡ് കോളജുകളിൽ 40 എണ്ണത്തിന് സ്വയംഭരണ പദവിയുണ്ട്. ഇവയിൽ ചിലതിനു പുറമേ, ഒട്ടേറെ എയ്ഡഡ് കോളജുകളും കല്പിതപദവിക്കായി സർക്കാരിനെ സമീപിച്ചിട്ടുണ്ടെന്നാണ് വിവരം.

## അർജന്റീന ക്രമക്കേട്:

# അബ്ദുറഹിമാനെതിരെ എസ്ഐടി റിപ്പോർട്ട്



തിരുവനന്തപുരം: അർജന്റീന ടീമിനെ കേരളത്തിലെത്തിക്കാനുള്ള നീക്കങ്ങളിലെ ക്രമക്കേടിൽ മുൻ കായികമന്ത്രി വി. അബ്ദുറഹിമാനെതിരെ അഴിമതി നിരോധന നിയമപ്രകാരം കേസെടുക്കണമെന്നു പ്രത്യേക അന്വേഷണ സംഘം. സ്പോൺസറായ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിങ് കമ്പനിക്ക് (ആർബിസി) സാമ്പത്തികലാഭം നേടിക്കൊടുക്കാൻ ഔദ്യോഗികപദവി ദുരുപയോഗം ചെയ്തെന്നാണ് പ്രധാന കണ്ടെത്തൽ. ഇതിൽ മന്ത്രിക്കുണ്ടായ നേട്ടം സംബന്ധിച്ചു വിശദമായ അന്വേഷണം വേണമെന്ന് ശിപാർശ ചെയ്യുന്ന റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്കു സമർപ്പിച്ചു.

എസ്ഐടി സംഘം ഒക്ടോബർ ഒന്നിനു വ്യാഴാഴ്ച അബ്ദുറഹിമാനെ മലപ്പുറത്തുവെച്ചു ചോദ്യം ചെയ്തിരുന്നു. മൂന്ന് മണിക്കൂർ നീണ്ട ചോദ്യം ചെയ്യലിലൂടെ ശേഖരിച്ച വിവരങ്ങൾകൂടി ഉൾപ്പെടുത്തിയാണ് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചത്. ഡിജിപി റിപ്പോർട്ട് പരിശോധിച്ചശേഷം ശിപാർശകളോടെ ആഭ്യന്തര വകുപ്പിനു കൈമാറും. അതിനുശേഷം തുടരന്വേഷണം സംബന്ധിച്ചു സർക്കാർ തീരുമാനമെടുക്കും.

അർജന്റീന ഇടപാടിന്റെ മറവിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളിലെ അന്വേഷണം കേന്ദ്ര ഏജൻസിക്കു കൈമാറാനാണു സാധ്യത. പണത്തിന്റെ സ്രോതസ്സ്, വിദേശത്തേക്കുള്ള പണം കൈമാറ്റം, കള്ളപ്പണ ഇടപാട്, നികുതി വെട്ടിപ്പ് തുടങ്ങിയ ക്രമക്കേടുകൾ ഉൾപ്പെട്ടതായാണ് എസ്ഐടി കണ്ടെത്തൽ.

## വിദേശ നിക്ഷേപം: പുതിയ പദ്ധതികളുമായി വ്യവസായ വകുപ്പ്

തിരുവനന്തപുരം: വിദേശനിക്ഷേപങ്ങൾ ആകർഷിക്കാനും പ്രവാസി സംരംഭകൂട്ടായ്മകളെ പ്രയോജനപ്പെടുത്താനും അഞ്ച് നഗരങ്ങളിൽ കേരള ഡെസ്കുകൾ ആരംഭിക്കാൻ വ്യവസായവകുപ്പ് അനുമതി നൽകി. ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്കിയോ എന്നിവിടങ്ങളിലാണ് ഡെസ്കുകൾ ആരംഭിക്കുന്നത്. പ്രവാസികളിൽ നിന്നുള്ള വരുമാനത്തെ കേന്ദ്രീകരിച്ചുള്ള മുൻരീതിക്കു പകരം വ്യവസായ നിക്ഷേപാധിഷ്ഠിത പങ്കാളിത്തത്തിലേക്കുള്ള മാറ്റമാണു ലക്ഷ്യമിടുന്നത്.

സർക്കാരിനു സാമ്പത്തികബാധ്യതയില്ലാതെ, സഹകരണ മാതൃകയിലാണു പദ്ധതി നടപ്പാക്കുക. അതതു നഗരങ്ങളിലെ അംഗീകൃത പ്രവാസി മലയാളി സംഘടനകളുടെ പങ്കാളിത്തത്തോടെയാകും പ്രവർത്തനം. സാങ്കേതികസഹായവും ബ്രാൻഡിങ്ങും വ്യവസായ വികസന കോർപറേഷൻ നൽകും. യോജ്യമായ സംഘടനകളെ കണ്ടെത്താനും ധാരണാപത്രങ്ങൾ അന്തിമമാക്കാനും കോർപറേഷൻ എംഡിയെ ചുമതലപ്പെടുത്തി. പ്രധാന ലക്ഷ്യങ്ങൾ: മലയാളി സംഘടനകളുമായും നിക്ഷേപകരുമായും ബന്ധം സ്ഥാപിക്കുക. നിക്ഷേപ സാധ്യതകൾ കണ്ടെത്തി വ്യവസായ വികസന കോർപറേഷന്റെ കീഴിലുള്ള ‘ഇൻവെസ്റ്റ് കേരളം സെല്ലിലേക്കു’ കൈമാറുക. രാജ്യാന്തര വിപണിയിലെ നിക്ഷേപ പ്രവണതകൾ സർക്കാരിനെ അറിയിക്കുക.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 40
October 05, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D’souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

ചിന്തിക്കാൻ ധൈര്യപ്പെടുക, ചോദ്യങ്ങൾ ചോദിക്കുക.

**സോക്രട്ടീസ്**

അറിവിനേക്കാൾ വലിയൊരു നന്മയുമില്ല.

**പ്ലേറ്റോ**



TRUE LIGHT
CHRISTIAN ASSEMBLY
YOUTH PASTOR
NEEDED!
HOUSTON, TX
True Light Christian Assembly (TLCA) is seeking a dynamic and committed Youth Pastor with a genuine passion for mentoring and discipling the next generation.
QUALIFICATIONS
A bachelor's or higher degree in Theology
Currently reside in the USA
Married and Spouse should be supportive and willing to participate in youth ministry
Strong biblical foundation and spiritual maturity
Ability to connect with, mentor, and disciple youth
Willingness to actively engage with youth beyond Sunday services
We are looking for a pastor with a genuine heart to serve, build meaningful relationships, and invest in the spiritual growth of our young people.
If you believe you are the right candidate and feel called to this ministry, please apply by submitting your resume and references to:
pastorsearch@tlcachurch.org
DEADLINE TO SUBMIT:
OCTOBER 19, 2026
ANTICIPATED START DATE:
LATE SUMMER 2027
For more information, visit our website:
tlcachurch.org
TRUE LIGHT CHRISTIAN ASSEMBLY (TLCA)
5115 FM 521, Rosharon, Texas 77583




MEDICARE PLANS
MADE SIMPLE
Your Medicare Questions
Answered Your Benefits Explained
✓ Medicare Part B Premium Refund
✓ $0 PPO Plans
✓ Prescription Drug Coverage
✓ Dental, Vision & Hearing
✓ Worldwide Coverage
✓ Free Gym Coverage
✓ Extra Supplement Benefits
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
rsurendran007@gmail.com




nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ഒരു രാജ്യം, ഒരു തെരഞ്ഞടുപ്പ്

ഇന്ത്യയിൽ വീണ്ടും ശക്തമായി ഉയരുന്ന രാഷ്ട്രീയ-ഭരണഘടനാ ചർച്ചയാണ് 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്'. ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ ഒരേ കാലയളവിൽ നടത്തുക എന്നതാണ് ഇതിന്റെ അടിസ്ഥാന ആശയം. ഇടയ്ക്കിടെ നടക്കുന്ന തെരഞ്ഞെടുപ്പുകളുടെ ചെലവ് കുറയ്ക്കുക, ഭരണസംവിധാനത്തിന്റെ തുടർച്ച ഉറപ്പാക്കുക, മാതൃകാ പെരുമാറ്റച്ചട്ടം പലതവണ പ്രാബല്യത്തിൽ വരുന്നതുമൂലം ഉണ്ടാകുന്ന ഭരണതടസ്സങ്ങൾ ഒഴിവാക്കുക തുടങ്ങിയ വാദങ്ങളാണ് ആശയത്തെ പിന്തുണയ്ക്കുന്നവർ മുന്നോട്ടുവെക്കുന്നത്. അതേസമയം, ഇന്ത്യ പോലുള്ള ബഹുസ്വരവും ഫെഡറൽ സ്വഭാവവുമുള്ള രാജ്യത്ത് ലോക്സഭയുടെയും സംസ്ഥാന നിയമസഭകളുടെയും ജനവിധികളെ ഒരേ തെരഞ്ഞെടുപ്പ് ചക്രത്തിൽ ബന്ധിപ്പിക്കുന്നത് സംസ്ഥാനങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തെയും സർക്കാരുകളുടെ ജനങ്ങളോടുള്ള ഉത്തരവാദിത്തത്തെയും ബാധിക്കുമോ എന്ന ചോദ്യവും ഉയരുന്നു. അതുകൊണ്ട് ഇത് വെറും തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെ പരിഷ്കാരമല്ല; ഭരണഘടനയുടെ ഘടനയുമായി ബന്ധപ്പെട്ട വിഷയമാണ്.

ഇപ്പോൾ ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത സമയങ്ങളിലാണ് നിയമസഭാ തെരഞ്ഞെടുപ്പുകൾ നടക്കുന്നത്. അതോടൊപ്പം ലോക്സഭാ തെരഞ്ഞെടുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളും നടക്കുന്നു. അതിനാൽ തെരഞ്ഞെടുപ്പ് യന്ത്രം, സുരക്ഷാ സംവിധാനങ്ങൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടികൾ എന്നിവ നിരന്തരം തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടി വരുന്നു. തെരഞ്ഞെടുപ്പ് ചെലവും വലിയ വിഷയമാണ്. കേന്ദ്ര സർക്കാർ നിയോഗിച്ച മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് അദ്ധ്യക്ഷനായ ഉന്നതതല സമിതി ഒരേസമയം തെരഞ്ഞെടുപ്പ് നടത്തുന്നതിലൂടെ ചെലവ് കുറയ്ക്കാനും ഭരണത്തിലെ തടസ്സങ്ങൾ കുറയ്ക്കാനും സ്ഥിരത വർധിപ്പിക്കാനും കഴിയുമെന്ന് വിലയിരുത്തിയിരുന്നു.

ഇന്ത്യയുടെ ഫെഡറൽ സംവിധാനമാണ് ഈ ചർച്ചയിലെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു ഘടകം. അതുപോലെ തന്നെ മറ്റൊരു അടിസ്ഥാന പ്രശ്നം സർക്കാരിന്റെ കാലാവധിയുമായി ബന്ധപ്പെട്ടതാണ്. ഒരു നിയമസഭയ്ക്ക് അഞ്ചുവർഷം പൂർത്തിയാക്കുന്നതിന് മുമ്പ് ഭൂരിപക്ഷം നഷ്ടപ്പെട്ടാൽ എന്തുചെയ്യും? ലോക്സഭ നേരത്തെ പിരിഞ്ഞാൽ എന്തു ചെയ്യും? ഒരു സംസ്ഥാനത്ത് രാഷ്ട്രീയ പ്രതിസന്ധി ഉണ്ടാകുമ്പോൾ ജനങ്ങൾക്ക് പുതിയ സർക്കാർ തെരഞ്ഞെടുക്കാനുള്ള അവകാശം എങ്ങനെ സംരക്ഷിക്കും? നിർദ്ദേശിക്കപ്പെട്ട സംവിധാനത്തിൽ ഇത്തരം സാഹചര്യങ്ങൾക്ക് ശേഷിക്കുന്ന കാലയളവിലേക്ക് മാത്രം തെരഞ്ഞെടുപ്പ് നടത്താനുള്ള വ്യവസ്ഥയുണ്ട്. എന്നാൽ നിയമത്തിലെ വ്യവസ്ഥ മാത്രം മതിയാകില്ല; അതിന്റെ പ്രായോഗിക പ്രവർത്തനവും ജനാധിപത്യപരമായ പ്രത്യാഘാതങ്ങളും വിശദമായി പരിശോധിക്കേണ്ടതുണ്ട്.

'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയത്തെക്കുറിച്ചുള്ള ചർച്ചയിൽ രാഷ്ട്രീയ പക്ഷപാതം ഒഴിവാക്കേണ്ടതും അത്യാവശ്യമാണ്. ഇത് ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ മാത്രം വിഷയം എന്ന രീതിയിൽ കാണുന്നത് ശരിയല്ല. ഒരുകാലത്ത് ഒരുമിച്ചുള്ള തെരഞ്ഞെടുപ്പുകൾ ഇന്ത്യയിൽ നടന്നിട്ടുണ്ടെന്നത് ചരിത്രപരമായ വസ്തുതയാണ്. ഇന്ത്യയുടെ ശക്തി അതിന്റെ വലുപ്പത്തിൽ മാത്രമല്ല; അതിന്റെ വൈവിധ്യത്തിലാണ്. ഒരു ഭാഷയല്ല, അനേകം ഭാഷകൾ, ഒരു രാഷ്ട്രീയ സംസ്കാരമല്ല, വിവിധ രാഷ്ട്രീയ സംസ്കാരങ്ങൾ. ഒരു വികസന മാതൃകയല്ല, വിവിധ സംസ്ഥാനങ്ങളുടെ വ്യത്യസ്ത അനുഭവങ്ങൾ. അതുകൊണ്ടാണ് ഇന്ത്യയുടെ ജനാധിപത്യം ഒരു കേന്ദ്ര തെരഞ്ഞെടുപ്പിൽ ഒതുങ്ങാത്തത്.

അവസാനം, 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന മുദ്രാവാക്യത്തേക്കാൾ പ്രധാനമാണ് 'ഒരു രാജ്യം, ശക്തമായ ജനാധിപത്യം' എന്ന ലക്ഷ്യം. തെരഞ്ഞെടുപ്പുകളുടെ എണ്ണം കുറയ്ക്കുന്നതാണോ ജനാധിപത്യത്തിന്റെ കാര്യക്ഷമതയുടെ അളവുകോൽ, അതോ ഓരോ തലത്തിലുള്ള സർക്കാരിനെയും ജനങ്ങൾ ആവശ്യമായ സമയത്ത് വിലയിരുത്താൻ കഴിയുന്നതാണോ - ഇതാണ് ഇന്ത്യ ആലോചിക്കേണ്ടത്. ഒരു രാജ്യം എന്നത് ഒരേ ഭരണരീതി എന്നല്ല. ഒരേ ഭരണഘടനയുടെ കീഴിൽ വ്യത്യസ്ത സംസ്ഥാനങ്ങൾക്കും ജനങ്ങൾക്കും അവരുടെ സ്വന്തം രാഷ്ട്രീയ ശബ്ദം ഉണ്ടാകുന്നതാണ് ഇന്ത്യയുടെ പ്രത്യേകത. തെരഞ്ഞെടുപ്പുകൾ ഒരുമിപ്പിക്കണമെങ്കിൽ അതിനൊപ്പം ജനവിധികളുടെ വ്യത്യസ്തതയും സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ സ്വാതന്ത്ര്യവും സംരക്ഷിക്കുന്ന ഉറപ്പുകളും വേണം. തെരഞ്ഞെടുപ്പ് കുറയ്ക്കുക എന്നതല്ല ജനാധിപത്യ പരിഷ്കാരത്തിന്റെ അന്തിന ലക്ഷ്യം. ജനങ്ങളുടെ ശബ്ദം കൂടുതൽ വ്യക്തമായി, കൂടുതൽ സുതാര്യമായി, കൂടുതൽ വിശ്വാസത്തോടെ ഭരണത്തിലേക്ക് എത്തിക്കുക എന്നതാണ് ലക്ഷ്യം. അതിനാൽ 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ചർച്ചയ്ക്ക് ആവശ്യം മുദ്രാവാക്യങ്ങളല്ല; ആഴത്തിലുള്ള ഭരണഘടനാ സംവാദമാണ്. രാഷ്ട്രീയ പാർട്ടികൾ മാത്രം സംസാരിക്കുന്ന ചർച്ചയുമാകരുത് അത്. സംസ്ഥാന സർക്കാരുകൾ, ഭരണഘടനാ വിദഗ്ധർ, തെരഞ്ഞെടുപ്പ് വിദഗ്ധർ, സാമ്പത്തിക വിദഗ്ധർ, സിവിൽ സമൂഹം, സാധാരണ വോട്ടർമാർ എന്നിവരുടെ അഭിപ്രായങ്ങളും അതിൽ കേൾക്കണം. രാജ്യം ഒന്നാണ്. ജനാധിപത്യവും ഒന്നാണ്. പക്ഷേ, ജനങ്ങളുടെ ശബ്ദങ്ങൾ പലതാണ്. ആ പല ശബ്ദങ്ങളും ഒരുമിച്ച് കേൾക്കാൻ കഴിയുന്ന സംവിധാനമാണ് ഇന്ത്യയുടെ യഥാർത്ഥ ശക്തി. അതുകൊണ്ട് തെരഞ്ഞെടുപ്പുകൾ ഒരുമിപ്പിക്കുന്നതിന് മുമ്പ്, ജനാധിപത്യത്തിന്റെ വൈവിധ്യം സംരക്ഷിക്കാനുള്ള ഉറപ്പ് ഉറപ്പാക്കുകയാണ് വേണ്ടത്.

## എസ്ഐആർ: കൂടുതൽ തിരുത്തലുകളുമായി കമ്മീഷൻ

ന്യൂഡൽഹി: എസ്ഐആർ (സമഗ്ര വോട്ടർപട്ടിക പരിഷ്കരണം) കഴിഞ്ഞ കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ വോട്ടർപട്ടികയ്ക്കു പുറത്തുപോയ അർഹരായ വോട്ടർമാരെ കൂട്ടിച്ചേർക്കാൻ ഇനി ബിഎൽഒമാർ (ബൂത്ത് ലെവൽ ഓഫീസർ) വീടുകളിലെത്തും.

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതു സംബന്ധിച്ച ഉത്തരവിറക്കി. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷൻ ഗ്യാനേഷ്കുമാറിനെതിരെ ഉയർന്ന ആരോപണങ്ങൾക്കു പിന്നാലെയാണ് ഇതടക്കമുള്ള അടിയന്തരനടപടികൾ പ്രഖ്യാപിച്ചത്. പുറത്തുപോയവർക്കു പുറമേ അർഹരായ പുതിയ വോട്ടർമാരെയും ഉൾപ്പെടുത്തും.

എസ്ഐആർ കഴിഞ്ഞ സംസ്ഥാനങ്ങളിൽ പഴയതും പുതിയതുമായ വോട്ടർപട്ടികകൾ ബിഎൽഒമാർ താരതമ്യം ചെയ്യണം. ഇതിൽനിന്ന് പുറത്തായ അർഹരായവരെ കണ്ടെത്താൻ ബിഎൽഒമാർ വീടുകൾ കയറും. ഒരാഴ്ച 20 മുതൽ 25 പേരെ ഇത്തരത്തിൽ കണ്ടെത്തണം. ഒരു മാസത്തിനുള്ളിൽ പ്രക്രിയ പൂർത്തിയാക്കണം.

അർഹരായവരിൽനിന്ന് പുതിയ വോട്ടറാകാനുള്ള 'ഫോറം 6' അപേക്ഷ സ്വീകരിക്കണം. സുതാര്യത ഉറപ്പാക്കാനായി പട്ടിക പാർട്ടികളുടെ ബൂത്ത് ലെവൽ ഏജന്റുമാരുമായും (ബിഎൽഎ) പങ്കുവയ്ക്കും.

ഇതുവരെ ഇന്ത്യയിൽ നടന്ന എസ്ഐആറിന്റെ കരടുപട്ടിക വഴി പുറത്തായത് 13.3 കോടി വോട്ടർമാരാണ്.

ഇതിൽ 2.08 കോടി വോട്ടർമാർ മരിച്ചുപോയവരാണ്. 1.01 കോടി പേരുടേത് ഒന്നിലേറെ വോട്ടുകളുള്ളതിന്റെ പേരിൽ നീക്കിയത്. ഫലത്തിൽ ബാക്കി 9.5 കോടിയാളുകളുടെ വോട്ടുകളാണ് സ്ഥലംമാറ്റം അടക്കമുള്ള കാരണങ്ങളാൽ നീക്കിയത്. ഈ 9.5 കോടിയാളുകളെയാണ് ബിഎൽഒമാർ കണ്ടെത്തേണ്ടത്. ഇവരിൽ കുറെപ്പേരെങ്കിലും പുതിയ വോട്ടറായി ഇതിനകം ചേർന്നിട്ടുണ്ടാകും. ബാക്കിയുള്ളവരെ ചേർക്കാനുള്ള ശ്രമമാണ് ബിഎൽഒ നടത്തേണ്ടത്.

## വോട്ടുവെട്ടലിനെതിരെ അതൃപ്തി പ്രകടിപ്പിച്ച് ജസ്റ്റിസ് ഭുയാൻ

ഹൈദരാബാദ്: വലിയൊരു വിഭാഗത്തിന്റെ വോട്ടവകാശം കവർന്നെടുക്കുന്ന ഏതൊരു നടപടിയും ഭരണഘടനയ്ക്കു നേരേയുള്ള ആക്രമണമാണെന്ന് സുപ്രീം കോടതി ജസ്റ്റിസ് ഉജ്ജൽ ഭുയാൻ. ഒരു ഭരണകൂടത്തിനും അതിന് അവകാശമില്ല. ഒരു കോടതിക്കും അതു കണ്ടില്ലെന്നു നടിക്കാനുമാകില്ല. മരിച്ചവരുടെ കേസിലൊഴികെ വോട്ടർ പട്ടികയിൽ ഒരിക്കൽ പേരു ചേർക്കപ്പെട്ട ഒരു വോട്ടറുടെ പേര് നോട്ടീസോ വിചാരണയോ കൂടാതെ ഒഴിവാക്കാൻ കഴിയില്ല. വോട്ടവകാശമില്ലാത്ത ഒരു പൗരന്റെ മൂല്യം എന്താണെന്നും അദ്ദേഹം ചോദിച്ചു.



തീവ്ര വോട്ടർ പട്ടിക പരിഷ്കരണ (എസ്.ഐ.ആർ) ത്തിലൂടെ കോടിക്കണക്കിനു വോട്ടർമാർ ജനാധിപത്യ പ്രക്രിയയിൽനിന്നു പുറത്തായതു വൻവിവാദമായതിനു പിന്നാലെയാണു പരമോന്നത നീതിപീഠത്തിലെ ന്യായാധിപൻതന്നെ വിമർശനവുമായി രംഗത്തെത്തിയത്. മുമ്പ് ചാൻസലറായിരുന്ന നൽസാർ ലോ യൂണിവേഴ്സിറ്റിയിൽ നടന്ന 19-ാമത് നൽസാർ-ജസ്റ്റിസ് ബി.ആർ. സാവ്നി മെമ്മോറിയൽ മൂട്ട് കോർട്ട് മത്സരത്തിന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ജസ്റ്റിസ് ഭുയാൻ. ഭരണാധിപരെയോ വ്യക്തികളെയോ പാർട്ടികളെയോ പേരെടുത്തു പരാമർശിക്കാതെയായിരുന്നു വിമർശനം.

ഇന്ത്യൻ ഭരണഘടനയിൽ രണ്ടുതരം പൗരന്മാരെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. പൗരന്മാരെ വോട്ടവകാശമുള്ളവർ, ഇല്ലാത്തവർ എന്നു വേർതിരിക്കുന്നില്ല. ഏതെങ്കിലും ഒരു പ്രക്രിയ ലക്ഷക്കണക്കിന് ആളുകളുടെ വോട്ടവകാശം നഷ്ടപ്പെടുത്തുന്നതിലേക്ക് നയിക്കുകയും സ്വന്തം രാജ്യത്ത് വോട്ടവകാശമില്ലാത്തവർ എന്ന നിലയിൽ അവരെ രണ്ടാംകിട പൗരന്മാരാക്കുകയും ചെയ്യുന്നെങ്കിൽ അത്തരം നടപടി സ്വാഭാവികമായും സ്വേച്ഛാധിപത്യപരമാണ്. വാദകോലാഹലങ്ങൾ നിരത്തി എതിനെ ന്യായീകരിക്കാനാകില്ല. അത് ഭരണഘടനയുടെ അന്തഃസത്തയ്ക്കുതന്നെ മുറിവേൽപ്പിക്കുന്നതാണ്- അദ്ദേഹം പറഞ്ഞു.

സമത്വത്തിനുള്ള അവകാശവും സാർവത്രിക പ്രായപൂർത്തി വോട്ടവകാശവും ഉറപ്പാക്കുന്ന ഭരണഘടനാതത്വങ്ങളുടെ ലംഘനമാണിതെന്ന് ജസ്റ്റിസ് ഭുയാൻ ഓർമിപ്പിച്ചു. പൗരന്റെ വ്യക്തിത്വത്തിൽനിന്ന് വോട്ടവകാശത്തെയോ വോട്ടർ പട്ടികയിൽ ഉൾപ്പെടാനുള്ള അവകാശത്തെയോ വേർപെടുത്താനാകില്ല. അത് ശരീരത്തിൽനിന്ന് ആത്മാവിനെ വേർപെടുത്തുന്നതിനു തുല്യമായിരിക്കും- ജസ്റ്റിസ് ഭുയാൻ പറഞ്ഞു.

ഇന്ത്യൻ പൗരന്മാരുടെ വോട്ടവകാശം വിദേശ ഭരണത്തിനെതിരായ വർഷങ്ങൾ നീണ്ട പോരാട്ടവുമായി ഇഴപിരിക്കാനാകാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു. ഏറെ പോരാട്ടങ്ങൾക്കും ത്യാഗങ്ങൾക്കും ശേഷം നാം നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ ബാക്കിപത്രങ്ങളിലൊന്നാണത്. ആർട്ടിക്കിൾ 326-ൽ യാതൊരുവിധ മാറ്റങ്ങളും വരുത്താനാകില്ല. ഒരു ഭരണാധികാരിക്കും അത് ചെയ്യാൻകഴിയില്ല. ഒരു കോടതിക്കും അത് കണ്ടില്ലെന്ന് നടിക്കാനും. എല്ലാറ്റിനും മുകളിലാണു ഭരണഘടനയുടെ സ്ഥാനം. വോട്ട് ചെയ്യുകയെന്നത് മൗലികാവകാശമല്ലെന്നു സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. പക്ഷേ, അത് ഒരു ഭരണഘടനാ അവകാശമായി അംഗീകരിച്ചിട്ടുണ്ട്. അതിനാൽ വോട്ട് രേഖപ്പെടുത്താനുള്ള അവകാശം ഭരണഘടനയുടെ ആധാരശിലകളിലൊന്നാണ്- ജസ്റ്റിസ് ഭുയാൻ കൂട്ടിച്ചേർത്തു.

## ചൈനയുമായുള്ള അതിർത്തിയിലെ സ്ഥലങ്ങൾക്ക് പേരുനൽകി ഇന്ത്യ

ന്യൂഡൽഹി: ലഡാക്കിൽ ചൈനീസ് അതിർത്തിയോടു ചേർന്നു കിടക്കുന്ന വിവിധ സ്ഥലങ്ങൾക്കും ഭൂപ്രകൃതികൾക്കും കേന്ദ്രസർക്കാർ ഔദ്യോഗിക പേരുകൾ നൽകി. 28 സ്ഥലങ്ങൾക്ക് നൽകിയ പേരുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ഭൂപടം സർവേ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചു. പല സ്ഥലങ്ങളും തങ്ങളുടേതാണെന്നു ചൈന അവകാശപ്പെടുകയും അവയ്ക്കു പ്രത്യേകം പേരുകൾ നൽകുകയും ചെയ്യുന്നതിനിടെയാണ് ഇന്ത്യയുടെ നീക്കം.

അക്സായ് ചിൻ, ഹോട്ട് സ്പ്രിങ് മേഖലകളിലെ ഉൾപ്പെടെ മലനിര, കൊടുമുടി, താഴ്വര, ജലാശയം, നദി എന്നിവയ്ക്കെല്ലാം പുതിയ ഔദ്യോഗിക പേരുകൾ നൽകിയിട്ടുണ്ട്. അരനൂറ്റാണ്ടിലേറെയായി ചൈനീസ് നിയന്ത്രണത്തിലാണ് അക്സായ് ചിൻ മേഖലയെങ്കിലും ഈ പ്രദേശം തങ്ങളുടേതാണെന്ന് ഇന്ത്യ പലതവണ വ്യക്തമാക്കിയിരുന്നു.

ചൈന നിർമിച്ച ജി219 ഹൈവേയ്ക്കു കിഴക്കുള്ള തടാകത്തിനു ഗുരുറിംപോച്ചെ എന്നാണു പേരു നൽകിയിരിക്കുന്നത്. ഇതേ ഹൈവേയിലെ ഒരു ഭാഗത്തിനു കുമാരായന പോയിന്റ് എന്നു പേരു നൽകി. ടിബറ്റിനെ സിൻജിയാങ്ങുമായി ബന്ധിപ്പിക്കുന്ന ഈ പാത അക്സായ് ചിൻ മേഖലയിലൂടെയാണു കടന്നുപോകുന്നത്. ചൈനയുടെ സൈനിക നീക്കങ്ങൾക്കു പ്രധാനമാണ് ഈ പാത.

ഡെപ്സാങ് താഴ്വരയുടെ കിഴക്കു ഭാഗത്തുള്ള മലയ്ക്കു 'മഹേശ്വര പീക്ക്' എന്നാണു പേര്. യഥാർത്ഥ നിയന്ത്രണ രേഖയിൽ (എൽഎസി) ഇന്ത്യൻ പ്രദേശത്തുള്ള സ്ഥലമാണു ഡെപ്സാങ്. കാരക്കോറം മലനിരകൾക്ക് അപ്പുറം ചൈനീസ് അധീനതയിലുള്ള പ്രദേശത്തിനു ബ്രങ്സ എന്നാണ് ഇനി ഔദ്യോഗിക പേര്. നേരത്തെ അരുണാചൽ പ്രദേശിലെ തർക്ക സ്ഥലങ്ങൾക്ക് ചൈന വിവിധ പേരുകൾ നൽകിയത് ഇന്ത്യ തള്ളിയിരുന്നു.


JV BUILT
GENERAL CONTRACTOR
BUILT ON TRUST.
FOCUSED ON QUALITY.
From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.
RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES
OUR EXPERTISE
WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.
FLOORING
Durable. Stylish. Built to last. Installed right.
ROOFING
Quality roofing that protects what matters most.
PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.
630-544-7951
jvbuilt1@gmail.com
Proudly Serving the Chicago Land Area
BUILDING TRUST. DELIVERING EXCELLENCE.
ONE CONTRACTOR. COMPLETE SOLUTIONS.
Remodeling • Additions • Repairs • Maintenance • And More


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

# ഡൽഹിയിലെ ബലാത്സംഗ കേസുകൾ: സുപ്രീംകോടതി സ്വമേധയാ കേസെടുത്തു

ന്യൂഡൽഹി: ഒരു മാസത്തിനിടെ ഡൽഹിയിലും സമീപപ്രദേശങ്ങളിലും നടന്ന ബലാത്സംഗ കേസുകളിൽ സ്വമേധയാ കേസെടുത്ത് സുപ്രീംകോടതി. അടുത്ത കാലത്തു റിപ്പോർട്ട് ചെയ്ത ക്രൂരമായ കൂട്ടമാനഭംഗ സംഭവങ്ങൾക്ക് 2012-ലെ നിർഭയ കേസുമായി 'വേദനാജനകമായ സാമ്യങ്ങൾ' ഉണ്ടെന്നും കോടതി നിരീക്ഷിച്ചു.

ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത് നിയമപാലകരുടെയും ഭരണസംവിധാനങ്ങളുടെയും ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്നും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിൽ അധികാരികൾ പൂർണ ഉത്തരവാദിത്വം ഏറ്റെടുക്കണമെന്നും ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

സൗത്ത് ഡൽഹിയിലെ ഒരു പാർക്കിൽ പോലീസുകാരായി ചമഞ്ഞെത്തിയ മൂന്നംഗ സംഘം 17-കാരിയെ കൂട്ടബലാത്സംഗം ചെയ്ത സംഭവവും ഉത്തർപ്രദേശിൽനിന്നുള്ള 16-കാരിയായ പ്ലസ്‌വൺ വിദ്യാർഥിനിയെ ആളൊഴിഞ്ഞ സ്ലീപ്പർ ബസിൽ ഡ്രൈവറും കണ്ടക്ടറും ചേർന്നു പീഡിപ്പിച്ച സംഭവവും ശ്രദ്ധയിൽപ്പെട്ടതോടെയാണു സുപ്രീംകോടതി സ്വമേധയാ കേസെടുത്തത്.

കേവലം അനുതാപം പ്രകടിപ്പിച്ചതുകൊണ്ടുമാത്രം കാര്യമായില്ലെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ കൃത്യമായ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണെന്നും കോടതി വ്യക്തമാക്കി.

ഇന്ത്യയെ ഞെട്ടിച്ച നിർഭയ സംഭവത്തിനുശേഷവും നിയമപാലന സംവിധാനത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോയെന്ന ചോദ്യവും കേസ് പരിഗണിക്കുന്നതിനിടെ കോടതി ചോദിച്ചു.

ഭരണഘടനയുടെ 21-ാം അനുച്ഛേദപ്രകാരം, അന്തസോടെ ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ് അക്രമഭയമില്ലാതെ ജീവിക്കുക എന്നത്. വേണ്ടത്ര വെളിച്ചമില്ലായ്മയും മോശം നിരീക്ഷണ സംവിധാനങ്ങളും കാരണം റോഡുകളും പാർക്കുകളും ബസുകളും മെട്രോ സ്റ്റേഷനുകളും ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങൾ ഉയർന്ന അപകടസാധ്യതയുള്ള മേഖലകളായി മാറാൻ അനുവദിക്കാനാകില്ലെന്നും കോടതി വ്യക്തമാക്കി.

പെൺകുട്ടികൾ ബലാത്സംഗത്തിനിരയായപ്പോൾ പാർക്കുകളിൽ ആവശ്യമായ വെളിച്ചമോ നിരീക്ഷണ സംവിധാനമോ ഉണ്ടായിരുന്നില്ലെന്നു കണ്ടെത്തിയിരുന്നു. കൂടാതെ, ബസുകളിൽ ഒരുക്കിയിട്ടുള്ള സുരക്ഷാ മുൻകരുതലുകൾക്കെതിരേ വ്യാപക ചോദ്യവും ഉയർന്നിട്ടുണ്ട്. കഴിഞ്ഞ ഒരു മാസത്തിൽ ഡൽഹിയിലും സമീപ പ്രദേശത്തുമായി കുറഞ്ഞത് 13 ബലാത്സംഗ, ലൈംഗിക അതിക്രമ കേസുകൾ റിപ്പോർട്ട് ചെയ്തതായാണു കണക്കുകൾ സൂചിപ്പിക്കുന്നത്.

## സ്വകാര്യ ആശുപത്രികളിലെ ചികിത്സാച്ചെലവ് നിയന്ത്രിക്കാൻ സർക്കാർ നിയമം വരുന്നു

തിരുവനന്തപുരം: സ്വകാര്യ ആശുപത്രികളിലെ അമിത ചികിത്സാച്ചെലവിനു നിയന്ത്രണമേർപ്പെടുത്താൻ കേരള സർക്കാർ നിയമനിർമാണത്തിന് ഒരുങ്ങുന്നു. രോഗികളിൽനിന്ന് അമിത നിരക്ക് ഈടാക്കുന്നതും ചികിത്സാച്ചെലവിലെ സുതാര്യതയില്ലായ്മയും തടയുന്നതിനായി പുതിയ നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചു. ഇതിന്റെ ഭാഗമായി നിയമസഭയിൽ അവതരിപ്പിക്കേണ്ട ബില്ലിന്റെ കരട് തയാറാക്കുന്നതിനായി നാലംഗ സമിതി രൂപവത്കരിക്കുമെന്നു മന്ത്രി കെ. മുരളീധരൻ പറഞ്ഞു.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള സമിതിയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, കെഎംഎസ്‌സിഎൽ മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളായിരിക്കും. സ്വകാര്യ ആശുപത്രി മേഖലയുമായും മറ്റു ബന്ധപ്പെട്ട വിഭാഗങ്ങളുമായും കൂടിയാലോചിച്ചു ചികിത്സാച്ചെലവു കുറയ്ക്കുന്നതിനും ചികിത്സയുടെ ഗുണനിലവാരം, സുതാര്യത, രോഗികളുടെ സുരക്ഷ, സേവനങ്ങളുടെ ലഭ്യത എന്നിവ മെച്ചപ്പെടുത്തുന്നതിനുമുള്ള ശിപാർശകൾ സമർപ്പിക്കാനാണ് കമ്മിറ്റിക്കു നിർദേശം നൽകിയിട്ടുള്ളത്. രോഗികൾക്കു ചികിത്സ ആരംഭിക്കുന്നതിനു മുമ്പു പ്രതീക്ഷിക്കാവുന്ന ചെലവു വ്യക്തമാക്കുക, ബില്ലിൽ ഓരോ ഇനത്തിന്റെയും നിരക്ക് വ്യക്തമായി രേഖപ്പെടുത്തുക, മരുന്നുകളുടെ വിലയിൽ സുതാര്യത ഉറപ്പാക്കുക തുടങ്ങിയ കാര്യങ്ങൾ സ്വകാര്യ ആശുപത്രികളിൽ ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ സ്വകാര്യ ആശുപത്രികളിൽ രോഗികൾക്കു നൽകുന്ന മരുന്നുകൾ എംആർപിയെക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം. ആശുപത്രികൾ മരുന്നുകൾ വാങ്ങുന്ന വിലയും രോഗികളിൽനിന്ന് ഈടാക്കുന്ന വിലയും സംബന്ധിച്ച സുതാര്യത ഉറപ്പാക്കുന്നതിനുള്ള സംവിധാനവും പരിശോധിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

## നടൻ സുധിയുടെ അപകട മരണം: ആശ്രിതർക്ക് 1.77 കോടി നഷ്ടപരിഹാരം



കോട്ടയം: വാഹനാപകടത്തിൽ മരിച്ച നടൻ കൊല്ലം സുധിയുടെ ആശ്രിതർക്ക് 1.77 കോടിയോളം രൂപ നഷ്ടപരിഹാരം നൽകാൻ കോട്ടയം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ (എംഎസിടി) ഉത്തരവ്. 1,41,09,840 രൂപയാണ് ട്രൈബ്യൂണൽ വിധിച്ചത്. കേസ് ഫയൽ ചെയ്ത ദിവസം മുതൽ തുക കെട്ടിവെക്കുന്ന നാൾ വരെ 8.5 ശതമാനം പലിശയും ഉൾപ്പെടെ ചേരുമ്പോഴാണ് ആകെത്തുക 1.77 കോടി രൂപയോളമായി ഉയരുന്നത്.

കോട്ടയം എംഎസിടി ജഡ്ജി പ്രസൂൺ മോഹനാണ് ഉത്തരവിട്ടത്. കേസിൽ മൂന്നാം എതിർകക്ഷിയായ ഇൻഷുറൻസ് കമ്പനിയാണ് 30 ദിവസത്തിനകം തുക കോടതിയിൽ കെട്ടിവെക്കേണ്ടത്.

സിനിമ, ടിവി-സ്റ്റേജ് ഷോകൾ എന്നിവയിൽ സജീവമായിരുന്നപ്പോഴാണ് സുധി മരിച്ചതെന്നതും കുടുംബത്തിന്റെ സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്താണ് ഉയർന്ന തുക നഷ്ടപരിഹാരമായി വിധിച്ചത്. തുക സുധിയുടെ അമ്മയ്ക്കും ഭാര്യയ്ക്കും രണ്ട് മക്കൾക്കും ലഭിക്കും.

2023 ജൂൺ അഞ്ചിനു പുലർച്ചെ തൃശ്ശൂർ കയ്പമംഗലം പനമ്പിക്കുന്നിലായിരുന്നു അപകടം. ഹർജിക്കാർക്കു വേണ്ടി എ.ആർ. കലേഷ് കുമാർ, കെ.എസ്. ഹർഷന എന്നിവർ ഹാജരായി.

## പുതുയുഗ ശുചിത്വ കേരളം പദ്ധതിക്ക് തുടക്കമായി

തിരുവനന്തപുരം: കേരളത്തെ 2031 മാർച്ച് 31-ന് അകം സമ്പൂർണ മാലിന്യമുക്തമാക്കാൻ ലക്ഷ്യമിടുന്ന 'നിർമലം - പുതുയുഗ ശുചിത്വ കേരളം' പദ്ധതിക്ക് തുടക്കം. എറണാകുളം നോർത്ത് പറവൂർ സണ്ണി കൺവൻഷൻ സെന്ററിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ പദ്ധതി ഉദ്ഘാടനം ചെയ്യുമെന്ന് മന്ത്രി കെ.എം. ഷാജി അറിയിച്ചു. 20,999 വാർഡുകളിൽ ഓരോ സ്ഥലം വീതം മാതൃകാപരമായി ശുചീകരിച്ച ഇടങ്ങളാക്കുമെന്നും മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും മാതൃകാ മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

വൃത്തിയുള്ള പൊതു ഇടങ്ങളും ശുദ്ധമായ ജലാശയങ്ങളും ഉറപ്പാക്കുക, ഉത്തരവാദിത്തമുള്ള മാലിന്യപരിപാലനം ജീവിതശൈലിയാക്കുക, മാലിന്യം ഉണ്ടാകുന്നതു മുതൽ സംസ്കരണം വരെ മുഴുവൻ ഘട്ടങ്ങളും കുറ്റമറ്റ രീതിയിൽ ഡിജിറ്റലായി നിരീക്ഷിക്കുക തുടങ്ങിയവ ഉൾക്കൊള്ളുന്ന പദ്ധതി ശുചിത്വമിഷൻ ഏകോപിപ്പിക്കും.

ഹ്രസ്വകാലം: 30 ശതമാനം വീടുകൾക്കും സ്ഥാപനങ്ങൾക്കും ജൈവമാലിന്യ സംസ്കരണ സംവിധാനം, വൻകിട മാലിന്യങ്ങൾ ഉണ്ടാക്കുന്ന 20 ശതമാനം സ്ഥാപനങ്ങളിൽ ഉറവിട സംസ്കരണം, 100 തദ്ദേശ സ്ഥാപനങ്ങളിൽ സമ്പൂർണ ജൈവമാലിന്യ സംസ്കരണം, അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം 100 ശതമാനമാക്കൽ, കെട്ടിടാവശിഷ്ടങ്ങൾ ശേഖരിക്കാൻ സംവിധാനം, രണ്ട് പുതിയ സംസ്കരണ പ്ലാന്റുകളുടെ പ്രാരംഭപ്രവർത്തനം.

മധ്യകാലം: 70 ശതമാനം വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണം, 500 തദ്ദേശ സ്ഥാപനങ്ങളിൽ സമ്പൂർണ ജൈവമാലിന്യ സംസ്കരണം, പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലും സ്വകാര്യ നിക്ഷേപത്തിലൂടെയും പുതിയ റീസൈക്ലിങ് പ്ലാന്റുകളും ആർഡിഎഫ് പ്ലാന്റുകളും, 100 ശതമാനം ഇ-മാലിന്യശേഖരണം ഉറപ്പാക്കി അത്യാധുനിക ഇ-മാലിന്യസംസ്കരണ പ്ലാന്റ്, സാനിറ്ററി മാലിന്യത്തിന്റെ 60 ശതമാനം സംസ്കരണം ഉറപ്പാക്കി നാല് പ്ലാന്റുകൾ.

ദീർഘകാലം: കെട്ടിടംപൊളിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് പൂർണതോതിൽ, സാനിറ്ററി ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ സംസ്കരണം 100 ശതമാനം ആക്കൽ. കാർബൺ ക്രെഡിറ്റ്, സുസ്ഥിര വികസനലക്ഷ്യങ്ങൾ.







# ചിക്കാഗോയിൽ അന്തരിച്ച അന്ന ലൂക്കാ തോട്ടപ്പുറത്തിന്റെ സംസ്കാരം ഒക്ടോബർ 7–ന് ബുധനാഴ്ച



ചിക്കാഗോ: ചിക്കാഗോയിൽ അന്തരിച്ച കട്ടച്ചിറ തോട്ടപ്പുറം പരേതനായ കോര ലൂക്കായുടെ ഭാര്യ അന്ന ലൂക്കായുടെ (94) സംസ്കാരം ഒക്ടോബർ 7-ന് ബുധനാഴ്ച നടത്തപ്പെടും. മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ പൊതുദർശനം.

**Memorial Mass:**

Monday October 5, 2026 (10/5/26) at 7.00 PM

**Funeral Service:**

Wednesday, October 7, 2026 (10/7/26)

7.00 AM to 8.00 AM (Family Viewing)

8.00 AM to 10.00 AM (Public Viewing)

10.00 AM–ന് ദിവ്യബലിയും പ്രാർത്ഥനാ ശുശ്രൂഷകളും. തുടർന്ന് നൈൽസിലുള്ള മേരിഹിൽ സെമിത്തേരിയിൽ സംസ്കാരം നടക്കും.

പരേത അരീക്കര പരപ്പനാട്ട് കുടുംബാംഗമാണ്.

**മക്കൾ**: ചിക്കാഗോ കെ.സി.എസ് മുൻ പ്രസിഡണ്ട് ജോർജ് തോട്ടപ്പുറം & ലിസി കുന്നത്തുകിഴക്കേതിൽ, (ഏറ്റുമാനൂർ, ചിക്കാഗോ), ജെയിംസ് തോട്ടപ്പുറം & ലൂസി മേക്കാട്ടിൽ, (താമരക്കാട്, ന്യൂയോർക്ക്), ജോസ് തോട്ടപ്പുറം & ബിന്ദു കരികുളം, (കുറുപ്പന്തറ, ചിക്കാഗോ), ജെറിൽ & ജെയ്മോൻ ഐക്കരപ്പറമ്പിൽ (മാഞ്ഞൂർ, ചിക്കാഗോ), സിമി & ബിജി കറത്തേടം (ഏറ്റുമാനൂർ, ചിക്കാഗോ).

**കൊച്ചുമക്കൾ**: വിമൽ & അനീറ്റ (നെയ്ച്ചേരിൽ, ഹൂസ്റ്റൺ), ജോയൽ, നിമ്മി & ആൻസൽ (ന്യൂയോർക്ക്), ജയ്മി, മൈക്കിൾ, അഞ്ജലി, ജോസ്ന, സമൃദ്ധ, ക്രിസ്, മിഷേൽ.



# കുട്ടികളുടെ അവകാശ സംരക്ഷണം: കോടതികൾ സംരക്ഷണ കവചമാകണമെന്നു ഹൈക്കോടതി

കൊച്ചി: കുട്ടികളുടെ അന്തസിനും അവകാശങ്ങൾക്കും നിയമം തടസമാകുന്ന സാഹചര്യങ്ങളിൽ ഭരണഘടനാ കോടതികൾ അവർക്കു സംരക്ഷണകവചമൊരുക്കണമെന്ന് ഹൈക്കോടതി.

മാതാപിതാക്കളുടെ വിവാഹബന്ധത്തിലെ നിയമപരമായ പ്രശ്നങ്ങളും സാഹചര്യങ്ങളുമൊന്നും ഇന്ത്യയുടെ അമൂല്യ സ്വത്തായ കുട്ടികളെ ബാധിക്കരുത്. നിയമത്തിന്റെ നൂലാമാലകൾ കുട്ടിയുടെ അന്തസിനെ മുറിപ്പെടുത്തുമ്പോൾ കോടതികൾ അവർക്കു കവചമാകണമെന്ന് കുമാരനാശാന്റെ 'പരിക്കേറ്റ കുട്ടി' എന്ന കവിതയിലെ 'അരികത്തമ്പോടു വരുന്നുണ്ടമ്മ ഞാൻ...' എന്നുതുടങ്ങുന്ന ചില വരികൾ ഉദ്ധരിച്ച് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ ചൂണ്ടിക്കാട്ടി.

വിവാഹിതരാകാതെ ഒരുമിച്ചുകഴിയുന്ന പങ്കാളികളുടെ മകളുടെ ജനന സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേര് തെറ്റായി രേഖപ്പെടുത്തിയത് തിരുത്താനുള്ള ഉത്തരവിലാണ് കോടതിയുടെ നിരീക്ഷണം. പേരന്റ്സ് പാട്രിയ (രാജ്യത്തിന്റെ രക്ഷിതാവ്) എന്ന കോടതിയുടെ ഈ അധികാരം സംബന്ധിച്ച് കുട്ടികൾ ബോധവാന്മാരാകണമെന്നും വിഷയം സ്കൂൾ പാഠഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സർക്കാർ ഗൗരവമായി പരിഗണിക്കണമെന്നും കോടതി നിർദേശിച്ചു.

ആദ്യ വിവാഹബന്ധം പിരിഞ്ഞ ശേഷം ലിവിംഗ് ഇൻ റിലേഷൻഷിപ്പിൽ കഴിഞ്ഞിരുന്ന പങ്കാളികൾക്ക് കഴിഞ്ഞ ഫെബ്രുവരി നാലിനു ജനിച്ച പെൺകുഞ്ഞിന്റെ ജനന രജിസ്റ്ററിൽ പിതാവിന്റെ സ്ഥാനത്ത് അമ്മയുടെ മുൻ ഭർത്താവിന്റെ പേരാണ് അബദ്ധത്തിൽ രേഖപ്പെടുത്തിയത്. തിരുത്താൻ കൊച്ചി നഗരസഭയെ സമീപിച്ചെങ്കിലും നിയമതടസങ്ങൾ ചൂണ്ടിക്കാട്ടി അപേക്ഷ നിരസിച്ചു. തുടർന്നാണ് പങ്കാളികൾ ഹൈക്കോടതിയെ സമീപിച്ചത്.

നിലവിലെ നിയമപ്രകാരം ഡിഎൻഎ പരിശോധനയിലൂടെ വേണം പിതൃത്വം തെളിയിക്കാൻ. സ്വന്തം മാതാപിതാക്കളെ തെളിയിക്കാൻ ഡിഎൻഎ പരിശോധനയ്ക്കു വിധേയമാകേണ്ടിവരുന്നത് കുട്ടിയെ അപമാനിക്കുന്നതിനു തുല്യമാണെന്ന് കോടതി ചൂണ്ടിക്കാട്ടി. ജനന മരണ രജിസ്ട്രേഷൻ നിയമം കാലോചിതമായി പരിഷ്കരിക്കുന്നതു സംബന്ധിച്ച് സർക്കാരുകൾ ഗൗരവമായി ചിന്തിക്കണമെന്ന് കോടതി നിർദേശിച്ചു.

രക്ഷാകർതൃ തർക്കമില്ലെങ്കിൽ ഡിഎൻഎ പരിശോധന ഒഴിവാക്കുന്നതും പരിഗണിക്കണം.

തുടർന്ന് പിതാവിന്റെ പേര് തിരുത്തി ഒരു മാസത്തിനകം കുട്ടിക്ക് പുതിയ ജനന സർട്ടിഫിക്കറ്റ് നൽകാൻ കൊച്ചി നഗരസഭാ രജിസ്ട്രാർക്ക് കോടതി നിർദേശവും നൽകി.

# ട്രാഫിക് പിഴകൾ ഈടാക്കാൻ കർശന നിർദേശവുമായി സുപ്രീംകോടതി

ന്യൂഡൽഹി: കെട്ടിക്കിടക്കുന്ന ട്രാഫിക് പിഴകൾ ഈടാക്കാൻ കർശന നടപടികൾ സ്വീകരിക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സുപ്രീംകോടതിയുടെ നിർദേശം. ഇന്ത്യയിലുടനീളം ഇ ചെലാനുകൾ വഴി 49,194.05 കോടി രൂപ പിഴയായി ഈടാക്കാനുണ്ടെന്നും ഇതിൽ 26,175.05 കോടി രൂപ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്നും കോടതി ചൂണ്ടിക്കാട്ടി. പരിശോധനയ്ക്കിടയിൽ പിഴയടയ്ക്കാത്ത വാഹനം കണ്ടെത്തിയാൽ കസ്റ്റഡിയിലെടുക്കാനും കുടിശിക തീരുന്നതുവരെ വാഹനവുമായി ബന്ധപ്പെട്ട ഓൺലൈൻ സേവനങ്ങൾ മരവിപ്പിക്കാനും കോടതി നിർദേശിച്ചു. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് 2012 മുതൽ പരിഗണനയുള്ള കേസിലാണ് കോടതിയുടെ നിർദേശങ്ങൾ. നിയമലംഘനം നടത്തിയതായി ആരോപിക്കപ്പെടുന്ന വ്യക്തിക്ക് നിരന്തരം ഈ ചെലാനുകൾ അയച്ചതുകൊണ്ടു മാത്രം കാര്യമില്ലെന്നും പിഴ എങ്ങനെ ഈടാക്കുമെന്നതാണു പ്രധാന ചോദ്യമെന്നും കോടതി നിരീക്ഷിച്ചു.

വാഹനങ്ങളുടെ ഉടമസ്ഥാവകാശ കൈമാറ്റം തടയുക, ഫിറ്റ്നസ് സർട്ടിഫിക്കറ്റും പിയുസി (പൊല്യൂഷ്യൻ) സർട്ടിഫിക്കറ്റും നിഷേധിക്കുക, പരിവാഹൻ പോർട്ടലിൽ വാഹനം കരിമ്പട്ടികയിൽപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിക്കാനാണു കോടതിയുടെ നിർദേശം.

കൂടാതെ ഒന്നിലധികം തവണ നിയമലംഘനം നടത്തുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നത് തടയുകയും നിലവിലുള്ള ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നിർദേശമുണ്ട്. റോഡ് സുരക്ഷ ശക്തമാക്കുന്നതിനായി എഐ അധിഷ്ഠിത ഇലക്ട്രോണിക് എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ നടപ്പാക്കാനും പ്രതിമാസ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു പൊതു സംവിധാനം രൂപീകരിക്കാനും റോഡ് ഗതാഗത മന്ത്രാലയത്തോട് കോടതി ആവശ്യപ്പെട്ടു.

# തെറ്റായ മൂല്യനിർണയം: സർക്കാർ നാല് ലക്ഷം നഷ്ടപരിഹാരം നൽകണം

മൂവാറ്റുപുഴ: പ്ലസ്ടു പരീക്ഷാ മൂല്യനിർണയത്തിലുണ്ടായ പിഴവു മൂലം തുടർപഠനവും ഇഷ്ടപ്പെട്ട കരിയറും നഷ്ടമായ വിദ്യാർത്ഥിനിക്കു കോടതി ചെലവ് ഉൾപ്പെടെ നാല് ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ ഉത്തരവ്. കേരള സർക്കാർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കൻഡറി ജോയിന്റ് ഡയറക്ടർ, റീജണൽ ഡപ്യൂട്ടി ഡയറക്ടർ എന്നിവർക്കാണു മൂവാറ്റുപുഴ മുൻസിഫ് കോടതിയുടെ നിർദേശം. തൃക്കളത്തൂർ പണിക്കൊടിയിൽ സ്നേഹമോൾ മണിയാണു വിദ്യാഭ്യാസ വകുപ്പിന്റെ അനാസ്ഥയ്ക്കെതിരെ നിയമപോരാട്ടം നടത്തിയത്.

മൂവാറ്റുപുഴ എസ്എൻഡിപി ഹയർസെക്കൻഡറി സ്കൂളിൽ 2019 മാർച്ചിൽ പ്ലസ്ടു പരീക്ഷയെഴുതിയ വിദ്യാർത്ഥിനിക്ക് ഇക്കണോമിക്സ് ഒഴികെ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു. ഇക്കണോമിക്സിൽ 57 മാർക്കാണു ലഭിച്ചത്. എന്നാൽ പുനർമൂല്യനിർണയഫലം വന്നപ്പോൾ 80-ൽ 80 മാർക്കും ലഭിച്ചു. 2019 ജൂലൈ 22-ന് ഈ ഫലം വന്നപ്പോഴേക്കും റഗുലർ കോളജുകളി



ലെ മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനം അവസാനിച്ചിരുന്നു. ഇതുകാരണം ആഗ്രഹിച്ച കോളജുകളിൽ പ്രവേശനം ലഭിച്ചില്ല. ഒടുവിൽ പഠിക്കാനായി കടം വാങ്ങി കാനഡയിലേക്കു പോകേണ്ടിവന്നു.

തുടർന്നാണ് 2021-ൽ മൂവാറ്റുപുഴ മുൻസിഫ് കോടതിയെ സമീപിച്ചത്. പിഴവു വരുത്തിയ അധ്യാപകനെതിരെ നടപടിയെടുത്തിട്ടുണ്ടെന്നും വിദ്യാർത്ഥിനിയുടെ കരിയർ നഷ്ടത്തിനു ഉത്തരവാദിത്തമില്ലെന്നും സർക്കാർ വാദിച്ചെങ്കിലും കോടതി അംഗീകരിച്ചില്ല. ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെട്ടതിനും കുട്ടിക്കുണ്ടായ മാനസിക സംഘർഷങ്ങൾക്കും അർഹിച്ച അംഗീകാരങ്ങൾ നിഷേധിക്കപ്പെട്ടതിനു നഷ്ടപരിഹാരത്തിന് അർഹതയുണ്ടെന്നു കോടതി വിധിച്ചു.

സ്കൂൾ പ്രിൻസിപ്പൽ ഡോ. സി. രാധാകൃഷ്ണൻ, ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി ഒ.വി. അനീഷ് എന്നിവരുടെ പിന്തുണയോടെയായിരുന്നു നിയമപോരാട്ടം. കാനഡയിലെ പഠനം പൂർത്തിയാക്കി നാട്ടിലേക്കു മടങ്ങാനുള്ള ഒരുക്കത്തിലാണ് സ്നേഹമോൾ.

# എം.കെ. മുനീർ ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷൻ

തിരുവനന്തപുരം: മുസ്‌ലിം ലീഗ് നേതാവും മുൻമന്ത്രിയുമായ എം.കെ. മുനീറിനെ ഭരണ പരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷനായും ഫോർവേഡ് ബ്ലോക്ക് ജനറൽ സെക്രട്ടറി ജി. ദേവരാജനെ ഡൽഹിയിൽ കേരള സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായും നിയമിച്ചു. കാബിനറ്റ് റാങ്കോടെയാണു നിയമനം.

അഞ്ച് മന്ത്രിമാർക്കു പുറമേ ഒരാൾ കൂടിയെത്തിയതോടെ മുസ്‌ലിം ലീഗിന് ആറ് കാബിനറ്റ് പദവികളായി. മുഖ്യമന്ത്രി, 20 മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരടക്കം കേരള സർക്കാരിൽ കാബിനറ്റ് റാങ്കുള്ളവരുടെ എണ്ണം 24 ആയി.

കഴിഞ്ഞ എൽഡിഎഫ് സർക്കാരിൽ 27 പേർക്കാണ് കാബിനറ്റ് പദവിയുണ്ടായിരുന്നത്. ഡൽഹിയിലെ പ്രത്യേക പ്രതിനിധിയായിരുന്ന കെ.വി.തോമസ്, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന കെ.എം. ഏബ്രഹാം എന്നിവർക്കു കാബിനറ്റ് പദവി ലഭിച്ചിരുന്നു.






# റോക്ക്‌ലാൻഡ് ക്നാനായ കമ്മ്യൂണിറ്റി സെന്റർ സിൽവർ ജൂബിലി നിറവിൽ

**സ്റ്റീഫൻ കിടരത്തിൽ**

റോക്ക്‌ലാൻഡ്: റോക്ക്‌ലാൻഡ് ക്നാനായ കമ്മ്യൂണിറ്റി സെന്ററിന്റെ സിൽവർ ജൂബിലി ആഘോഷം ഈ വരുന്ന ഒക്ടോബർ 17-ന് ശനിയാഴ്ച IKCC-യുടെ നേതൃത്വത്തിൽ അണിയിച്ചൊരുക്കുകയാണ്.

2026 IKCC-യെ സംബന്ധിച്ചിടത്തോളം ഏറെ പ്രത്യേകതകൾ നിറഞ്ഞ ഒരു ജൂബിലി വർഷമാണ്. നോർത്ത് അമേരിക്കയിലെ ആദ്യത്തെ ക്നാനായ അസോസിയേഷനായ IKCC, 1976-ൽ ആരംഭിച്ച സംഘടനയാണ്. ഈ വർഷം ഏപ്രിൽ 18-ന് IKCC-യുടെ 50-ാം വാർഷികമായ ഗോൾഡൻ ജൂബിലി വളരെ മനോഹരമായി ആഘോഷിക്കുവാൻ നമുക്ക് കഴിഞ്ഞു.

ഇപ്പോഴിതാ, 2001-ൽ സ്വന്തമാക്കിയ റോക്ക്‌ലാൻഡ് ക്നാനായ കമ്മ്യൂണിറ്റി സെന്ററിന്റെ 25-ാം വാർഷികവും 2026-ൽ ആഘോഷിക്കുകയാണ്.

നമ്മുടെ ക്നാനായ സമൂഹത്തിന്റെ വളർച്ചയിൽ വളരെ വലിയ സംഭാവനകൾ നൽകിയ ഒരു സ്ഥാപനമാണ് റോക്ക്‌ലാൻഡ് സെന്റർ. കലാ, സാംസ്കാരിക, സാമൂഹിക, സാമുദായിക മേഖലകളിൽ എണ്ണമറ്റ പ്രവർത്തനങ്ങൾക്കും കൂട്ടായ്മകൾക്കും ഈ സെന്റർ വേദിയായിട്ടുണ്ട്.

ഈ അഭിമാനകരമായ അവസരത്തിൽ, റോക്ക്‌ലാൻഡ് കമ്മ്യൂണിറ്റി സെന്ററിന്റെ വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ മുൻകാല ബിൽഡിംഗ് ഭാരവാഹികളെയും ഈ സെന്റർ സ്വന്തമാക്കുന്നതിനായി സാമ്പത്തികമായും മറ്റ് രീതികളിലും സഹായിച്ച എല്ലാവരെയും അതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ വ്യക്തികളെയും നന്ദിയോടെയും കടപ്പാടോടെയും സ്മരിക്കുന്നു.





സ്റ്റീഫൻ കിടരത്തിൽ

ഒക്ടോബർ 17-ന് ഉച്ചകഴിഞ്ഞ് മൂന്നോടെ ആരംഭിക്കുന്ന ഈ പ്രത്യേക ആഘോഷ പരിപാടികളിലേക്ക് എല്ലാ സമുദായ സ്നേഹികളെയും കുടുംബ സമേതം സാദരം ക്ഷണിക്കുന്നു.

നമ്മുടെ പ്രിയപ്പെട്ട റോക്ക്‌ലാൻഡ് ക്നാനായ കമ്മ്യൂണിറ്റി സെന്ററിന്റെ 25 വർഷത്തെ അഭിമാനകരമായ യാത്ര ഒരുമിച്ച് ആഘോഷിക്കാനും ഈ ആഘോഷം ഒരു വൻവിജയമാക്കാനും എല്ലാവരുടെയും സാന്നിധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

എല്ലാവരെയും ഒക്ടോബർ 17-ന് റോക്ക്‌ലാൻഡ് സെന്ററിൽ കാണാം.

# യുദ്ധവിമാനങ്ങളുടെ കുറവ് പരിഹരിക്കാൻ പുതിയ ജെറ്റുകൾ അനിവാര്യമെന്ന് വ്യോമസേനാ മേധാവി

ന്യൂഡൽഹി: വ്യോമസേനയുടെ യുദ്ധവിമാന സ്‌ക്വാഡ്രണുകളുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവ് തടയാൻ പ്രതിവർഷം 36 മുതൽ 40 വരെ പുതിയ യുദ്ധവിമാനങ്ങൾ ആവശ്യമാണെന്ന് വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ അമർപ്രീത് (എ.പി.) സിങ്. സ്‌ക്വാഡ്രണുകളുടെ എണ്ണം 30-ൽ താഴെയാകുന്നത് തടയാനും തുടർന്ന് ലക്ഷ്യമിട്ട 42 സ്‌ക്വാഡ്രണുകളിലേക്ക് എത്തുന്നതിനുമായി പ്രതിവർഷം രണ്ട് സ്‌ക്വാഡ്രണുകൾക്ക് തുല്യമായ വിമാനങ്ങൾ എത്തിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ഭാവിയിൽ ചില ലക്ഷ്യങ്ങളിലേക്ക് എത്തണമെങ്കിൽ പ്രതിവർഷം രണ്ട് സ്‌ക്വാഡ്രൺ വിമാനങ്ങളെങ്കിലും സേനയിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് എയർ ചീഫ് മാർഷൽ ചൂണ്ടിക്കാട്ടി. ഇത് പ്രതിവർഷം 36 മുതൽ 40 വരെ വിമാനങ്ങൾക്ക് തുല്യമാണെങ്കിലും വ്യോമസേനയ്ക്ക് ഭാവിയിൽ ഇതിലും കൂടുതൽ വിമാനങ്ങൾ ആവശ്യമായി വന്നേക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'തേജസ് എം.കെ.-1 എ' യുദ്ധവിമാനങ്ങളുടെ എഞ്ചിൻ ലഭ്യതയാണ് ഉൽപാദന വേഗം നിർണയിക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്ന്. വർഷത്തിൽ ഏകദേശം 24 വിമാനങ്ങൾ എന്ന തോതിൽ വാർഷിക ഉൽപാദന ശേഷി കൈവരിക്കുന്നത് സംബന്ധിച്ച് ഹിന്ദുസ്ഥാൻ എയ്‌റോനോട്ടിക്സ് ലിമിറ്റഡ് (എച്ച്.എ.എൽ) ചർച്ചകൾ നടത്തിവരികയാണെന്ന് സിങ് വ്യക്തമാക്കി. എന്നാൽ, ഈ പ്രതിസന്ധിയെ പ്രതികൂലമായി ബാധിച്ച എഞ്ചിൻ പ്രതിസന്ധി പരിഹരിക്കുന്നതിനെ ആശ്രയിച്ചായിരിക്കും ഉൽപാദനം.

# കെപിസിസി പ്രസിഡന്റ് നിയമനം: ഇടപെടാൻ ഹൈക്കമാൻഡ്

ന്യൂഡൽഹി: പരസ്യപ്രതികരണത്തിനു പിന്നാലെ കേരളത്തിലെ പാർട്ടിയിൽ രൂപപ്പെട്ട അസ്വാരസ്യങ്ങളിൽ കോൺഗ്രസ് ഹൈക്കമാൻഡ് ഇടപെടും. അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാൻ പ്രാപ്തരായ നേതാക്കൾ കേരളത്തിലുണ്ടെന്നാണ് ഇതെക്കുറിച്ചുള്ള ചോദ്യങ്ങളോട് ഹൈക്കമാൻഡിന്റെ പ്രതികരണം.

മികച്ച ഭൂരിപക്ഷത്തോടെ ജനം അധികാരത്തിലേറ്റി ആറ് മാസം തികയും മുൻപ് പാർട്ടിക്കുള്ളിൽ അസ്വാരസ്യം രൂപപ്പെട്ടതിൽ നേതൃത്വത്തിന് അതൃപ്തിയുണ്ട്. മുഴുവൻസമയ പ്രസിഡന്റിന്റെ അസാന്നിധ്യം പാർട്ടിയും സർക്കാരും തമ്മിലുള്ള ഏകോപനമില്ലായ്മ രൂക്ഷമാക്കുന്നുവെന്ന വിമർശനം മുതിർന്ന നേതാക്കൾക്കുണ്ട്.

# മൂന്നുപേർക്ക് വൈദ്യശാസ്ത്ര നൊബേൽ

സ്റ്റോക്ക്ഹോം: വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനത്തിനു അമേരിക്കൻ ശാസ്ത്രജ്ഞനായ കാൾ ഡൈസറോത്ത്, ജർമൻ ഗവേഷകരായ പീറ്റർ ഹെഗെമാൻ, ജോർജ് നാഗൽ എന്നിവർ അർഹരായി. ലൈറ്റ്-ഗേറ്റഡ് അയോൺ ചാനലുകളെയും ഒപ്റ്റോജെനറ്റിക്സിനെയും കുറിച്ചുള്ള കണ്ടെത്തലുകൾക്കാണ് ഇക്കുറി വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചത്. മസ്തിഷ്കത്തിൽ വികാരങ്ങളും ഓർമകളും രൂപപ്പെടുത്തുന്നത് എങ്ങനെയാണെന്ന് തിരിച്ചറിയാനുള്ള പഠനത്തിലേക്കുള്ള പാത തുറന്നിട്ട ഗവേഷണമാണ് ഇവർ നടത്തിയത്.

നാഡീകോശങ്ങൾ ഓർമ്മകളെയും വികാരങ്ങളെയും പെരുമാറ്റങ്ങളെയും സ്വാധീനിക്കുന്നത് എപ്രകാരമാണെന്നു മനസ്സിലാക്കാൻ സഹായിക്കുന്ന സാങ്കേതികവിദ്യയാണ് ഒപ്റ്റോജെനറ്റിക്സ്. മസ്തിഷ്ക പഠനങ്ങളിൽ പുതിയൊരു യുഗത്തിന് തറക്കല്ലിട്ട ഗവേഷകരാണ് ഇവർ എന്ന് നൊബേൽ സമിതി വിലയിരുത്തി. കാൾ ഡൈസറോത്ത് കലിഫോർണിയയിലെ സ്റ്റാൻഫഡ് യൂണിവേഴ്സിറ്റിയിലും പീറ്റർ ഹെഗെമാൻ ബെർലിനിലെ ഹംബോൾട്ട് യൂണിവേഴ്സിറ്റിയിലും ജോർജ് നാഗൽ ജർമനിയിലെ വുർസ്ബർഗ് സർവ്വകലാശാലയിലുമാണ് പ്രവർത്തിക്കുന്നത്. സ്വീഡനിലെ സ്റ്റോക്ക്ഹോമിലെ കരോലിൻസ്ക ഇൻസ്റ്റിറ്റ്യൂട്ടിൽ നൊബേൽ അസംബ്ലിയിലാണ് സമ്മാനം പ്രഖ്യാപിച്ചത്. ജീവശാസ്ത്രത്തിലോ വൈദ്യശാസ്ത്രത്തിലോ ഉള്ള പ്രധാന കണ്ടെത്തലുകൾക്കാണ് വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം നൽകി ആദരിക്കുന്നത്.

സമാധാനം ഒഴികെയുള്ള വിഭാഗങ്ങളിലെ ജേതാക്കളെ സ്വീഡനിലെ നൊബേൽ പുരസ്കാര സമിതിയാണു തെരഞ്ഞെടുക്കുന്നത്; പ്രഖ്യാപനം സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ക്ഹോമിൽ.

സമാധാന നൊബേൽ ജേതാവിനെ നിശ്ചയിക്കുന്നത് നോർവീജിയൻ പാർലമെന്റിന്റെ അഞ്ചംഗ സമിതിയാണ്; പ്രഖ്യാപനം നോർവേ തലസ്ഥാനമായ ഓസ്‌ലോയിൽ. നൊബേൽ സമ്മാനങ്ങൾക്കു കാരണമായ ആൽഫ്രഡ് നൊബേലിന്റെ ചരമവാർഷികദിനമായ ഡിസംബർ 10-നാണ് പുരസ്കാരം സമ്മാനിക്കുന്നത്.



# വൈസ് മെൻസ് ക്ലബ് ഓഫ് സൗത്ത് ഫ്ളോറിഡ ഓണാഘോഷം വർണാഭമായി

കോറൽ സ്പ്രിംഗ്സ് (ഫ്ളോറിഡ): വൈസ് മെൻസ് ക്ലബ് ഓഫ് സൗത്ത് ഫ്ളോറിഡയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓണാഘോഷം സെപ്റ്റംബർ 19-ന് കോറൽ സ്പ്രിംഗ്സിലെ മിസ് മേരീസ് പ്ലേസിൽ വിവിധ കലാ-സാംസ്കാരിക പരിപാടികളോടെ നടന്നു. ക്ലബ് അംഗങ്ങളും കുടുംബാംഗങ്ങളും അതിഥികളും ആഘോഷത്തിൽ പങ്കെടുത്തു.








ക്ലബ് പ്രസിഡന്റ് തോമസ് ജോർജ് പരിപാടികൾക്ക് തുടക്കം കുറിച്ച് സ്വാഗതം ആശംസിച്ചു. ന്യൂയോർക്കിലെ വൈസ് മെൻസ് ക്ലബ് ഓഫ് വെസ്റ്റ്ചെസ്റ്റർ മുൻ പ്രസിഡന്റ് ജോസഫ് മാത്യൂസ് വിശിഷ്ടാതിഥിയായി പങ്കെടുത്ത് പ്രത്യേക സന്ദേശം നൽകി. അദ്ദേഹത്തിന്റെ ഭാര്യ ലിസി മാത്യൂസും ചടങ്ങിൽ പങ്കെടുത്തു. യു.എസ്. ദേശീയഗാനത്തോടെ ആരംഭിച്ച പരിപാടിയിൽ സെബാസ്റ്റ്യൻ വയലിങ്കൽ, ലിസി മാത്യൂസ്, റയൻ മാത്യു എന്നിവർ യഥാക്രമം വൈസ്മെൻ, വൈസ് മെനെറ്റ്സ്, വൈസ് ലിംഗ്സ് പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

പ്രൊഫ. തങ്കച്ചൻ കിഴക്കേപ്പറമ്പിൽ, ഡോ. കുട്ടി ചന്ദ്രൻ, ക്രിസ് മാത്യു, മാത്യു വള്ളൂർ കുര്യൻ എന്നിവർ ഓണസന്ദേശങ്ങൾ നൽകി. അബ്രഹാം കളത്തിൽ, മേരി ജോർജ് എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു. മേയാ മാത്യു കഥപറച്ചിൽ അവതരിപ്പിച്ചു. ഡോ. റിയ മോഹൻ ആരോഗ്യബോധവത്കരണ പ്രഭാഷണം നടത്തി.



ക്ലബിന്റെ സേവന-ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി സംഘടിപ്പിച്ച വൈൻ ബാസ്കറ്റ് ലേലം ആഘോഷത്തിന് കൂടുതൽ ആവേശം പകർന്നു. അംഗങ്ങളും കുടുംബാംഗങ്ങളും ലേലത്തിൽ സജീവമായി പങ്കെടുത്തു.

കേരളത്തിന്റെ പാരമ്പര്യവും ഓണത്തിന്റെ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സന്ദേശവും പുതുതലമുറയിലേക്ക് പകരുന്നതിനൊപ്പം അംഗങ്ങളും കുടുംബങ്ങളും തമ്മിലുള്ള സൗഹൃദവും കൂട്ടായ്മയും കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ആഘോഷം സംഘടിപ്പിച്ചതെന്ന് പ്രസിഡന്റ് തോമസ് ജോർജ് പറഞ്ഞു.

പരമ്പരാഗത ഓണസദ്യ ആഘോഷത്തിന്റെ പ്രധാന ആകർഷണമായി. പതിവുപോലെ സദ്യയ്ക്കുള്ള ഭക്ഷണം ക്രമീകരിച്ച് എത്തിക്കുന്നതിന് ശ്രീനി വരിശേരി നേതൃത്വം നൽകി.

പരിപാടിയുടെ വിജയകരമായ നടത്തിപ്പിനും വിവിധ ക്രമീകരണങ്ങൾക്കും പ്രൊഫ. തങ്കച്ചൻ കിഴക്കേപ്പറമ്പിൽ, അബ്രഹാം കളത്തിൽ, ശ്രീനി വരിശേരി, ക്രിസ് മാത്യു, സെബാസ്റ്റ്യൻ വയലിങ്കൽ, എലിസബത്ത് ജോസ്, മേരി ജോർജ്, ഡോ. പ്രിയ നായർ, ജോസ് സെബാസ്റ്റ്യൻ, ജോസഫ് മാത്യൂസ്, ഡോ. കുട്ടി ചന്ദ്രൻ, മാത്യു വള്ളൂർ കുര്യൻ, ഡോ. റിയ മോഹൻ, മേയാ മാത്യു, ലിസി മാത്യൂസ്, റയൻ മാത്യു എന്നിവർ നൽകിയ സഹകരണവും പങ്കാളിത്തവും ശ്രദ്ധേയമായി.

ക്ലബ് സെക്രട്ടറി അബ്രഹാം കളത്തിൽ കൃതജ്ഞത രേഖപ്പെടുത്തി. ഇന്ത്യൻ ദേശീയഗാനത്തോടെ ഔദ്യോഗിക പരിപാടികൾ സമാപിച്ചു.

സൗത്ത് ഫ്ളോറിഡയിലെ ആദ്യ വൈസ് മെൻസ് ക്ലബ്ബായ വൈസ് മെൻസ് ക്ലബ് ഓഫ് സൗത്ത് ഫ്ളോറിഡ, സൗഹൃദം, കൂട്ടായ്മ, സേവനം എന്നീ മൂല്യങ്ങൾ മുൻനിർത്തി വിവിധ സാമൂഹിക-ജീവകാരുണ്യ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു.

## തദ്ദേശ ഉപതെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് നേട്ടം

തിരുവനന്തപുരം: യുഡിഎഫ് അധികാരമേറ്റശേഷം ആദ്യമായി തദ്ദേശസ്ഥാപനങ്ങളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പുകൾ ഇടതുമുന്നണിക്ക് നേട്ടം. 12 ജില്ലകളിലെ 38 വാർഡുകളിലായിരുന്നു തെരഞ്ഞെടുപ്പ്. എൽ.ഡി.എഫ് നിലവിലുണ്ടായിരുന്നതിനെക്കാൾ മൂന്നുസീറ്റുകൾ അധികം നേടി. യു.ഡിഎഫിന് മൂന്ന് സീറ്റ് നഷ്ടം.

യു.ഡി.എഫിന്റെ സിറ്റിങ് സീറ്റുകളിൽ ഏഴെണ്ണം എൽ.ഡി.എഫ് പിടിച്ചെടുത്തു. എൽ.ഡി.എഫിന്റെ സിറ്റിങ് സീറ്റുകളിൽ നാലെണ്ണം യു.ഡി.എഫ്. സ്വന്തമാക്കി. ബി.ജെ.പിക്ക് സീറ്റൊന്നും ലഭിച്ചില്ല. യു.ഡി.എഫിന്റെ ആറ് എംഎൽഎമാർ നേരത്തേ പ്രതിനിധാനംചെയ്ത വാർഡുകളിൽ രണ്ടെണ്ണം യു.ഡി.എഫിന് നഷ്ടമായി.

ലഭിച്ച അധിക സീറ്റിനെക്കാൾ, വോട്ടുവിഹിതത്തിലുണ്ടായ വർധനയാണ് ഇടതുമുന്നണിയുടെ നേട്ടത്തിന്റെ മാറ്റുകൂട്ടിയത്. 38 വാർഡുകളിലായി ആകെ പോൾ ചെയ്ത 1,81,862 വോട്ടിന്റെ 46.80 ശതമാനം ഇടതുമുന്നണി നേടി. യു.ഡി.എഫിന് 40.49 ശതമാനം. ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളിലും വോട്ടുവിഹിതത്തിൽ മുന്നിൽ എൽ.ഡി.എഫ് ആണ്. യു.ഡി.എഫ് സിറ്റിങ് സീറ്റ് നിലനിർത്തിയ സ്ഥലങ്ങളിൽ മിക്കയിടത്തും ഭൂരിപക്ഷം കുറഞ്ഞു.





KERALA EXPRESS പ്രവാസി താളുകൾ

## ഒരുമയുടെയും കാരുണ്യത്തിന്റെയും പൊന്നോണം:

# വേൾഡ് മലയാളി ഫെഡറേഷൻ പത്താം വാർഷിക ഓണാഘോഷം പീസ് വാലിയിൽ നടന്നു

**നോവിൻ വാസുദേവ്**




കോതമംഗലം: വേൾഡ് മലയാളി ഫെഡറേഷൻ (WMF) പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഗ്ലോബൽ ചാരിറ്റി ഫോറത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓണാഘോഷം 2026 ഒക്ടോബർ 4-ന് കോതമംഗലത്തെ നെല്ലിക്കുഴി പീസ് വാലിയിൽ പ്രൗഢഗംഭീരമായി നടന്നു. 'ഒന്നിച്ചൂട്ടാം, ഒന്നിച്ചുണ്ണാം ഈ ഓണം' എന്ന സന്ദേശവുമായി പീസ് വാലിയിലെ അന്തേവാസികൾക്കൊപ്പം ചേർന്ന് നടത്തിയ ഈ ഒത്തുചേരൽ സ്നേഹത്തിന്റെയും പങ്കുവെക്കലിന്റെയും ഉദാത്ത മാതൃകയായി മാറി. ആഘോഷപരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനം ഗ്ലോബൽ ചെയർമാൻ ഡോ. ജെ. രത്നകുമാർ നിർവ്വഹിച്ചു. കാരുണ്യത്തിന്റെയും സമഗ്ര പരിചരണത്തിന്റെയും മാതൃകയായി പ്രവർത്തിക്കുന്ന പീസ് വാലി, അവശത അനുഭവിക്കുന്നവർക്ക് ആത്മവിശ്വാസവും അന്തസ്സും നല്കി അവരുടെ ജീവിതങ്ങളെ മാറ്റിമറിക്കുകയാണെന്ന് വേൾഡ് മലയാളി ഫെഡറേഷൻ (WMF) ഗ്ലോബൽ ചെയർമാൻ ഡോ. ജെ. രത്നകുമാർ പറഞ്ഞു.















ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത കോതമംഗലം എംഎൽഎ ഷിബു തെക്കുംപുറം മുഖ്യപ്രഭാഷണം നടത്തി. പ്രവാസലോകത്തെ മനുഷ്യസ്നേഹികൾ കാരുണ്യത്തിന്റെ ഈ തണൽക്കൂട്ടായ്മയിലേക്ക് എത്തിച്ചേർന്നതിനെയും അന്തേവാസികൾക്കൊപ്പം ഓണം ആഘോഷിക്കാൻ മനസ്സ് കാണിച്ചതിനെയും അദ്ദേഹം പ്രകീർത്തിച്ചു. WMF ഗ്ലോബൽ പ്രസിഡണ്ട് ഡോ. ആനി ലിബു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. 170 രാജ്യങ്ങളിൽ സാന്നിദ്ധ്യമുള്ള WMF പോലുള്ള ഒരു ആഗോള പ്രസ്ഥാനം പീസ് വാലിയുമായി കൈകോർക്കുമ്പോൾ, ഇവിടെ പ്രയാസമനുഭവിക്കുന്ന മനുഷ്യരുടെ കാര്യങ്ങൾ ലോകമെമ്പാടും എത്തിക്കാനും അവർക്ക് അർഹമായ ആനുകൂല്യങ്ങളും വലിയ പിന്തുണയും ഉറപ്പാക്കാനും സാധിക്കുമെന്ന് ഗ്ലോബൽ പ്രസിഡണ്ട് ഡോ. ആനി ലിബു പറഞ്ഞു. ഗ്ലോബൽ ചാരിറ്റി ഫോറം കോ-ഓർഡിനേറ്റർ റഫീക്ക് മരക്കാർ സ്വാഗതം പറഞ്ഞു.

മൂലൻസ് ഗ്രൂപ്പ് ചെയർമാൻ ഡോ. വർഗീസ് മൂലൻ മുഖ്യാതിഥികൾക്കൊപ്പം ആശംസകൾ നേർന്നു സംസാരിച്ചു. WMF ഗ്ലോബൽ ട്രഷറർ വി.എം. സിദ്ധിഖ്, ഗ്ലോബൽ വൈസ് പ്രസിഡണ്ടുമാരായ ജെയ്സൻ കാളിയാനിൽ, ഏലിയാസ് ഇസഹാക്, ഗ്ലോബൽ ജോയിന്റ് സെക്രട്ടറിമാരായ ശ്രീമതി സിന്ധു സജീവ്, ഷിജോ തയ്യിൽ, ഗ്ലോബൽ ജോയിന്റ് ട്രഷറർ ബബിൻ ബാബു, ഗ്ലോബൽ വിമൻസ് ഫോറം കോ-ഓർഡിനേറ്റർ ശ്രീമതി വല്ലി ജോസ്, WMF ഏഷ്യാ റീജിയൻ പ്രസിഡണ്ട് ഫ്രാൻസ് മുണ്ടാടൻ, WMF കേരള സ്റ്റേറ്റ് കൗൺസിൽ പ്രസിഡണ്ട് ടി.ബി. നാസർ, പീസ് വാലി ചെയർമാൻ അബൂബക്കർ, ഡീക്കൺ ടോണി മേതല എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

ഗ്ലോബൽ ചാരിറ്റി ഫോറം മുൻകൈയെടുത്ത് സംഘടിപ്പിച്ച ഈ ബൃഹത്തായ സംരംഭത്തിനു പിന്നിൽ സംഘടനയുടെ വിവിധ തലങ്ങളിലുള്ള ചാരിറ്റി ഫോറം ഭാരവാഹികളുടെ ഒത്തൊരുമയോടെയുള്ള ഏകോപനവും നേതൃത്വവും പ്രശംസനീയമായിരുന്നു.

ഗ്ലോബൽ ചാരിറ്റി ഫോറം കോ-ഓർഡിനേറ്റർ റഫീഖ് മരക്കാർ, ഏഷ്യാ റീജിയൻ ചാരിറ്റി ഫോറം കോ-ഓർഡിനേറ്റർ റിനി സുരാജ്, നാഷണൽ ചാരിറ്റി ഫോറം കോ-ഓർഡിനേറ്റർ കബീർ റഹ്മാൻ, കേരള സ്റ്റേറ്റ് ചാരിറ്റി ഫോറം കോ-ഓർഡിനേറ്റർ സുനീർ കെ.എം. എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ സമിതികൾ ഈ സംഗമം അവിസ്മരണീയമാക്കാൻ വലിയ പങ്കുവഹിച്ചു. അതോടൊപ്പം കേരള സ്റ്റേറ്റ് കൗൺസിലിന്റെയും എറണാകുളം ഡിസ്ട്രിക്ട് കൗൺസിലിന്റെയും ശക്തമായ പിന്തുണയും പരിപാടിയുടെ വിജയത്തിന് കരുത്തേകി.

പീസ് വാലിയിലെ അന്തേവാസികൾക്കായി വിഭവസമൃദ്ധമായ ഓണസദ്യ ഒരുക്കിയതിനൊപ്പം ആഘോഷങ്ങളുടെ ഭാഗമായി കേക്ക് മുറിക്കലും അന്തേവാസികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി. പ്രവാസി സമൂഹത്തിന്റെ സ്നേഹസമ്മാനമായി അന്തേവാസികൾക്കുള്ള ഓണക്കോടി വിതരണവും നടന്നു.



# സീറോമലബാർ കാത്തലിക് കോൺഗ്രസ് (എസ്.എം.സി.സി) സുറിയാനി ഭാഷാ അക്കാദമി ആരംഭിക്കുന്നു

ജോസ് തോമസ്

ചിക്കാഗോ: സീറോമലബാർ സഭയുടെ സമ്പന്നമായ സുറിയാനി ഭാഷാ ആരാധനാക്രമ പൈതൃകം പഠിക്കാനും സംരക്ഷിക്കാനും പുതുതലമുറയിലേക്ക് പകർന്നു നല്കാനും ലക്ഷ്യമിട്ട് സീറോമലബാർ കാത്തലിക് കോൺഗ്രസ് (എസ്.എം.സി.സി) സുറിയാനി ഭാഷ അക്കാദമി (Syriac Learning Academy) ആരംഭിക്കുന്നു. ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയുടെ മാർഗ്ഗനിർദ്ദേശത്തിൽ എസ്എംസിസി വിദ്യാഭ്യാസ ഗവേഷണ വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ഈ പുതിയ പഠനസംരംഭം ആവിഷ്കരിച്ച് ഏകോപിപ്പിക്കുന്നത്.

വടവാതൂർ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസിലെ സുറിയാനി ദൈവശാസ്ത്ര വിഭാഗത്തിന്റെ സഹകരണത്തോടെയാണ് അടിസ്ഥാന സുറിയാനി ഭാഷാ പഠനത്തിൽ ആറു മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നത്.

സുറിയാനി അക്ഷരമാല, അടിസ്ഥാന വായനയും ഉച്ചാരണവും, ദൈനംദിന പദങ്ങളും പ്രയോഗങ്ങളും, അടിസ്ഥാന വ്യാകരണം, സീറോമലബാർ ആരാധനാക്രമത്തിൽ ഉപയോഗിക്കുന്ന സുറിയാനി പദങ്ങളും പ്രാർത്ഥനകളും അവയുടെ അർത്ഥവും പശ്ചാത്തലവും തുടങ്ങിയവ പഠനത്തിന്റെ ഭാഗമാകും.

ഭാഷാപഠനത്തോടൊപ്പം സീറോമലബാർ സഭയുടെ ആരാധനാക്രമ പാരമ്പര്യത്തെയും ആത്മീയ-സാംസ്കാരിക പൈതൃകത്തെയും കൂടുതൽ അടുത്തറിയാനുള്ള അവസരവും കോഴ്സ് ഒരുക്കും.

2026 നവംബർ 4-ന് ആദ്യബാച്ച് ആരംഭിക്കും. രണ്ടാഴ്ചയിലൊരിക്കൽ ബുധനാഴ്ച രാത്രി 9 മണിക്ക് (അമേരിക്കൻ ഈസ്റ്റേൺ സമയം) 45 മിനിറ്റ് വീതം ഓൺലൈനായിരിക്കും ക്ലാസുകൾ. പ്രായപരിധിയില്ലാതെ സുറിയാനി ഭാഷ പഠിക്കാൻ താല്പര്യമുള്ള എല്ലാവർക്കും കോഴ്സിൽ ചേരാം. ആദ്യ ബാച്ചിൽ 60 സീറ്റുകൾ മാത്രമാണ് ലഭ്യമാകുക. രജിസ്ട്രേഷൻ ഫീസ് 100 ഡോളർ ആണ്.

വിശ്വാസപരിശീലന അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പള്ളി ഗായകസംഘാംഗങ്ങൾ, ദൈവശാസ്ത്ര വിദ്യാർത്ഥികൾ, സീറോമലബാർ സഭയുടെയും ഇടവകകളുടെയും വിവിധ ശുശ്രൂഷകളിലും പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്ന അൽമായർ എന്നിവരുടെ പങ്കാളിത്തമാണ് അക്കാദമി പ്രത്യേകമായി പ്രതീക്ഷിക്കുന്നത്. അതോടൊപ്പം സുറിയാനി ഭാഷയും സഭയുടെ ആരാധനാക്രമ പൈതൃകവും പഠിക്കാൻ താല്പര്യമുള്ള എല്ലാവർക്കും കോഴ്സിൽ പങ്കെടുക്കാം.

കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് നിശ്ചിത പഠന മാനദണ്ഡങ്ങൾക്കനുസരിച്ച് സർട്ടിഫിക്കറ്റ് നല്കും. കൂടാതെ ഭാവിയിൽ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ഈ പഠനത്തിന് അക്കാദമിക് ക്രെഡിറ്റ് ലഭ്യമാക്കുന്നതിനായി സർവകലാശാലകളുമായി സഹകരിക്കാനുള്ള സാദ്ധ്യതയും പരിശോധിച്ചുവരുന്നു. ബന്ധപ്പെട്ട സർവകലാശാലകളുടെ അംഗീകാരത്തിനും അക്കാദമിക് നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ഇതു നടപ്പാക്കുക.

അക്കാദമിക്ക് സഭാപരവും അക്കാദമികവും സാംസ്കാരികവുമായ മാർഗനിർദ്ദേശങ്ങൾ നല്കുന്നതിനുള്ള ഉപദേശക സമിതിയിൽ ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട്, പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, ഫാ. ജോസഫ് പാലയ്ക്കൽ സിഎംഐ (ഇന്ത്യൻ സംഗീത ശാസ്ത്രജ്ഞൻ, ഗായകൻ, സംഗീതസംവിധായകൻ), റവ.ഡോ. പോളി മണിയാട്ട് (പ്രസിഡണ്ട് പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലിജിയസ് സ്റ്റഡീസ് (POIRS), ഡോ. ആൻഡ്രൂസ് മേയ്ക്കാട്ടുകുന്നേൽ (ഡയറക്ടർ ബേത് അപ്രേം നസ്രാണി ദയറ, ഫാ. സിറിൽ തയ്യിൽ (അസി. ഡയറക്ടർ ബേത് അപ്രേം നസ്രാണി ദയറ, കപ്പുംതല, റവ.ഫാ. ജോർജ് ഇളമ്പാശേരിൽ-എസ്എംസിസി ദേശീയ ഡയറക്ടർ, ഡോ. ജെയിംസ് കുറിച്ചി-പണ്ഡിതൻ, പെൻസിൽവേനിയ സർവകലാശാലയിലെ (UPenn) റിട്ടയേഡ് മലയാള ഭാഷാ അദ്ധ്യാപകൻ എന്നിവർ അംഗങ്ങളാണ്. ആവശ്യാനുസരണം കൂരിയ നിർദ്ദേശിക്കുന്ന മറ്റു സുറിയാനി പണ്ഡിതരെയും വൈദികരെയും വിദ്യാഭ്യാസ വിദഗ്ദ്ധരെയും ഉപദേശക സമിതിയിൽ ഉൾപ്പെടുത്താനും പദ്ധതിയുണ്ട്. ഫാ. വർഗീസ് മറ്റത്തിൽ-ഡയറക്ടർ സുറിയാനി ദൈവശാസ്ത്രവിഭാഗം POIRS ഫാക്കൽറ്റി മേധാവിയായി പ്രവർത്തിക്കും.

ആദ്യമെത്തുന്നവർക്ക് മുൻഗണന എന്ന അടിസ്ഥാനത്തിലായിരിക്കും ആദ്യബാച്ചിലേക്കുള്ള പ്രവേശനം. താല്പര്യമുള്ളവർ (www.smccusa.org), എന്ന വെബ്സൈറ്റിലൂടെ രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി ഫീസ് അടയ്ക്കുന്നതിനുള്ള ലിങ്കും വെബ്സൈറ്റിൽ ലഭ്യമാകും. പ്രസിദ്ധീകരിച്ചിരിക്കുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്താലും രജിസ്ട്രേഷൻ പേജിലേക്ക് നേരിട്ടു പ്രവേശിക്കാം. ആദ്യബാച്ചിലെ 60 സീറ്റുകൾ നിറഞ്ഞു കഴിഞ്ഞാൽ ലഭിക്കുന്ന രജിസ്ട്രേഷനുകൾക്ക് അടുത്ത ബാച്ചിൽ മുൻഗണന നല്കുന്നതാണ്.

സീറോമലബാർ കാത്തലിക് കോൺഗ്രസ് വിദ്യാഭ്യാസ-ഗവേഷണ വിഭാഗത്തിന്റെ നേതൃത്വത്തിലും ഏകോപനത്തിലുമാണ് സുറിയാനി ഭാഷാ അക്കാദമി എന്ന ആശയം രൂപപ്പെടുത്തുകയും വിവിധ സഭാ-അക്കാദമിക സ്ഥാപനങ്ങളുമായുള്ള സഹകരണം ഏകോപിപ്പിച്ച് പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുന്നത്.

സീറോമലബാർ കാത്തലിക് കോൺഗ്രസ് (എസ്എംസിസി) ദേശീയ സമിതിയുടെ പിന്തുണയോടെ ദേശീയ ഡയറക്ടർ റവ.ഫാ. ജോർജ് ഇളമ്പാശേരിൽ, ദേശീയ പ്രസിഡണ്ട് ജോർജ് വി. ജോർജ്, ദേശീയ സെക്രട്ടറി ഷോളി കുമ്പിളുവേലി, ദേശീയ ട്രഷറർ ടോമി തോമസ് പുല്ലാപ്പള്ളി, വിദ്യാഭ്യാസ ഗവേഷണ വിഭാഗം ചെയർമാൻ ജോസ് തോമസ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ സിറിയക് സ്കറിയ, ബോർഡ് ഓഫ് ഡയറക്ടേഴ്സ് സിജിൽ പാലക്കലോടി എന്നിവർ പരിപാടിയുടെ സംഘാടനത്തിലും നടത്തിപ്പിനും നേതൃത്വം നല്കുന്നു.

സീറോമലബാർ സഭയുടെ വിശ്വാസത്തിന്റെയും ആരാധനാക്രമത്തിന്റെയും ചരിത്രത്തിന്റെയും വിലപ്പെട്ട പൈതൃകമായ സുറിയാനി ഭാഷയെ പഠിക്കാനും മനസ്സിലാക്കാനും സംരക്ഷിക്കാനും വരും തലമുറകളിലേക്ക് കൈമാറാനും ആഗ്രഹിക്കുന്ന എല്ലാവരെയും എസ്എംസിസി സുറിയാനി ഭാഷാ അക്കാദമി (SMCC Syriac Learning Academy) യുടെ ആദ്യ ബാച്ചിലേക്ക് സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.




# ഗുഡ്ന്യൂസ് പ്രളയദുരിത സഹായ വിതരണം നടത്തി



തിരുവല്ല: ഇക്കഴിഞ്ഞ വെള്ളപ്പൊക്ക ദുരിതത്തിൽ ഏറെ പ്രയാസമനുഭവിച്ച അർഹരായ കുടുംബങ്ങൾക്ക് ഗുഡ്ന്യൂസ് ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ "വെള്ളപ്പൊക്ക ബാധിതർക്ക് ഒരു കൈത്താങ്ങ്" എന്ന പേരിൽ സഹായവിതരണം നൽകി.

നിബു വെള്ളവന്താനം

ഐപിസി എബനേസർ വേങ്ങൽ സഭാഹാളിൽ നടന്ന സഹായ വിതരണം അഡ്വ. വർഗീസ് മാമ്മൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ബിനോയ് മാത്യു അദ്ധ്യക്ഷനായിരുന്നു.

ജനപ്രതിനിധികളായ ഈപ്പൻ കുര്യൻ, സോമൻ താമരചാലിൽ, സാബു ഐസക്ക്, റോയ് വർഗീസ്, ചാക്കോ കെ. തോമസ്, നിബു വെള്ളവന്താനം, സജി മത്തായി കാതേട്ട്, സന്ദീപ് വിളമ്പുകണ്ടം, ജോജി ഐപ്പ് മാത്യൂസ്, പാസ്റ്റർ അജു അലക്സ്, പാസ്റ്റർ മാത്യൂസ് ജോർജ് (യുകെ), എം.ജി. മാത്തുണ്ണി, അലക്സാണ്ടർ തോമസ്, സരോഷ് കെ.എസ് എന്നിവരും പ്രസംഗിച്ചു.

# ഡാളസിൽ രാജ്യാന്തര 56 ചീട്ടുകളി: 4500 ഡോളർ നേടി കാനഡ ചാമ്പ്യന്മാർ, ചിക്കാഗോയ്ക്ക് രണ്ടാം സ്ഥാനം







ഡാളസ്: ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾ ആവേശത്തോടെ കാത്തിരുന്ന 27-ാമത് രാജ്യാന്തര 56 ചീട്ടുകളി മത്സരം 2026-ന് ഡാളസിൽ വർണ്ണാഭമായ സമാപനം. മൂന്നു ദിവസങ്ങളിലായി ഡാളസ് ക്രിസ്റ്റ് ദി കിംഗ് ക്നാനായ പള്ളി പാരീഷ് ഓഡിറ്റോറിയത്തിൽ നടന്ന ആവേശകരമായ കലാശപ്പോരാട്ടത്തിൽ കാനഡയിൽ നിന്നുള്ള ടീം ചാമ്പ്യന്മാരായി. റോബർട്ട് മാത്യു ക്യാപ്റ്റനായ കാനഡ ടീമിലെ ജെയിംസ് താന്നിക്കൽ, ജോസഫ് ജോസഫ് എന്നിവരടങ്ങുന്ന സംഘമാണ് ഇത്തവണത്തെ വിജയികളായി ട്രോഫിയും 4500 ഡോളറിന്റെ ഒന്നാം സമ്മാനവും കരസ്ഥമാക്കിയത്. സമാപന സമ്മേളന വേദിയിൽ വിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡുകളും സമ്മാനിച്ചു.

ജോയ് നെല്ലാമറ്റം ക്യാപ്റ്റനായ മാത്യു ഗീവർഗീസ്, തോമസ് കടിയൻപള്ളിൽ എന്നിവരുടെ ചിക്കാഗോ ടീം രണ്ടാം സ്ഥാനവും 3000 ഡോളറും നേടി.

സിറിയക് വള്ളിപ്പടവിൽ നയിച്ച ലോസ് ആഞ്ചലസ് ടീം (കുര്യച്ചൻ മുല്ലപ്പള്ളി, വിൻസെന്റ് കൊട്ടിരിക്കൽ) മൂന്നാം സ്ഥാനവും (2250 ഡോളർ), കുഞ്ഞുമോൻ ഇല്ലിക്കാട്ടിൽ നയിച്ച ഹൂസ്റ്റൺ ടീം (തോമസ് ഐക്കരേത്ത്, സാജി പള്ളിക്കിഴക്കേതിൽ) നാലാം സ്ഥാനവും (1500 ഡോളർ) സ്വന്തമാക്കി.

ടൂർണമെന്റിന്റെ ഭാഗമായി നടന്ന 'റേസ് ഫോർ ഫൺ' മത്സരത്തിൽ ആതിഥേയരായ ഡാളസ് ടീം ചാമ്പ്യന്മാരായി. ഷിബു ജെയിംസ് (ക്യാപ്റ്റൻ), ജോസ് വർക്കി, ബിനോ കല്ലുങ്കൽ എന്നിവരടങ്ങുന്ന സംഘമാണ് ഒന്നാം സ്ഥാനം നേടിയത്. ഡിട്രോയിറ്റിലുള്ള ജോസ് ഏബ്രഹാം (ക്യാപ്റ്റൻ), സുനിൽ നൈനാൻ, ജോസ് ഫിലിപ്പ് ടീം രണ്ടാം സ്ഥാനവും, ചിക്കാഗോയിൽ നിന്നുള്ള ജോസഫ് ആലപ്പാട്ട് (ക്യാപ്റ്റൻ), ജോമോൻ തൊടുകയിൽ, കുര്യൻ നെല്ലാമറ്റം ടീം മൂന്നാം സ്ഥാനവും, ന്യൂയോർക്കിൽ നിന്നുള്ള ടോം തോമസ് (ക്യാപ്റ്റൻ), ഷാജി തോമസ്, ബിജു അപ്പൻ ടീം നാലാം സ്ഥാനവും കരസ്ഥമാക്കി.

അമേരിക്കയിലെ വിവിധ സ്റ്റേറ്റുകൾക്ക് പുറമെ കാനഡ, കുവൈറ്റ്, ജർമ്മനി എന്നിവിടങ്ങളിൽ നിന്നായി നൂറോളം ടീമുകളാണ് ഇത്തവണ ട്രോഫിക്കായി മാറ്റുരച്ചത്. ഫാ. ബിൻസ് ചേത്തലിൽ ഉദ്ഘാടനം ചെയ്ത ചടങ്ങുകൾക്ക് ടൂർണമെന്റ് ജനറൽ കോ-ഓർഡിനേറ്റർ ഷിബു ജെയിംസ്, ഡാളസ് ചെയർപേഴ്സൺ ഷാജി പഴുക്കായിൽ, നാഷണൽ കോ-ഓർഡിനേറ്റർമാരായ മാത്യു ചെരുവിൽ (ചെയർപേഴ്സൺ, ഡിട്രോയിറ്റ്), കുര്യൻ നെല്ലാമറ്റം (വൈസ് ചെയർമാൻ, ചിക്കാഗോ), സാം ജെ. മാത്യു (കാനഡ), രാ




**മാർട്ടിൻ വിലങ്ങോലിൽ**

ജൻ മാത്യു (ഡാളസ്), നിതിൻ ഈപ്പൻ (കണക്റ്റിക്കട്ട്), സാബു സ്കറിയ (ഫിലാഡൽഫിയ), ഐടി കോ-ഓർഡിനേറ്റർമാരായ ബിനോയ് ശങ്കരത്ത് (വാഷിംഗ്ടൺ ഡിസി), ആൽവിൻ ഷിക്കോർ (ചിക്കാഗോ) എന്നിവർ നേതൃത്വം നൽകി.

ടൂർണമെന്റിന്റെ വിജയത്തിനായി പ്രവർത്തിച്ച കളിക്കാർ, ക്യാപ്റ്റൻമാർ, ഐടി കോ-ഓർഡിനേറ്റർമാർ, വോളന്റിയർമാർ, സ്പോൺസർമാർ, സംഘാടകർ എന്നിവർക്ക് ഭാരവാഹികൾ നന്ദി അറിയിച്ചു.

# ബിനോയ് ചാക്കോയുടെ സംഗീത പരിപാടി സ്നേഹ സംഗീതം ഒക്ടോബർ 11–ന് ചിക്കാഗോയിൽ

ചിക്കാഗോ: പ്രസിദ്ധ ഗായകൻ ബിനോയ് ചാക്കോ നേതൃത്വം നൽകുന്ന സ്നേഹ സംഗീതം ക്രിസ്തീയ സംഗീത പരിപാടി ഒക്ടോബർ 11-ന് ഞായറാഴ്ച 6 മണിമുതൽ ഡെസ്പ്ലയ്ൻസിലുള്ള സയോൺ ക്രിസ്ത്യൻ ചർച്ചിൽ നടക്കും. പ്രവേശനം സൗജന്യമായിരിക്കും. പഴയതും പുതിയതുമായ ഗാനങ്ങൾ ലൈവ് ഓർക്കസ്ട്രായുടെ സഹായത്തോടെ രണ്ടര മണിക്കൂർ നീണ്ട് നിൽക്കുന്ന പ്രോഗ്രാമിൽ ബിനോയ് ചാക്കോ അവതരിപ്പിക്കും.

ചിക്കാഗോ 'ഹിസ് വോയിസ്' സാങ്കേതിക സഹായങ്ങൾ നൽകും. പരിപാടിയുടെ പോസ്റ്റർ റിലീസിംഗ് സെപ്റ്റംബർ 30-ന് ഐപിസി ഹെബ്രോൻ ഗോസ്പൽ സെന്ററിൽ നടന്ന ചടങ്ങിൽ മാധ്യമ പ്രവർത്തകൻ കുര്യൻ

**കുര്യൻ ഫിലിപ്പ്**

ഫിലിപ്പ് നിർവ്വഹിച്ചു. സജി തോമസ് വടക്കേക്കുറ്റ്, റോണി കോശി എന്നിവരാണ് മുഖ്യ സംഘാടകർ. ജെയ്ബു കുളങ്ങരയാണ് മെഗാ സ്പോൺസർ. കൂടുതൽ വിവരങ്ങൾക്ക്: 847 912 5578, 973 687 5658.










# മാർ തോമസ് ആനിമൂട്ടിൽ കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായി





കോട്ടയം: കുടിയേറ്റ മണ്ണിന്റെ പുത്രൻ മാർ തോമസ് ആനിമൂട്ടിൽ ക്നാനായ രൂപതയുടെ മെത്രാനായും കോട്ടയം അതിരൂപതയുടെ സഹായമെത്രാനായും അഭിഷിക്തനായി. ക്രിസ്തുരാജ കത്തീഡ്രലിൽ നടന്ന ഭക്തിനിർഭരമായ ചടങ്ങിൽ അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് മുഖ്യകാർമികത്വം വഹിച്ചു. കോട്ടയം അതിരൂപതാ മെത്രാസന മന്ദിരത്തിൽനിന്ന് ക്രിസ്തുരാജ കത്തീഡ്രലിലേക്കുള്ള പ്രദക്ഷിണത്തോടെയാണ് മെത്രാഭിഷേക ശുശ്രൂഷകൾക്ക് തുടക്കമായത്. ക്നാനായ സമൂഹത്തിലെ 72 ഇല്ലങ്ങളെ പ്രതിനിധീകരിച്ച് 72 മുത്തുക്കുടകളുമായി വനിതകൾ പ്രദക്ഷിണത്തിൽ അണിനിരന്നു. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളും സഹകാർമ്മികരായ വൈദികരും മെത്രാൻമാരും നിയുക്ത മെത്രാനും മുഖ്യകാർമ്മികനും പ്രദക്ഷിണത്തിൽ പങ്കെടുത്തു. കത്തീഡ്രലിൽ എത്തിയശേഷം കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ സ്വാഗതം ആശംസിച്ചു. തുടർന്ന് നിയുക്ത മെത്രാൻ രക്തസാക്ഷികളുടെ തിരുശേഷിപ്പുകളെ വണങ്ങുകയും മുഖ്യകാർമികനുമുമ്പിൽ വിശ്വാസപ്രഖ്യാപനം നടത്തുകയും ചെയ്തു. തുടർന്ന് മെത്രാഭിഷേക ശുശ്രൂഷകൾ ആരംഭിച്ചു.

മുഖ്യകാർമികൻ നിയുക്ത മെത്രാനെ കിരീടമണിയിക്കുകയും അംശവടി നൽകുകയും ചെയ്തു. തുടർന്ന് പ്രധാനകാർമികൻ അദ്ദേഹത്തെ മെത്രാനായി പ്രഖ്യാപിച്ച് അഭിഷേകം നടത്തി. നെറ്റിയിൽ വിശുദ്ധ തൈലം പൂശി അഭിഷേകം ചെയ്തതോടെ മാർ തോമസ് ആനിമൂട്ടിൽ കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി ഉയർത്തപ്പെട്ടു. തലശേരി അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി, ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷൻ മാർ തോമസ് തറയിൽ എന്നിവർ സഹകാർമ്മികരായിരുന്നു. കോഴിക്കോട് അതിരൂപതാദ്ധ്യക്ഷൻ ഡോ. വർഗീസ് ചക്കാലക്കൽ വചനസന്ദേശം നൽകി. ഇന്ത്യയിലെ വത്തിക്കാൻ എംബസിയിലെ സെക്കൻഡ് സെക്രട്ടറി ഫാ. നിക്കോളാസ് ഗ്രാഫ് വോൺ മാഗ്നിസ് ചടങ്ങിൽ സന്ദേശം നൽകി. തിരുവല്ല അതിരൂപത മെത്രാപ്പൊലീത്ത തോമസ് മാർ കൂറിലോസ് ആശംസകൾ നേർന്നു. മാർ തോമസ് ആനിമൂട്ടിൽ നന്ദി പറഞ്ഞു. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച് ബിഷപ് ഡോ. തോമസ് നെറ്റോ, മാർ ജോസഫ് പെരുന്തോട്ടം, ഗീവർഗീസ് മാർ അപ്രേം, മാർ ജോസ് പുത്തൻവീട്ടിൽ, മാർ ജോൺ നെല്ലിക്കുന്നേൽ, മാർ പോളി കണ്ണൂക്കാടൻ, മാർ ജോസ് പുളിക്കൽ, മാർ മാത്യു അറയ്ക്കൽ, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ ബോസ്കോ പുത്തൂർ, മാർ ജോർജ് പെരുന്നേടം, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞറളക്കാട്ട്, മാർ തോമസ് പടിയത്ത്, ബിഷപ് ജോസഫ് മാർ തോമസ്, ബിഷപ് വിൻസന്റ് മാർ പൗലോസ്, ബിഷപ് യൂഹന്നാൻ മാർ തിയഡോഷ്യസ്, ബിഷപ് തോമസ് മാർ ഐറേനിയോസ്, ബിഷപ് ഗീവർഗീസ് മാർ മക്കറിയോസ്, ബിഷപ് യൂഹന്നാൻ മാർ അലക്സിയോസ്, ബിഷപ് യൂഹന്നാൻ മാർ ക്രിസ്റ്റോസം, ഡോ. ജോർജ് പള്ളിപ്പറമ്പിൽ, ഡോ. ജെയിംസ് തോപ്പിൽ, ഡോ. അഗസ്റ്റിൻ മഠത്തിക്കുന്നേൽ, ഡോ. ആന്റണി വാലുങ്കൽ, ഡോ. ജെയിംസ് ആനാപറമ്പിൽ, മാത്യൂസ് മാർ പക്കോമിയോസ്, ഡോ. ആന്റണി കാട്ടിപറമ്പിൽ, കുര്യാക്കോസ് മാർ സേവേറിയോസ്, കുര്യാക്കോസ് മാർ ഗ്രിഗോറിയോസ്, ഡോ. സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ, ഡോ. സെൽവരാജ് ദാസൻ, ബിഷപ് ഫ്രാങ്കോ മുളയ്ക്കൽ, ഷെവലിയാർ ജോയ് ജോസഫ് കൊടിയന്തറ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മന്ത്രി മോൻസ് ജോസഫ്, ചീഫ് വിപ് അപു ജോൺ ജോസഫ്, സജീവ് ജോസഫ് എം.എൽ.എ, ഫ്രാൻസിസ് ജോർജ് എംപി, ജസ്റ്റിസ് സിറിയക് ജോസഫ്, മുൻ എംഎൽഎ കെ.സി. ജോസഫ്, മുൻ മന്ത്രി റോഷി അഗസ്റ്റിൻ, മുൻ എംപി തോമസ് ചാഴിക്കാടൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്, ജസ്റ്റിസ് കുര്യൻ ജോസഫ്, ജോസ് കെ. മാണി എംപി, സ്റ്റീഫൻ ജോർജ് എക്സ് എംഎൽഎ, ജോസഫ് വാഴയ്ക്കൻ എക്സ് എംഎൽഎ, ഷോൺ ജോർജ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. കോട്ടയം അതിരൂപതാ സിഞ്ചെല്ലൂസ് ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ചാൻസലർ ഫാ. തോമസ് ആദോപ്പിള്ളിൽ, പ്രൊക്കുറേറ്റർ ഫാ. അബ്രാഹം പറമ്പേട്ട് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.









## മാർ തോമസ് ആനിമൂട്ടിൽ കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ ചടങ്ങ് ചിത്രങ്ങളിലൂടെ...





























# എന്നും നിലപാടുകൾക്കൊപ്പം ജോസ് കെ. മാണി എം. പി.





അഭിമുഖം: ജോസ് കണിയാലി

**കേ**രള രാഷ്ട്രീയത്തിൽ കെ.എം. മാണി എന്ന പാലാക്കാരുടെ സ്വന്തം മാണി സാർ എങ്ങനെ അടയാളപ്പെട്ടുവോ അത്രതന്നെ ഭംഗിയായി ജോസ് കെ. മാണിയും എഴുതപ്പെട്ടിരിക്കുന്നു. നിലപാടുകൾകൊണ്ടും നാടിന് വേണ്ടിയുള്ള മുന്നേറ്റം കൊണ്ടും ചരിത്രത്തിലെ അതേ ജനകീയത വർത്തമാന കാലത്തിലും അദ്ദേഹം നിലനിർത്തുന്നു.

2009-ലും 2014-ലും കോട്ടയം ലോക്സഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട്, പ്രാതിനിധ്യത്തിന്റെയും വികസന പദ്ധതികളുടെയും മികച്ച ട്രാക്ക് റെക്കോർഡുള്ള എം.പിയെന്ന നിലയിൽ ജോസ് കെ. മാണി പ്രസിദ്ധി നേടി. കോട്ടയത്തെ ഒരു സയൻസ് സിറ്റിയായി വികസിപ്പിക്കുക, വിദ്യാഭ്യാസ രംഗത്ത് കേന്ദ്ര സ്ഥാപനങ്ങൾ കൊണ്ടുവരിക, കേരളത്തിലെ ആദ്യത്തെ പാസ്സ്പോർട്ട് സേവാ കേന്ദ്രം കൊണ്ടുവരിക, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ മുന്നോട്ട് വെക്കുക തുടങ്ങിയ നിരവധി മേഖലകളിൽ അദ്ദേഹം സജീവമായി ഇടപെട്ടു.

2009-ൽ കോട്ടയം ലോക്സഭാ മണ്ഡലത്തിൽനിന്ന് ആദ്യമായി പാർലമെന്റിലെത്തിയ ജോസ് കെ. മാണി 2014-ലും ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. രാജ്യസഭ എം.പി ആയതിന് ശേഷം ദേശീയ രാഷ്ട്രീയത്തിലെ പാർലമെന്ററി ഇടപെടലുകൾക്കൊപ്പം കേരള രാഷ്ട്രീയത്തിലും സജീവമായി ഇടപെട്ട അദ്ദേഹം കേരള കോൺഗ്രസ് (എം) ചെയർമാനെന്ന നിലയിലും പാർട്ടിക്ക് നേതൃത്വം നൽകുന്നു.

രാഷ്ട്രീയ ജീവിതത്തിലെ നിർണായക ഘട്ടങ്ങൾ, നേരിട്ട അനുഭവങ്ങൾ, കേരളത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ, കാലിക വിഷയങ്ങളിലെ നിലപാടുകൾ എന്നിവയെക്കുറിച്ച് ജോസ് കെ. മാണി ചിക്കാഗോയിൽ കേരളാ എക്സ്പ്രസ്സ് എക്സിക്യൂട്ടിവ് എഡിറ്റർ ജോസ് കണിയാലിയോട് സംസാരിക്കുന്നു.

**എൽ.ഡി.എഫ്. ജനങ്ങളുടെ മനസ്സിൽ നിന്ന് പടിയിറങ്ങി എന്നൊരു പൊതുവായ അഭിപ്രായമുണ്ട്. അതിൽ ശരിയുണ്ടോ? കേരള കോൺഗ്രസ് അതിനെ എങ്ങനെയാണ് വിലയിരുത്തുന്നത്?**

സാധാരണയായി കേരളത്തിലെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ, അഞ്ചുവർഷം ഒരു മുന്നണി ഭരിച്ചതിനുശേഷം അടുത്ത അഞ്ചുവർഷം മറ്റൊരു മുന്നണി അധികാരത്തിലെത്തുന്ന രീതിയാണ് കണ്ടുവരുന്നത്. ആ രാഷ്ട്രീയ പാറ്റേണിൽ മാറ്റം വരുത്തിയത് എൽഡിഎഫാണ്. തുടർച്ചയായി പത്തുവർഷം ഭരിക്കാൻ എൽഡിഎഫിന് അവസരം ലഭിച്ചത് ജനങ്ങൾ ആ മുന്നണിയെ സ്വീകരിച്ചതുകൊണ്ടാണ്.

കഴിഞ്ഞ പത്തുവർഷത്തിനിടെ, പ്രത്യേകിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലത്ത്, വികസന - ക്ഷേമ മേഖലകളിൽ കേരളം മുന്നിലെത്തിയിട്ടുണ്ടെന്നാണ് എന്റെ വിലയിരുത്തൽ. ദീർഘകാലാടിസ്ഥാനത്തിലുള്ള വലിയ പദ്ധതികൾ മുതൽ ജനജീവിതവുമായി നേരിട്ട് ബന്ധപ്പെട്ട പദ്ധതികൾ വരെ നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞു. തീരദേശ ഹൈവേ, മലയോര ഹൈവേ, ദേശീയപാത വികസനം, വിഴിഞ്ഞം തുറമുഖം, മെട്രോ പദ്ധതികൾ, ഇൻഫോപാർക്ക്, ടെക്നോപാർക്ക്, സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ച തുടങ്ങി നേരത്തെ സാധ്യമാകില്ലെന്ന് കരുതിയിരുന്ന പല പദ്ധതികളും യാഥാർഥ്യമായി. ആരോഗ്യ - വിദ്യാഭ്യാസ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനവും ശ്രദ്ധേയമാണ്. കേരളത്തിന്റെ മാനവ വികസന സൂചികയുമായി ബന്ധപ്പെട്ട നേട്ടങ്ങളും ഇതോടൊപ്പം കാണേണ്ടതാണ്.

എന്നാൽ പത്തുവർഷത്തെ ഭരണത്തിന് ശേഷം സ്വാഭാവികമായി ഉണ്ടാകാവുന്ന ഭരണവിരുദ്ധ വികാരവും ഇവിടെ പരിഗണിക്കണം. അഞ്ചുവർഷം കഴിയുമ്പോൾ മാറ്റം വേണമെന്നത് കേരളത്തിലെ വോട്ടർമാരുടെ ഒരു പൊതുവായ ശീലമായി നിലനിന്നിരുന്നു. അതിൽ ഇത്തവണ മാറ്റം സംഭവിച്ചു. ഒരു മുന്നണി വിജയിച്ചു എന്നതിനപ്പുറം, മുന്നണികൾക്കും പാർട്ടികൾക്കും പുറത്തുള്ള ജനവിഭാഗങ്ങളുടെ വോട്ടുകൾ എങ്ങോട്ടാണ് മാറിയത് എന്നതും പ്രധാനമാണ്. പലപ്പോഴും സ്ഥാനാർഥിയുടെ വ്യക്തിഗത മികവിനേക്കാൾ മുന്നണി എന്ന നിലയിലാണ് വോട്ടർമാർ തീരുമാനമെടുക്കുന്നത്. ഇത്തവണയും അത്തരമൊരു രാഷ്ട്രീയ മനോഭാവത്തിന്റെ പ്രതിഫലനമാണ് ഉണ്ടായതെന്ന് ഞാൻ കരുതുന്നു.

**പ്രതിസന്ധിഘട്ടങ്ങളിൽ എൽ.ഡി.എഫിനൊപ്പം നിൽക്കാനാണ് കേരള കോൺഗ്രസ് ശ്രമിച്ചത്. അത്രമാത്രം പരിഗണന ഇന്ന് കേരള കോൺഗ്രസിന് എൽ.ഡി.എഫിൽ നിന്ന് ലഭിക്കുന്നുണ്ടോ?**

യുഡിഎഫ് ഞങ്ങളെ പുറത്താക്കിയതിനുശേഷമാണ് കേരള കോൺഗ്രസ് എൽ.ഡി.എഫിന്റെ ഭാഗമായത്. ആ ഘട്ടത്തിൽ എൽ.ഡി.എഫ് ഞങ്ങളെ ചേർത്തുപിടിക്കുകയും അംഗീകാരം നൽകുകയും ചെയ്തു. അതിനുശേഷം ഭരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കേരള കോൺഗ്രസിന് ഇടപെടാനും പല വിഷയങ്ങളിലും നിലപാട് മുന്നോട്ടുവയ്ക്കാനും കഴിഞ്ഞിട്ടുണ്ട്.

മുനമ്പം വിഷയം, റബർ കർഷകരുടെ പ്രശ്നങ്ങൾ, നെൽകർഷകരുടെ വിഷയങ്ങൾ, റേഷൻ കാർഡ്, പെൻഷൻ, സാമ്പത്തികമായി പിന്നാക്ക വിഭാഗങ്ങൾക്ക് പത്ത് ശതമാനം സംവരണം, ന്യൂനപക്ഷ വിഷയങ്ങൾ തുടങ്ങി വിവിധ മേഖലകളിലും കേരള കോൺഗ്രസ് ഇടപെട്ടിട്ടുണ്ട്

കേരള കോൺഗ്രസ് ഒരു രാഷ്ട്രീയ നിലപാട് സ്വീകരിച്ചാൽ അതിനൊപ്പം ഉറച്ചു നിൽക്കുക എന്നത് പ്രധാനമാണ്. മുന്നണിയുടെ ഉയർച്ചയിലും താഴ്ചയിലും അതിനൊപ്പം നിൽക്കുക എന്നത് രാഷ്ട്രീയ ധാർമികതയുടെ ഭാഗമായാണ് ഞങ്ങൾ കാണുന്നത്. ആ നിലപാടാണ് കേരള കോൺഗ്രസ് സ്വീകരിച്ചിട്ടുള്ളത്.

**പ്രതിപക്ഷം എന്ന നിലയിൽ എൽ.ഡി.എഫ് ഇപ്പോൾ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നിട്ടുണ്ടോ? കേരള കോൺഗ്രസിന്റെ നിലപാട് എന്താണ്?**

എൽ.ഡി.എഫ് കഴിഞ്ഞദിവസം യോഗം ചേർന്നിരുന്നു. പ്രത്യക്ഷമായ സമര പരിപാടികളിലേക്ക് പോകുന്നതിന് നിരവധി കാരണങ്ങളുണ്ട്. എന്നാൽ ഇപ്പോൾ തന്നെ സമരപരിപാടികളിലേക്ക് കടക്കേണ്ടതില്ലെന്നാണ് ഞങ്ങളുടെ നിലപാട്. യുഡിഎഫ് സർക്കാരിന് പ്രവർത്തിക്കാൻ ആവശ്യമായ സമയം നൽകണം. അധികാരത്തിലെത്തി ഇപ്പോൾ മാത്രമാണ് ഓരോ മന്ത്രിമാരും അവരുടെ വകുപ്പുകളുടെ പ്രവർത്തനങ്ങളിലേക്ക് കടന്നുവരുന്നത്. അതുകൊണ്ട് കുറച്ചുകാലം കാത്തിരുന്ന് കാര്യങ്ങൾ വിലയിരുത്തുകയാണ് വേണ്ടത്.

അതേസമയം, നിരവധി വിഷയങ്ങൾ നമ്മുടെ മുന്നിലുണ്ട്. പത്തുവർഷത്തോളം കേരളത്തിൽ പവർകട്ട് ഉണ്ടായിരുന്നില്ല എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. അതുപോലെ നിത്യോപയോഗ സാധനങ്ങളുടെ വിലവർധനയും വലിയ വിഷയമാണ്. അരി, പച്ചക്കറി തുടങ്ങി സാധാരണക്കാരുടെ ജീവിതവുമായി നേരിട്ട് ബന്ധപ്പെട്ട സാധനങ്ങളുടെ വില കുത്തനെ ഉയരുന്ന സാഹചര്യമുണ്ട്. ഇത്തരത്തിൽ നിരവധി വിഷയങ്ങൾ ഇന്ന് ജനങ്ങളുടെ മുന്നിലുണ്ട്.









**അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിനെക്കുറിച്ച് പാർട്ടിയുടെ ഇപ്പോഴത്തെ പ്രധാനപ്പെട്ട രാഷ്ട്രീയ ലക്ഷ്യം എന്താണ്?**

രാഷ്ട്രീയം എപ്പോഴും മാറിമറിഞ്ഞു കൊണ്ടിരിക്കും. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരള കോൺഗ്രസ് (എം) സ്ഥാനാർത്ഥികൾക്ക് വിജയിക്കാൻ കഴിഞ്ഞില്ലെന്നത് വസ്തുതയാണ്. ആ ജനവിധിയെ ഞങ്ങൾ മാനിക്കുന്നു. എന്നാൽ തെരഞ്ഞെടുപ്പ് ഫലം വിശദമായി പരിശോധിക്കുമ്പോൾ മധ്യതിരുവിതാംകൂറിലെ പല മണ്ഡലങ്ങളിലും കേരള കോൺഗ്രസ് (എം) സ്ഥാനാർത്ഥികൾ വളരെ ചെറിയ ഭൂരിപക്ഷത്തിനാണ് പരാജയപ്പെട്ടത്. കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, പൂഞ്ഞാർ, പാലാ തുടങ്ങിയ മണ്ഡലങ്ങളിൽ ഏതാനും ആയിരം വോട്ടുകളുടെ വ്യത്യാസത്തിലാണ് പരാജയം സംഭവിച്ചത്.

കേരള കോൺഗ്രസ് (എം) സ്ഥാനാർത്ഥികൾക്ക് 3,500 മുതൽ 4,000 വരെ അധിക വോട്ടുകൾ ലഭിച്ചിരുന്നെങ്കിൽ പല മണ്ഡലങ്ങളിലും ഫലം വ്യത്യസ്തമായേനെയെന്നാണ് ഞങ്ങളുടെ വിലയിരുത്തൽ. അതുകൊണ്ടുതന്നെ പാർട്ടിയുടെ സംഘടനാ അടിത്തറ ശക്തമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഒക്ടോബർ ഒമ്പതിനാണ് കേരള കോൺഗ്രസിന്റെ ജന്മദിനം. അന്നത്തെ സംസ്ഥാന കമ്മിറ്റി യോഗത്തിൽ സംഘടനാ പുനഃസംഘടനയുമായി ബന്ധപ്പെട്ട വിശദമായ പ്രവർത്തനരേഖ അവതരിപ്പിക്കും. താഴെത്തട്ടുമുതൽ സംസ്ഥാനതലം വരെയുള്ള സംഘടനാ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് അതോടെ തുടക്കം കുറിക്കും.

**കേരള കോൺഗ്രസിൽ ഇപ്പോൾ എൽഡിഎഫിലും യുഡിഎഫിലുമായി വിവിധ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടല്ലോ. ഇവരെല്ലാം ഒരുമിച്ച് പോകാനുള്ള എന്തെങ്കിലും സാധ്യതകൾ ഉണ്ടോ?**

അതിനെക്കുറിച്ച് ഇപ്പോൾ നമ്മൾ ഒരു ചർച്ച നടത്തിയിട്ടില്ല. പക്ഷേ, യോജിക്കാനുള്ള ഇടങ്ങൾ തീർച്ചയായും ഉണ്ടല്ലോ. കേരള കോൺഗ്രസിന്റെ ചരിത്രത്തിൽ പലപ്പോഴും നമ്മൾ കണ്ടിട്ടുള്ളത്, ഒരു വിഷമഘട്ടം വരുമ്പോൾ ഒരു ആശ്രയം വേണമെന്ന ആഗ്രഹത്തോടെ കേരള കോൺഗ്രസിലേക്ക് ലയിച്ചുവരുന്ന സാഹചര്യമാണ്. എന്നാൽ ആശ്രയം കിട്ടുകയും കുറച്ച് കരുത്ത് ലഭിക്കുകയും ചെയ്താൽ ഉടൻ തന്നെ തിരിച്ചുപോകുന്ന ഒരു മനോഭാവവും പലപ്പോഴും ഉണ്ടായിട്ടുണ്ട്.

അങ്ങനെയുള്ള ഒരു മനോഭാവത്തോടുകൂടി യോജിച്ചാൽ ഒരിക്കലും അത് ശരിയാകില്ല. യോജിപ്പിന്റെ മനോഭാവം എന്നു പറയുന്നത് വീഴ്ചയിലും ഉയർച്ചയിലും എല്ലാം ഒരുമിച്ച് നിൽക്കുക എന്നതാണ്. അങ്ങനെ ഒരുമിച്ച് നിൽക്കാൻ കേരള കോൺഗ്രസിന്റെ ആധാരം എന്നു പറയുന്നത് കേരള കോൺഗ്രസ് എമ്മും മാണിസാറിന്റെ പാരമ്പര്യവുമാണ്. അവർ മുമ്പ് പി.ജെ. ജോസഫുമായി പിരിഞ്ഞുപോയിട്ടുള്ളതാണ്. അവരുടെ വിഷമഘട്ടത്തിൽ ആരുമില്ലാതിരുന്ന ഒരു സമയവും ഉണ്ടായിട്ടുണ്ട്.

ഒരു വിശാലമായ കാഴ്ചപ്പാടോടെയും നല്ല മനോഭാവത്തോടെയും ആരെങ്കിലും മുന്നോട്ടുവന്നാൽ അവരെ സ്വീകരിക്കുക എന്നതാണ് വേണ്ടത്. അതിൽ എനിക്ക് വ്യക്തിപരമായി യാതൊരു ഈഗോ പ്രശ്നവുമില്ല. അതുകൊണ്ട് ആത്മാർത്ഥമായും പരസ്പര ബഹുമാനത്തോടെയും ദീർഘകാലം ഒരുമിച്ച് നിൽക്കാനുള്ള മനോഭാവത്തോടെയുമുള്ള ഒരു യോജിപ്പാണ് ഉണ്ടാകേണ്ടത്.

**കേരളത്തിലെ ബിഷപ്പുമാരുടെ വലിയ ആഗ്രഹമാണ് കത്തോലിക്കാ സംഘടനകളെപ്പോലെ കേരള കോൺഗ്രസ് വിഭാഗങ്ങളും രാഷ്ട്രീയമായും ഒന്നിക്കണമെന്നത്. അതിനുവേണ്ടിയുള്ള എന്തെങ്കിലും ശ്രമങ്ങൾ ഇപ്പോൾ ഉണ്ടാകുന്നുണ്ടോ?**

ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ഈ ചോദ്യത്തിനുള്ള ഉത്തരം. കേരള കോൺഗ്രസ് എന്നു പറയുമ്പോൾ അടിസ്ഥാനപരമായി എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവരും അതിനകത്തുണ്ട്. അതിൽ ക്രൈസ്തവ സമൂഹത്തിൽ നിന്നുള്ള വലിയൊരു വിഭാഗവും ഉണ്ടെന്നത് വസ്തുതയാണ്. എല്ലാവരെയും ഒരുമിച്ച് കൊണ്ടുപോകണമെന്ന ആഗ്രഹം എല്ലാവർക്കുമുണ്ട്. ആ ആഗ്രഹത്തോട് ഞങ്ങൾക്ക് യാതൊരു വിയോജിപ്പുമില്ല.

**ഈ അമേരിക്കൻ യാത്രയിലൂടെ അമേരിക്കൻ മലയാളികളുടെ ജീവിതരീതിയെക്കുറിച്ചും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും മനസ്സിലാക്കിയിട്ടുണ്ടാകുമല്ലോ. അമേരിക്കൻ മലയാളികൾക്ക് നൽകാനുള്ള സന്ദേശം എന്താണ്?**

അമേരിക്കയിൽ എത്തിയിരിക്കുന്ന മലയാളികളിൽ 99 ശതമാനം പേരും നമ്മുടെ നാട്ടിൽ ലഭ്യമല്ലാത്ത നല്ല അവസരങ്ങൾ തേടിയാണ് വിദേശത്തേക്ക് വന്നത്. കഠിനാധ്വാനത്തിലൂടെ വലിയ നേട്ടങ്ങൾ കൈവരിച്ച് നല്ല നിലയിലെത്തിയവരാണ് ഭൂരിഭാഗവും. ഇന്ന് നിരവധി മലയാളികൾ അമേരിക്കയിൽ മികച്ച നിലവാരത്തിലുള്ള ജീവിതം നയിക്കുന്നുണ്ട്. അതോടൊപ്പം സംരംഭക മേഖലയിലും വിവിധ തൊഴിൽ മേഖലകളിലും വലിയ നേട്ടങ്ങൾ കൈവരിച്ചവരും അവിടെയുണ്ട്.

പ്രവാസി മലയാളികളിൽ പലരും കേരളത്തിലേക്ക് പണം നിക്ഷേപിക്കണമെന്ന ആഗ്രഹമുള്ളവരാണ്. കേരളത്തിലെ നിക്ഷേപ അന്തരീക്ഷത്തെക്കുറിച്ച് പലതരത്തിലുള്ള അഭിപ്രായങ്ങളും പരാതികളും ഉണ്ടായേക്കാം. എന്നാൽ ആ സാഹചര്യങ്ങളിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എന്തായാലും ഇന്ന് നമുക്ക് ഏറ്റവും ആവശ്യമുള്ളത് പണം മാത്രമല്ല. നോളജും ഇന്നൊവേഷനുമാണ്.

അമേരിക്കയിലുള്ള മലയാളികൾക്ക് കേരളം നന്നാകണം എന്ന വലിയ ആഗ്രഹമുണ്ട്. ആ മനോഭാവത്തെ കേരളത്തിന്റെ വികസനത്തിനായി കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തണം. പണം കേരളത്തിലേക്ക് വന്നു, അതിലൂടെ നിക്ഷേപങ്ങൾ ഉണ്ടായി. നിക്ഷേപങ്ങളിലൂടെ സംരംഭങ്ങൾ വളർന്നു, സംരംഭങ്ങളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഇനി ഈ വളർച്ച അടുത്ത ഘട്ടത്തിലേക്ക് പോകണം. അത് ഇന്നൊവേഷനിലേക്കും നോളജിലേക്കും എത്തണം.

അമേരിക്കയിൽ ഇന്ന് വലിയ കമ്പനികളിലും വിവിധ ഉന്നത മേഖലകളിലും പ്രവർത്തിക്കുന്ന നിരവധി മലയാളികളുണ്ട്. അവർ ആർജിച്ച അറിവും വൈദഗ്ധ്യവും അനുഭവസമ്പത്തും കേരളത്തിലേക്ക് കൊണ്ടുവരാൻ നമുക്ക് കഴിയണം. കേരളത്തിലെ പലർക്കും ഇപ്പോഴും അത്ര പരിചിതമല്ലാത്ത പുതിയ സാങ്കേതിക വിദ്യകളും മാനേജ്മെന്റ് രീതികളും സംരംഭകത്വത്തിലെ പുതിയ ആശയങ്ങളും അവരിലൂടെ കേരളത്തിലേക്ക് എത്തിക്കാനാകും.

അതുകൊണ്ട് ഞാൻ പറയുന്ന നിക്ഷേപം പണം മാത്രം നിക്ഷേപിക്കുന്നതല്ല. അറിവിന്റെയും വൈദഗ്ധ്യത്തിന്റെയും ഇന്നൊവേഷന്റെയും നിക്ഷേപം കൂടിയാണ്. അമേരിക്കൻ മലയാളികൾ ആർജിച്ച അറിവും അനുഭവസമ്പത്തും കേരളത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ കേരളത്തിന് കൂടുതൽ മുന്നോട്ട് പോകാൻ കഴിയും. അതാണ് അമേരിക്കൻ മലയാളികളോട് എനിക്ക് പറയാനുള്ള പ്രധാന സന്ദേശം.





# കഥ – കവിത പുരസ്കാരങ്ങൾ സമ്മാനിച്ചു

**ബാജി ഓടംവേലി**

ഡാളസ്: കേരള ലിറ്റററി സൊസൈറ്റി ഡാളസിന്റെ 2026-ലെ കഥ-കവിത പുരസ്കാരങ്ങൾ സമ്മാനിച്ചു. ജേക്കബ് മനയിൽ കവിതാ പുരസ്കാരം പ്രശസ്ത എഴുത്തുകാരൻ സക്കറിയ, കവയത്രി റഹിമാബി മൊയ്തീന് നല്കി. ഏബ്രഹാം തെക്കേമുറി കഥാപുരസ്കാരം പ്രശസ്ത നോവലിസ്റ്റ് വി.ജെ. ജെയിംസ് കഥാകാരൻ അനിലാൽ ശ്രീനിവാസന് നല്കി. പ്രത്യേക ജൂറി കഥാ പുരസ്കാരം വി.ജെ. ജെയിംസ് കഥാകാരി ദിവ്യ മേനോന് നല്കി.












പ്രശസ്ത നോവലിസ്റ്റ് വി.ജെ. ജെയിംസ് (കഥ) പ്രശസ്ത കവി ഡോ. സി. രാവുണ്ണി എന്നിവരായിരുന്നു അന്തിമ വിധികർത്താക്കൾ. സാമുവേൽ യോഹന്നാൻ, മീനു എലിസബത്ത്, ഡോ. ദർശന മനയത്ത് എന്നിവരാണ് കഥയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്. സി.വി. ജോർജ്, ഷാജു ജോൺ, അനശ്വരം മാമ്പിള്ളി എന്നിവരാണ് കവിതയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്.

ഏബ്രഹാം തെക്കേമുറി കഥാപുരസ്കാരം ലഭിച്ചത് എസ്. അനിലാലിന്റെ (ചിക്കാഗോ) 'അരക്കാലുകളുടെ ലോകത്തെ ശബ്ദങ്ങൾ' എന്ന കഥയ്ക്കും കവി ജേക്കബ് മനയിൽ കവിതാ പുരസ്കാരം ലഭിച്ചത് റഹിമാബി മൊയ്തീന്റെ (മെറിലാന്റ്) 'പെണ്ണടയാളങ്ങൾ' എന്ന കവിതയ്ക്കുമാണ്. രണ്ട് വിഭാഗത്തിലും 25,000 രൂപയും പ്രശസ്തിപത്രവുമാണ് സമ്മാനമായി നല്കിയത്. ദിവ്യ മേനോന്റെ (ഡാളസ്) അഭിമുഖം എന്ന കഥയ്ക്ക് സ്പെഷൽ ജൂറി പുരസ്കാരവും ലഭിച്ചു.

ഏകാകിതയുടെ പാരമ്യതയിൽ ഒരുവൻ സ്വന്തം ഉള്ളിലെ വിസ്മരിക്കപ്പെട്ടുപോയ മനുഷ്യനെ കണ്ടെത്തുന്ന കഥാസന്ദർഭങ്ങൾ കൈയടക്കത്തോടെ അവതരിപ്പിക്കുന്ന മികച്ച കഥയാണ് പുരസ്കാരം ലഭിച്ച അരക്കാലുകളുടെ ലോകത്തെ ശബ്ദങ്ങൾ എന്നും പ്രത്യേക ജൂറി പുരസ്കാരം ലഭിച്ച അഭിമുഖം അതുപോലെ തന്നെ വേറിട്ടു നിൽക്കുന്ന മനോഹരമായൊരു കഥയാണെന്നും ജീവതാവസ്ഥകളെ വാക്കുകളുടെ ത്രാസിലിട്ട് തൂക്കുന്ന മികച്ച സന്ദർഭങ്ങളുണ്ട് ഈ കഥയിലെന്നും വിധികർത്താവ് വി.ജെ. ജെയിംസ് വിലയിരുത്തി. കവിതകളും മികച്ച നിലവാരം പുലർത്തിയതായി കവിതകളുടെ വിധികർത്താവ് ഡോ. സി. രാവുണ്ണി അഭിപ്രായപ്പെട്ടു. 2026 സെപ്റ്റംബർ 26-ന് ശനിയാഴ്ച വാഷിങ്ടൺ ഡിസിയിൽ നടന്ന ലാന റീജണൽ കൺവൻഷനിലാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്. കേരള ലിറ്ററി സൊസൈറ്റിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ 915 613 6566 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# ഗോൾഫ് വ്യൂ സമ്മർ പിക്നിക് അവിസ്മരണീയമായി

**തോമസ് ഡിക്രൂസ്**

ചിക്കാഗോ: ഡെസ്പ്ലെയ്ൻസ് ഗോൾഫ് വ്യൂ ഡെവലപ് സെന്ററിൽ ജോലി ചെയ്തിട്ടുള്ള മലയാളികൾ ആദ്യമായി നടത്തിയ സമ്മർ പിക്നിക് അവിസ്മരണീയമായി. സെപ്റ്റംബർ 26-ന് ശനിയാഴ്ച രാവിലെ പതിനൊന്നുമണിക്ക് ഡെസ്പ്ലെയ്ൻസ് ലയ്ൻസ്വുഡ്സിൽ ആരംഭിച്ച പരിപാടികളിൽ ഗോൾഫ് വ്യൂ ജീവനക്കാരും മുൻ ജീവനക്കാരുമായിരുന്നിട്ടുള്ള ചിക്കാഗോയിലെ നിരവധി സുഹൃത്തുക്കൾ കുടുംബസമേതം സജീവമായി പങ്കെടുത്തു. ഗെയിംസ്, സ്നേഹവിരുന്ന് എന്നിവ ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ നാലുമണിക്ക് സമാപിച്ചു. വിരമിച്ച സീനിയർ അംഗങ്ങൾ മുതൽ ഓരോരുത്തരും ഗോൾഫ് വ്യൂ സെന്ററിൽ ജോലി ചെയ്തുവരവെ തങ്ങൾക്ക് ഉണ്ടായ സന്തോഷകരമായ അനുഭവങ്ങൾ പങ്കുവെക്കുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്തത് കൂട്ടായ്മയുടെ പുതിയ അനുഭവമായി. ഗോൾഫ് വ്യൂ സെന്റർ മലയാളി സ്റ്റാഫ് ആദ്യമായി നടത്തിയ സമ്മർ ഫാമിലി പിക്നിക് എല്ലാ അംഗങ്ങളെയും പരസ്പരം നേരിൽ കാണാനും സന്തോഷം പങ്കിടാനുമുള്ള സുവർണ്ണാവസരമാകുവാൻ കഴിഞ്ഞതായി അംഗങ്ങൾ പറഞ്ഞു. പിക്നിക് വൻ വിജയമാക്കിയ എല്ലാവർക്കും സംഘാടകർ നന്ദി പറഞ്ഞു. പ്രോഗ്രാം കമ്മിറ്റി അംഗങ്ങളായ സച്ചിൻ ജേക്കബ്, ജോസഫ് കാളാശ്ശേരി, സോണി അബ്രഹാം, റോയ് തോമസ്, ജിനേഷ് കുര്യൻ, ജീമോൻ അറയ്ക്കൽ, തോമസ് മത്തായി, ജോണി പെരുമാനൂർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ഗോൾഫ് വ്യൂ സമ്മർ പിക്നിക് തുടർന്ന് എല്ലാ വർഷവും നടത്താനും അംഗങ്ങൾ തീരുമാനിച്ചു.



# കേരള സെന്ററിന്റെ വാർഷിക അവാർഡ്ദാന ചടങ്ങിൽ ഇന്ത്യൻ അമേരിക്കൻ മലയാളികൾക്ക് ആദരം നല്കുന്നു

എൽമണ്ട്, ന്യൂയോർക്ക്: സമൂഹനന്മയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരും തങ്ങളുടെ പ്രവർത്തന മേഖലകളിൽ പ്രതിഭ തെളിയിച്ചവരുമായ എട്ട് ഇന്ത്യൻ അമേരിക്കൻ മലയാളികളെ കേരള സെന്റർ അവാർഡ് നല്കി ആദരിക്കുന്നതിനായി തെരഞ്ഞെടുത്തു.

ഒക്ടോബർ 24-ന് ശനിയാഴ്ച 5 മണിക്ക് കേരള സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന മുപ്പത്തിനാലാമത് വാർഷിക അവാർഡ്ദാന ചടങ്ങിൽ വെച്ച് ഇവരെ ആദരിക്കുന്നതാണ്.

അമേരിക്കയിലെയും കേരളത്തിലെയും സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ നേതാക്കൾ ഈ അവാർഡ്ദാന ചടങ്ങിൽ പങ്കെടുക്കും.

പ്രഗത്ഭരും സമൂഹനന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്നവരുമായ അമേരിക്കൻ മലയാളികളെ കേരള സെന്റർ 1992 മുതൽ ആദരിച്ചുവരുന്നു.

എല്ലാ വർഷവും അവാർഡ് നോമിനികളെ ക്ഷണിക്കുകയും അവരിൽ നിന്ന് ഓരോ കാറ്റഗറിയിലെയും യോഗ്യരായവരെ അവാർഡ് സെലക്ഷൻ കമ്മിറ്റി എതിരില്ലാതെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

ഈ വർഷം തെരഞ്ഞെടുക്കപ്പെട്ടവരും കഴിഞ്ഞ വർഷങ്ങളിലെപ്പോലെ പ്രതിഭാസമ്പന്നർ തന്നെയാണെന്ന് കേരള സെന്റർ ട്രസ്റ്റി ബോർഡ് ചെയർമാനും അവാർഡ് കമ്മിറ്റി മെമ്പറുമായ ഡോ. തോമസ് എബ്രഹാം പ്രസ്താവിച്ചു.

സ്വന്തം പ്രവർത്തന രംഗത്ത് പ്രതിഭ തെളിയിക്കുകയും മറ്റുള്ളവർക്ക് നന്മ ചെയ്ത് സമൂഹപുരോഗതിക്ക് സംഭാവന നല്കുകയും ചെയ്യുന്ന അമേരിക്കൻ മലയാളികളെ ആദരിക്കുന്നതിൽ കേരള സെന്ററിന് വളരെ സന്തോഷമുണ്ടെന്നും അവരുടെ മാതൃക മറ്റുള്ളവർക്ക് ഒരു പ്രചോദനം ആണെന്നും ഡയറക്ടർ ബോർഡിന്റെയും അവാർഡ് കമ്മിറ്റിയുടെയും ചെയർമാനായ ഡോ. മധു ഭാസ്കരൻ തന്റെ പ്രസ്താവനയിൽ പറഞ്ഞു.



കേരള സെന്ററിന്റെ 2026-ലെ അവാർഡ് ജേതാക്കൾ: മുകളിൽ ഇടത്തുനിന്ന്-ലെജിസ്ലേറ്റർ ആനന്ദ് നമ്പ്യാർ, ഡോ. ജോ വർഗീസ്, ഡോ. ബീന എസ്. പീറ്റേഴ്സ്, ഡോ. ഗിരീഷ് കുമാർ പണിക്കർ. താഴെ ഇടത്തുനിന്ന്-ടി.എസ്. നന്ദകുമാർ, സിബി ഡേവിഡ്, പ്രിൻസ് ജോൺസൺ, ജോസ് ചെരിപുറം.

ഡോ. തോമസ് എബ്രഹാം, ഡോ. മധു ഭാസ്കരൻ എന്നിവർക്കു പുറമെ വർക്കി എബ്രഹാം, ഡെയ്സി പി. സ്റ്റീഫൻ, ഡോ. മേരിലിൻ ജോർജ് എന്നിവരായിരുന്നു മറ്റ് അവാർഡ് കമ്മിറ്റി അംഗങ്ങൾ.

**ഈ വർഷം ആദരിക്കപ്പെടുന്നവരും അവരുടെ പ്രവർത്തനമേഖലയും:**

ലെജിസ്ലേറ്റർ ആനന്ദ് നമ്പ്യാർ-രാഷ്ട്രീയ നേതൃത്വം & മുഖ്യ പ്രഭാഷകൻ. ഡോ. ജോ വർഗീസ്-വൈദ്യശാസ്ത്രം. ഡോ. ബീന എസ്. പീറ്റേഴ്സ്-നേഴ്സിംഗ് നേതൃത്വം. ഡോ. ഗിരീഷ് കുമാർ പണിക്കർ-അപ്ലൈഡ് സയൻസസ്. ടി.എസ്. നന്ദകുമാർ-പെർഫോമിംഗ് ആർട്സ്. സിബി ഡേവിഡ്-കമ്യൂണിറ്റി സർവീസ്. പ്രിൻസ് ജോൺസൺ-വിദ്യാഭ്യാസം. ജോസ് ചെരിപുറം-പ്രവാസി മലയാള സാഹിത്യം.

കഴിഞ്ഞ മുപ്പത്തിമൂന്ന് വർഷങ്ങളിൽ കേരള സെന്റർ ആദരിച്ച 195-ഓളം അമേരിക്കൻ മലയാളികൾ കൂടുതൽ ഉയരങ്ങളിൽ എത്തുവാൻ ശ്രമിക്കുന്നതിലും സേവനത്തിന്റെ പാതയിലൂടെ മുന്നോട്ടു പോകുന്നതിലും വളരെ സന്തോഷമുണ്ടെന്ന് പ്രസിഡണ്ട് അലക്സ് എസ്തപ്പാൻ തന്റെ പ്രസ്താവനയിൽ പറഞ്ഞു.

അവാർഡ്ദാന ചടങ്ങിനോടനുബന്ധിച്ച് വൈവിധ്യമാർന്ന കലാപരിപാടികളും അത്താഴവിരുന്നും ഉണ്ടായിരിക്കും. ഈ പുരസ്കാര ചടങ്ങിൽ പങ്കെടുക്കുവാൻ നിങ്ങൾ ഓരോരുത്തരെയും കേരള സെന്ററിലേക്ക് ഹാർദ്ദമായി ക്ഷണിക്കുന്നു.

നിങ്ങളുടെ സീറ്റ് റിസർവ് ചെയ്യുവാൻ കേരള സെന്ററുമായി ബന്ധപ്പെടുക:kc@keralacenterny.com, Phone: 516 358 2000.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: അലക്സ് കെ. എസ്തപ്പാൻ (പ്രസിഡണ്ട്) 516 503 9387, രാജു തോമസ് (സെക്രട്ടറി) 516 434 0669.

## അച്ചാമ്മ ഉതുപ്പ് അന്തരിച്ചു



ഡാളസ്: പുതുപ്പള്ളി ചക്കുംചിറ മേടക്കുന്നേൽ പരേതനായ സി.വി. ഉതുപ്പിന്റെ ഭാര്യ അച്ചാമ്മ ഉതുപ്പ് (89) അന്തരിച്ചു. പരേത നാലുന്നാക്കൽ കോട്ടപ്പുറം കുടുംബാംഗമാണ്. മക്കൾ: ശോശാമ്മ ജോസഫ് (കുഞ്ഞുമോൾ-ഡാളസ്), അന്നമ്മ ഫിലിപ്പ് (സാലി-മുംബൈ), ഷീല മാത്യൂസ് (മുംബൈ), ജയ്മോൾ എബ്രഹാം (പുതുപ്പള്ളി). മരുമക്കൾ: ജോസഫ് ഈപ്പൻ (ജോസ്-ഡാളസ്), ജോൺ ഫിലിപ്പ് (മുംബൈ), മാത്യൂസ് പൗവ്വത്തികുന്നേൽ (മുംബൈ), എബ്രഹാം ജോർജ് (പുതുപ്പള്ളി).

ഒക്ടോബർ 7-ന് ബുധനാഴ്ച രാവിലെ 8-ന് ഭൗതികശരീരം പുതുപ്പള്ളിയിലുള്ള ജയ്മോൾ എബ്രഹാമിന്റെ ഭവനത്തിൽ കൊണ്ടുവരുന്നതും 3 മണിക്ക് പരിയാരം സെ. തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ ശുശ്രൂഷകൾക്കുശേഷം മൃതദേഹം സംസ്കരിക്കുന്നതുമാണ്. വിവരങ്ങൾക്ക്: ജോസഫ് ഈപ്പൻ 914 837 3538, എബ്രഹാം ജോർജ് 9495394897.

# കാരുണ്യ കൈനീട്ടവുമായി ഡാളസ് ഇടവക സെന്റ് വിൻസെന്റ് ഡി പോൾ ദിനം

ജോക്കുട്ടി മേലേടത്ത്

ഡാളസ്: ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവകയിൽ വി. വിൻസെന്റ് ഡി പോൾ തിരുനാൾ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ “കാരുണ്യ ദിനം” ആയി ആഘോഷിച്ചു. അഴുകാത്ത ഹൃദയം ഇന്നും വി. വിൻസെന്റ് ഡി പോളിന്റെ സൂക്ഷിക്കുക വഴി അലിവുള്ള ഹൃദയത്തിന് അഴക് ഒരിക്കലും നശിക്കില്ല എന്ന് തിരുനാൾ സന്ദേശത്തിൽ വികാരി ഫാ. ബിൻസ് ചേത്തലിൽ അനുസ്മരിപ്പിച്ചു. വിൻസെന്റ് ഡി പോൾ സൊസൈറ്റിവഴി നടത്തിയ കാരുണ്യ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് ട്രസ്റ്റി കോ-ഓർഡിനേറ്റർ ടെറി വാളാച്ചേരിൽ അവതരിപ്പിച്ചു.





വിൻസെന്റ് ഡി പോൾ അംഗങ്ങൾ വി. കുർബാനയ്ക്ക് നേതൃത്വം നൽകി. അന്നേദിവസം പുതിയ അംഗങ്ങളെ സൊസൈറ്റി അംഗങ്ങൾ ആക്കി ചേർക്കുകയും ചെയ്തു. “കാരുണ്യദിനം” ആചരണത്തിന് പ്രസിഡണ്ട് റോയി പുത്തേട്ടിനോട് ഒപ്പമുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നൽകി.

# ഫിലാഡൽഫിയ സീറോമലബാർ പള്ളിയിൽ കുട്ടികളുടെ വിശ്വാസപരിശീലനത്തിനു വർണാഭമായ തുടക്കം

ഫിലാഡൽഫിയ: സെന്റ് തോമസ് സീറോമലബാർ ഫൊറോനാ ദേവാലയത്തിലെ 'ദൈവത്തിന്റെ സ്വന്തം കുഞ്ഞുങ്ങളുടെ' വിശ്വാസ പരിശീലന ക്ലാസുകൾക്കു സെപ്റ്റംബർ 13-ന് ഞായറാഴ്ച തുടക്കമായി. 2026-2027 അദ്ധ്യ

**ജോസ് മാളേയ്ക്കൽ**

യനവർഷ ക്ലാസുകൾ ദിവ്യബലിക്കു ശേഷം ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. ദിവ്യബലി മദ്ധ്യേ 225-ൽപരം മതബോധന വിദ്യാർത്ഥികളെയും അഞ്ച് സിഎംസി സിസ്റ്റേഴ്സ് ഉൾപ്പെടെ 45 അദ്ധ്യാപകരെയും പുതിയ അദ്ധ്യയന വർഷത്തേക്ക് റവ. ഡോ. ജോർജ് ദാനവേലിൽ സ്വാഗതം ചെയ്തു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പ്രാർത്ഥനകൾ ആർപ്പിച്ച് പുതിയ അദ്ധ്യയനവർഷം മംഗളകരമാകാൻ ആശംസകൾ നേർന്നു.



പ്രീകെ മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് എല്ലാ ഞായറാഴ്ചകളിലും രാവിലെ 10 മണിക്ക് ഇംഗ്ലീഷിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിക്കു ശേഷം ഒരു മണിക്കൂർ വിശ്വാസപരിശീലനം നൽകിവരുന്നു. കുട്ടികളിൽ കുരുന്നു പ്രായത്തിൽതന്നെ ക്രൈസ്തവ വിശ്വാസവും ബൈബിൾ അധിഷ്ഠിതമായ സഭാപഠനങ്ങളും കൂദാശാധിഷ്ഠിത ജീവിതവും മാനുഷികമൂല്യങ്ങളും പ്രകൃതിസ്നേഹവും സഹജീവിയോടുള്ള കരുണയും പങ്കുവെക്കലിന്റെ പ്രാധാന്യവും വിശ്വാസ പരിശീലന ക്ലാസുകളിലൂടെയും വിശുദ്ധരുടെ തിരുനാളുകൾ പോലെയുള്ള ആഘോഷങ്ങളിലൂടെയും നൽകേണ്ടത് ഭാവിയിൽ നല്ല പൗരന്മാരാകാൻ അവരെ സഹായിക്കും.

സ്കൂൾ പ്രിൻസിപ്പാൾ ലീനാ ജോസഫ്, വൈസ് പ്രിൻസിപ്പാൾ ജോസ് മാളേയ്ക്കൽ, മുൻ പ്രിൻസിപ്പാൾ ജേക്കബ് ചാക്കോ, കൈക്കാരന്മാരായ സിബിച്ചൻ ചെമ്പ്ളായിൽ, കുരുവിള ജെയിംസ്, ജിതിൻ കരുമത്തി, റോഷിൻ പ്ലാമൂട്ടിൽ, ജോബി കൊച്ചുമുട്ടം, സ്കൂൾ രജിസ്ട്രാർ ടോം പാറ്റാനിയിൽ, മതാദ്ധ്യാപകർ എന്നിവരും ഇടവക കൂട്ടായ്മക്കൊപ്പം ലളിതമായ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിൽ അവതരണശൈലിയിലും പ്രതിപാദനരീതിയിലും ഭാഷാശൈലിയിലും അമേരിക്കൻ നിലവാരത്തിലേക്ക് നവീകരിച്ച പാഠപുസ്തകങ്ങളാവും പഠിപ്പിക്കുന്നത്. വിശ്വാസപരിശീലനം എന്നത് ദൈവവുമായുള്ള വ്യക്തിപരമായ ഒരു ബന്ധത്തിലേക്ക് കുട്ടികളെ നയിക്കലാണ്.

രൂപതയുടെ വിശ്വാസപരിശീലന ശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും സഭയുടെ വലിയൊരു സമ്പത്താണ്. തങ്ങളുടെ സമയവും കഴിവുകളും പ്രതിഫലേച്ഛ കൂടാതെ ദൈവവേലയ്ക്കായി സമർപ്പിക്കുന്ന അവർ ക്രിസ്തുവിന്റെ സാക്ഷികളാണ്. സ്വന്തം ജീവിതമാതൃകകൊണ്ട് കുട്ടികൾക്ക് വഴികാട്ടികളാകുന്ന ഈ ദൈവവിളിയെ സഭ നന്ദിയോടെ സ്മരിക്കുന്നു.

വിശ്വാസപരിശീലനം ഞായറാഴ്ചകളിലെ ഏതാനും മണിക്കൂറുകളിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല. കൊച്ചുകുട്ടികളെ സംബന്ധിച്ച അവരുടെ മാതാപിതാക്കളാണ് പ്രാഥമിക അദ്ധ്യാപകർ. ഗാർഹികസഭ എന്നു വിശേഷിപ്പിക്കപ്പെടുന്ന സ്വന്തം ഭവനം ആദ്യത്തെ ക്ലാസ്മുറിയും. മാതാപിതാക്കൾ ജീവിക്കുന്ന വിശ്വാസസാക്ഷ്യമാണു മക്കൾ കണ്ടുപഠിക്കുന്നത്. മാതാപിതാക്കളുടെ പ്രാർത്ഥനാ ജീവിതവും പരസ്പര സ്നേഹവും കണ്ടുവളരുന്ന കുട്ടികളിൽ വിശ്വാസം സ്വാഭാവികമായിത്തന്നെ ആഴപ്പെടും. സ്വന്തം ഭവനത്തിൽ ലഭിക്കുന്ന വിശ്വാസപരിശീലനത്തിന്റെ തുടർച്ചയായാണു മതബോധന സ്കൂളുകൾ പ്രവർത്തിക്കുന്നത്. വീട്ടിൽ മാതാപിതാക്കളിൽനിന്നും സഹോദരങ്ങളിൽനിന്നും ലഭിക്കുന്ന പ്രാർത്ഥനാ ചൈതന്യത്തെയും, വിശ്വാസതീക്ഷ്ണതയെയും അരക്കിട്ടുറപ്പിക്കുക മാത്രമേ ആഴ്ചയിലൊരിക്കൽ മാത്രമുള്ള സിസിഡി ക്ലാസുകളും മറ്റും ചെയ്യുന്നുള്ളു. "നമ്മുടെ ജീവിതം തന്നെയാണ് ഏറ്റവും ശക്തമായ പാഠപുസ്തകം." ഇടവക സമൂഹം ഈ പ്രക്രിയക്ക് കരുത്തും തണലുമേകണം. ഒരു കുട്ടി ക്രിസ്തുവിൽ വളരുന്നത് ആ ഇടവകയുടെ ആത്മീയ ചൈതന്യത്തിന്റെ പ്രതിഫലനമാണ്.

# ഐപിസി സെൻട്രൽ റീജിയൻ കൺവൻഷനും ഓർഡിനേഷൻ ശുശ്രൂഷയും ചിക്കാഗോയിൽ

ചിക്കാഗോ: ഐപിസി സെൻട്രൽ റീജിയൻ ആനുവൽ കൺവൻഷൻ ഒക്ടോബർ 9,10 തീയതികളിൽ ചിക്കാഗോ ഐപിസി ഹെബ്രോൺ ഗോസ്പൽ സെന്ററിൽ നടക്കും. വെള്ളിയാഴ്ച വൈകിട്ട് ആറര മണിക്ക് ആരംഭിക്കുന്ന പ്രഥമ സമ്മേളനത്തിൽ റീജിയൻ പ്രസിഡന്റ് റവ. ഡോ. പി.സി. മാമ്മൻ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ടോമി ജോസഫ്, ഡോ. ടൈറ്റസ് ഈപ്പൻ, ഡോ. വിൽസൺ ഏബ്രഹാം എന്നിവർ പ്രസംഗിക്കും.




കൺവൻഷനോടനുബന്ധിച്ച് റീജിയന്റെ ആഭിമുഖ്യത്തിൽ ശനിയാഴ്ച രാവിലെ 10 മണിക്ക് ഓർഡിനേഷൻ ശുശ്രൂഷ നടക്കും.

ഐപിസി ചിക്കാഗോ മിഷൻ സഭാംഗമായ ഇവാ. കെ. എം. രാജു, ഐപിസി ഹെബ്രോൻ സഭാംഗമായ ഇവാ. റോയി ഇട്ടിച്ചെറിയ എന്നിവർക്ക് പാസ്റ്റർമാരായി ഓർഡിനേഷൻ നൽകും. ഐപിസി ഹെബ്രോൻ സഭാംഗങ്ങളായ ഡോ. മാത്യു മാത്യു, ബ്ര. ഫ്രാങ്ക്ളിൻ വിൽഫ്രഡ് എന്നിവരെ ഇവാൻജലിസ്റ്റുമാരായി വേർതിരിക്കും.

**കുര്യൻ ഫിലിപ്പ്**

ഓർഡിനേഷൻ ശുശ്രൂഷയ്ക്ക് റീജിയൻ പ്രസിഡണ്ട് റവ. ഡോ. പി.സി. മാമ്മന്റെ നേതൃത്വത്തിലുള്ള ഭാരവാഹികൾ നേതൃത്വം നൽകും. ശനിയാഴ്ച വൈകിട്ട് അഞ്ചുമണിക്ക് ജനറൽബോഡി നടക്കും.

അടുത്ത ടേമിലേക്കുള്ള ഭാരവാഹികളെ ജനറൽ ബോഡിയിൽ തെരഞ്ഞെടുക്കും.

സെൻട്രൽ റീജിയൻ പ്രസിഡണ്ട് റവ. ഡോ. പി.സി. മാമ്മൻ, വൈസ് പ്രസിഡണ്ട് പാസ്റ്റർ ജോൺ ടി. കുര്യൻ, സെക്രട്ടറി പാസ്റ്റർ പി.വി. മാമ്മൻ, ട്രഷറർ ജോൺ മത്തായി എന്നിവർ നേതൃത്വം നൽകും.

# ഗ്രാൻഡ് പേരന്റ്സ് ഡേ ആഘോഷമാക്കി ടാമ്പായിലെ കുഞ്ഞുങ്ങൾ

ടാമ്പാ: ടാമ്പാ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോന ദേവാലയത്തിലെ വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഗ്രാൻഡ് പേരന്റ്സ് ഡേ (മുത്തശ്ശി-മുത്തച്ഛൻ ദിനം) സ്നേഹത്തിന്റെയും നന്ദിയുടെയും പ്രാർത്ഥനയുടെയും നിറവിൽ ആഘോഷിച്ചു.

ഇടവക വികാരി ഫാ. ജോസ് ആദോപ്പിള്ളിൽ അർപ്പിച്ച മലയാളം വിശുദ്ധ കുർബാനയ്ക്കുശേഷം കുട്ടികൾ മുത്തശ്ശി-മുത്തച്ഛന്മാർക്ക് സ്നേഹോപഹാരങ്ങൾ നല്കി ആദരിച്ചു.

വിശ്വാസവും കുടുംബമൂല്യങ്ങളും പാരമ്പര്യവും പുതുതലമുറയിലേക്ക് പകർന്നു നല്കുന്നതിൽ മുതിർന്ന തലമുറ വഹിക്കുന്ന മഹത്തായ പങ്കിനെ അനുസ്മരിക്കുന്നതായിരുന്നു ആഘോഷം.

ഇതോടനുബന്ധിച്ച് എല്ലാ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കുമായി ഫാമിലി ട്രീ നിർമ്മാണ പ്രവർത്തനവും സംഘടിപ്പിച്ചു. സ്വന്തം കുടുംബവേരുകളും പൂർവ്വികരെയും കൂടുതൽ അടുത്തറിയാൻ കുട്ടികൾക്ക് അവസരമൊരുക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. കുട്ടികൾ തയ്യാറാക്കിയ ഫാമിലി ട്രീകൾ വിശുദ്ധ കുർബാനയിൽ സമർപ്പിക്കുകയും പൂർവ്വികരെ അനുസ്മരിച്ച് പ്രാർത്ഥന നടത്തുകയും ചെയ്തു.

സൺഡേസ്കൂൾ പ്രിൻസിപ്പൽ

**സിജോയി പറപ്പള്ളിൽ**

സിജോയ് പറപ്പള്ളിൽ, അസി. പ്രിൻസിപ്പൽ എബിൻ തടത്തിൽ, സെക്രട്ടറി ഡസ്റ്റിൻ മുടീക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ വിശ്വാസ പരിശീലന അദ്ധ്യാപകർ പരിപാടികൾക്ക് നേതൃത്വം നല്കി.



# ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും ഹേതു

എൽസി ബേബി

ഇത് തിരുവചനത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു വേദഭാഗമാണ്. കാരണം ഇത്-ദ്രവ്യാഗ്രഹം-ചിലർ കാംക്ഷിച്ചിട്ട്, വിശ്വാസം വിട്ടുഴന്ന് ബഹുദുഃഖങ്ങൾക്ക് അധീനരായി തീർന്നിരിക്കുന്നു. ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുൻപ് എഴുതിവെച്ച ഈ പരമസത്യം ഇന്ന് എത്രയോ അർത്ഥവത്തായി നമ്മുടെയൊക്കെ മുമ്പിൽ നാം ദിവസേന കണ്ടുംകേട്ടും അറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു വിഷയമല്ലേ? പണത്തോടുള്ള മനുഷ്യരുടെ ആർത്തി, പണത്തിനു വേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത ഒരവസ്ഥ! എത്ര സമ്പാദിച്ചു കൂട്ടിയാലും മതിവരാത്ത ഒരനർത്ഥമാകുന്നു ദ്രവ്യാഗ്രഹം. പണം വേണ്ടാ എന്നോ പണം സമ്പാദിക്കേണ്ടാ എന്നൊന്നും പറഞ്ഞിട്ടില്ല. പക്ഷേ, പണത്തോടുള്ള നമ്മുടെ മനോഭാവം! ജ്ഞാനികളിൽ ജ്ഞാനിയായ സോളമന്റെ വാക്കുകൾ കേൾക്കുക: “ദ്രവ്യപ്രിയന് ദ്രവ്യം കിട്ടിയിട്ടും, ഐശ്വര്യപ്രിയന് ആദായം കിട്ടിയിട്ടും തൃപ്തി വരുന്നില്ല.” ഇങ്ങനെ ധനസമൃദ്ധി മനുഷ്യനെ അസ്വസ്ഥനാക്കുകയല്ലാതെ സമാധാനം നല്കുന്നില്ല എന്നതാകുന്നു പരമാർത്ഥം. ഇന്നു നമ്മുടെ ഇടയിൽ നടക്കുന്ന കവർച്ചകളും കള്ളത്തരങ്ങളും മോഷണങ്ങളുമെല്ലാം ദ്രവ്യാഗ്രഹത്തിന്റെ പേരിലാകുന്നുവല്ലോ. ഈയിടെ കേരള എക്സ്പ്രസ്സിൽ വന്ന ഒരു വാർത്തയാണ് ഈ ലേഖനം എഴുതാൻ പ്രേരണയായത്. അതിപ്രകാരം: കല്ലറയിൽ നിന്ന് ഗ്രൈനൈറ്റ് കവർന്ന് കച്ചവടം. കല്ലറകളിൽ നിന്നുവരെ ഗ്രാനൈറ്റ് കവർന്ന് രൂപം മാറ്റി വില്പന നടത്തുന്ന വിരുതന്മാർ. ഗ്രാനൈറ്റ് വിപണിയിൽ ക്ഷാമം നേരിട്ടതോടെ മോഷ്ടാക്കൾ അതിക്രൂരമായ ഈ കുറുക്കുവഴി തെരഞ്ഞെടുത്ത് രാത്രിയുടെ മറവിൽ പള്ളി സെമിത്തേരികളിൽ കയറി കല്ലറകളിൽ പതിപ്പിച്ചിരിക്കുന്ന വിലകൂടിയ ഗ്രാനൈറ്റ് സ്ലാബുകൾ ഇളക്കിയെടുത്ത് കടത്തിക്കൊണ്ടു പോകുന്ന രീതി. മരിച്ചവരുടെ ഓർമ്മകളോടു പോലും അല്പംപോലും ബഹുമാനമില്ലാതെ പണത്തോടുള്ള ആർത്തിമൂലം നിന്ദ്യമായ പ്രവൃത്തികൾ ചെയ്യുന്ന മനുഷ്യരെ മനുഷ്യരെന്നു വിളിക്കാമോ? രാത്രികാലങ്ങളിലും നട്ടുച്ചനേരത്തുപോലും വീടുകളിൽ കയറി കുടുംബാംഗങ്ങളെ അതിനീചമായി കൊന്ന് സ്വർണാഭരണങ്ങളും പണവും മോഷ്ടിക്കുന്നതിന്റെ പിന്നിലുള്ള പണത്തോടുള്ള ആർത്തി വർദ്ധിച്ചുവരികയാണല്ലോ.

എന്താണ് ഇതിനൊക്കെ കാരണം? ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു. അവരൊ അനേകം സൂത്രങ്ങളെ അന്വേഷിച്ചുവരുന്നു എന്നതു തന്നെ. ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം നടക്കായ്ക കൊണ്ട് മനുഷ്യൻ ദോഷം ചെയ്യാൻ ധൈര്യപ്പെടുന്നു. ഉള്ളതിൽ തൃപ്തിപ്പെടുക എന്ന പ്രമാണം കാത്തുസൂക്ഷിക്കുന്നവർ ഇപ്രകാരമുള്ള ധനത്തിന്റെ വഞ്ചനയിൽ കുടുങ്ങുകയില്ല. പണ്ടൊക്കെ അതായത് 80-100 വർഷങ്ങൾക്കു മുമ്പ്



ലേഖിക

ജീവിച്ചിരുന്നവർ തങ്ങൾക്കുള്ളതിൽ തൃപ്തിപ്പെട്ട് ജീവിച്ചിരുന്നു. എന്നാൽ, കാലങ്ങൾ കഴിയുന്തോറും പരിഷ്കാരങ്ങളും സംസ്കാരങ്ങളും പുരോഗമിക്കുന്തോറും മനുഷ്യൻ അനുകരണങ്ങൾക്ക് വിധേയരായിത്തീരുന്നു. ആധുനികതയുടെ മറവിൽ ഏതു ഹീനകൃത്യങ്ങളും ചെയ്യുവാൻ മടിയില്ലാതെ, ദൈവഭയമില്ലാതെ, ഏത് അനീതിയും അതിക്രമങ്ങളും അകൃത്യങ്ങളും ലംഘനങ്ങളും പാപങ്ങളും ചെയ്തുകൂട്ടുവാൻ മടിയില്ലാതെ മനുഷ്യർ അധപ്പതനത്തിലേക്ക് വീണുകൊണ്ടിരിക്കയാണെന്ന ബോധമില്ലാതെ ജീവിക്കുന്ന ഒരവസ്ഥ! എന്തിനേറെ, ചെറിയ ചെറിയ വീടുകളിൽ മാതാപിതാക്കളും അവരുടെ മക്കളും മരുമക്കളും ഒന്നും രണ്ടും മൂന്നും തലമുറകൾ വരെ ജീവിച്ചിരുന്ന സ്ഥാനത്ത് അണുകുടുംബം എന്ന ആധുനികതയുടെ മറവിൽ വലിയ വലിയ വീടുകൾ അതിനകത്ത് ചുരുക്കം ചിലർ മാത്രം. എട്ടും പത്തും മക്കൾ ഉണ്ടായിരുന്ന ഭവനങ്ങളിൽ കേവലം ഒന്നും രണ്ടും കൂടിയാൽ മൂന്നു മക്കൾ മാത്രം മതി എന്ന ആധുനിക ചിന്ത. അവരുടെയൊക്കെ ഭക്ഷണരീതികൾ, വസ്ത്രധാരണങ്ങൾ, ആധുനിക ഉല്പന്നങ്ങൾക്കു വേണ്ടിയുള്ള പരിപാടികൾ. ഇവ വർദ്ധിക്കുന്തോറും ധനത്തിന്റെ ആവശ്യകതകളും വർദ്ധിക്കുന്നു. വിലയേറിയ കാറുകൾ, ടിവി മറ്റു വിനോദ ഉപകരണങ്ങൾ ഇവയെംല്ലാം ക്രമാതീതമായി വാങ്ങിക്കൂട്ടുന്നതിന്റെ പിന്നിൽ ധനത്തിന്റെ വഞ്ചന പതുങ്ങിക്കിടപ്പുണ്ടെന്നറിയാതെ മനുഷ്യർ തങ്ങൾക്കായിട്ടല്ല, മറ്റുള്ളവരെ ബോധിപ്പിക്കാനെന്ന അനുകരണ വഞ്ചനയിൽ അധപ്പതിക്കുകയാണെന്ന ബോദ്ധ്യമില്ലാത്ത ഒരു ജീവിതം. വിദ്യാഭ്യാസയോഗ്യതകളും ആധുനിക പരിഷ്കാരങ്ങളും വർദ്ധിക്കുന്തോറും ഇവയെല്ലാം നല്കുന്ന പരമാധികാരിയായ ദൈവംതമ്പുരാനെ മറന്നുള്ള ജീവിതം സന്തോഷത്തിനു പകരം ദുഃഖവും സമാധാനത്തിനു പകരം ചിന്താകുലങ്ങളും വർദ്ധിക്കുന്നു എന്നതല്ലയോ സത്യം. പ്രായമായവർ നല്കുന്ന പദ്യോപദേശങ്ങളെ പഴഞ്ചൻ ചൊല്ലുകളായി പുച്ഛിച്ചു തള്ളുന്ന ആധുനിക യുവതലമുറ ഈ പോക്ക് എവിടംവരെ എത്തും എന്ന് കണ്ടറിയണം.

ധനത്തിന്റെ വഞ്ചനയിൽ ഇന്ന് ലോകം അളവില്ലാത്ത ആഴത്തിലേക്കു മുങ്ങിത്താണുകൊണ്ടിരിക്കുന്നു. മാതാപിതാക്കന്മാരെ അനുസരിക്കാത്ത മക്കൾ, മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ലൈംഗികാസക്തിയുടെയും മറവിൽ നശിച്ചുകൊണ്ടിരിക്കുന്ന ഒരു യുവതലമുറയല്ലേ നമുക്കു മുമ്പിലുള്ളത്. കുടുംബങ്ങളാണ് കുഞ്ഞുങ്ങളെ നല്ല അടിസ്ഥാനമിട്ടു വളർത്തുവാൻ പറ്റിയ സ്ഥാപനം. മാതാപിതാക്കളും മക്കളും ഒന്നിച്ചിരുന്നു സല്ലപിക്കുക, ആശയവിനിമയം ചെയ്ത് കുഞ്ഞുങ്ങളെ ശൈശവപ്രായം മുതൽ ആത്മികവിഷയങ്ങളും ധാർമ്മികതയും പറഞ്ഞു കൊടുത്തും മാതൃക കാണിച്ചുകൊടുത്തും വളർത്തുക. ഇന്നത്തെ മാതാപിതാക്കൾ ധനസമ്പാദനത്തിനായി രാപ്പകലില്ലാതെ നെട്ടോട്ടം ഓടുമ്പോൾ നഷ്ടമാകുന്നത് കുഞ്ഞുങ്ങളുടെ ഭാവിയാകുന്നു എന്നോർക്കുക. യാതൊരു ചിട്ടകളും നിയമങ്ങളുമില്ലാതെ തങ്ങൾക്കു ബോധിച്ചതുപോലെ ജീവിച്ചുവളരുന്ന പൈതങ്ങൾ ലോകത്തിലേക്കിറങ്ങി അനാവശ്യ കാര്യങ്ങൾ കണ്ടും കേട്ടും പഠിച്ച് വഷളായിപ്പോകുമ്പോൾ ദുഃഖിച്ചിട്ടു കാര്യമില്ല. മാതാപിതാക്കളെ കണ്ടു വളരുന്ന കുഞ്ഞുങ്ങൾക്കു മാതാപിതാക്കൾ നല്ല മാതൃക കാണിച്ചു വളർത്തുക. അവയിൽ ഏറ്റവും വിശേഷതയേറിയതും പ്രാധാന്യമർഹിക്കുന്നതുമായ വിഷയം തങ്ങൾക്കുള്ളതിൽ തൃപ്തിപ്പെട്ടു ജീവിക്കുക എന്നതാകുന്നു.

ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം എന്ന പഴഞ്ചൊല്ല് വെറുതെ പറഞ്ഞുണ്ടാക്കിയതല്ല. വളരെ അർത്ഥവത്തായ ഒന്നു മാത്രമാകുന്നു. മക്കൾ ആഗ്രഹിക്കുന്നതും ചോദിക്കുന്നതുമെല്ലാം വാങ്ങിക്കൊടുത്തു മക്കളെ തൃപ്തരാക്കാൻ നോക്കുന്നത് അപകടകരമാകുന്നു. ജീവിക്കാനാവശ്യമായതു മാത്രം നല്കി, ഉള്ളതിൽ മാത്രം തൃപ്തരായി ജീവിക്കുവാൻ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കുക. ധനത്തിന്റെ വഞ്ചന എന്താകുന്നുവെന്ന് മാതാപിതാക്കൾ മനസ്സിലാക്കി മക്കളെ പഠിപ്പിക്കുക. അയൽപക്കങ്ങളിൽ നടക്കുന്ന കാര്യങ്ങളൊന്നും അനുകരിക്കേണ്ടതില്ല. ടിവി മുതലായ മാധ്യമങ്ങളിൽ കാണുന്ന അനാവശ്യ കാര്യങ്ങൾ അനുകരിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. അനുകരണം നല്ലതാകുന്നു.

പക്ഷേ, അനാവശ്യ കാര്യങ്ങൾ അനുകരിക്കുമ്പോഴാണ് അപകടമായി മാറുന്നത്. എല്ലാറ്റിലും ഉപരിയായി ദൈവത്തെ സ്നേഹിക്കുവാൻ, ഭയപ്പെടുവാൻ, ആദരിക്കുവാൻ, ആശ്രയിക്കുവാൻ, ആരാധിക്കുവാൻ, പ്രാർത്ഥിക്കുവാൻ മക്കളെ അഭ്യസിപ്പിക്കുക. ധനവും സമ്പത്തും ദാരിദ്ര്യവും ആയുസ്സും ആരോഗ്യവും ബുദ്ധിയും സകല ലൗകിക, ഭൗതിക നന്മകളുടെയും ഉടയവൻ പരമാധികാരിയായ ഈശ്വരൻ മാത്രമാകുന്നു എന്ന സത്യം മാതാപിതാക്കളും മക്കളും ഒരുപോലെ അറിഞ്ഞിരിക്കേണ്ടതും പാലിക്കേണ്ടതുമാകുന്നു എന്നോർക്കുക. ഇന്നു കാണുന്ന ധനികനെ ദരിദ്രനാക്കി മാറാപ്പെടുക്കുവാൻ ശക്തനായ ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും നല്കുന്നതു പോലെയുള്ള സന്തോഷവും സമാധാനവും മറ്റൊന്നിലും ലഭ്യമല്ല എന്നോർക്കുക.

തിരുവചനത്തിൽ നിന്നും ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. ഇയ്യോബ് എന്ന മഹാ ധനികനും ദൈവഭക്തനും നിഷ്ക്കളങ്കനും നേരുള്ളവനും ദോഷം വികലുന്നവനുമായ മഹാന്റെ സമ്പത്തും വസ്തുവകകളും മക്കളുമെല്ലാം ഒറ്റദിവസംകൊണ്ട് നഷ്ടമായപ്പോൾ അദ്ദേഹം എഴുന്നേറ്റു സാഷ്ടാംഗം വീണ് ദൈവത്തെ നമസ്കരിച്ചുംകൊണ്ട് പറഞ്ഞ വാക്കുകൾ: നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ നിന്നും പുറത്തുവന്നു. നഗ്നനായിത്തന്നെ മടങ്ങിപ്പോകും. ദൈവം തന്നു ദൈവം എടുത്തു. ദൈവത്തിന്റെ നാമം വാഴ്ത്തപ്പെട്ടതാകട്ടെ.

(ശേഷം 28-ാം പേജിൽ)

## മധുരശബ്ദം



ജെയിംസ് ചെട്ടിയാത്ത്

ഇളംകാറ്റടിച്ചു കുയിൽ പാട്ടുപാടി
എന്നുടെ കൈവിരൽ നിന്നുടെ കാർമുടി പൂക്കളിൽ
പ്രണയസുഗന്ധം വീട്ടിൽ ഉള്ളിലെ ചുമരുകളിൽ
ആഞ്ഞടിക്കുന്നു എൻ മനസ്സിലെ ഓർമ്മകൾക്ക്ഒപ്പം
പുലർകാലെ പൂങ്കോഴി ഉണർത്തി എന്നെ
കണ്ണുതിരുമ്മി കാണുന്നു നിൻ നിഴൽ ഭിത്തിയിൽ
നൃത്തം ആടിയ നിൻ കാലിലെ ചിലങ്കശബ്ദം
കേൾക്കുന്നു അക്കരെ ശിവക്ഷേത്രത്തിൽ നിന്ന്
ഒരായിരം ശലഭങ്ങൾ പറക്കുന്ന പൂക്കളിൽ നിന്ന്
അതിൽ ഒന്നു ഞാൻ കാണുന്നു നിന്നുടെ സുന്ദരമുഖം
ആ മുഖത്തെ കെട്ടിപ്പിടിച്ചു ചുംബിക്കുവാൻ
കഴിയാത്ത സ്വപ്നലോകമാണ് എൻ മനസ്സ്
എൻ നെഞ്ചിൽ നീ കൂടെ ഉണ്ട് എപ്പോഴും
ഈ മാതൃദിനത്തിൽ നിൽക്കുന്നു പൂച്ചെണ്ടുമായി നിൻ കാൽക്കൽ
പുഞ്ചിരിച്ചു ഉറങ്ങുന്ന നിൻ മുഖത്തിൽ നിന്നും
കേൾക്കുന്നു നിൻ മധുരശബ്ദം എൻ കാതിനുള്ളിൽ



# REMEMBERING MAHATMA GANDHI: INDIA MUST RETURN TO TRUTH, FREEDOM AND DEMOCRATIC VALUES

On the birth anniversary of Mahatma Gandhi, we pay tribute to the Father of the Nation, whose courage, moral conviction and unwavering commitment to truth and nonviolence shook the foundations of an all-powerful British Empire and ultimately helped India achieve its freedom.

Gandhi confronted an empire not with armies or weapons but with truth, courage and the moral force of ordinary people. He taught us that political power without justice cannot endure and that human dignity cannot be permanently suppressed. His struggle was not merely for the transfer of power from the British to Indians. It was for freedom, equality, justice and the right of ordinary citizens to have a voice in their own destiny.

Today, India once again stands at a crossroads.Our hard-won freedom should never be taken for granted. There is growing concern about the concentration of political power, the weakening of institutional checks and balances, restrictions on dissent and, most importantly, the credibility of the electoral process itself. Recent controversies over voter-roll revisions have left millions of names off initial draft rolls. At the same time, reports of repeated objections from within the Election Commission have raised serious questions about transparency and public confidence. The Election Commission, under growing scrutiny, ordered a review of its voter-roll software on

**George Abraham**

September 26, 2026, following reports of internal objections concerning changes to voter-registration procedures.

Whatever our political affiliation, elections cannot become a matter of suspicion. The voter must have confidence that their name will remain on the roll, that every legitimate vote will be counted and that the constitutional institutions supervising elections will operate independently and fairly.

Gandhi believed that truth was inseparable from freedom. That principle is badly needed today. We need honesty in public life, truth-telling from those who govern and courage from those entrusted with protecting our democratic institutions. The answer to political disagreement cannot be intimidation, suppression or hatred. Gandhi's answer was always peaceful resistance, moral courage and the willingness to



George Abraham

speak truth to power.

It is significant that on this very Gandhi Jayanti, a new generation of young Indians is again taking to the streets, raising questions about voter rolls and the functioning of the Election Commission. Reuters reported today that youth-led demonstrations have begun in several cities demanding greater electoral accountability. Whatever one thinks of the organizations involved or their political demands, the involvement of young Indians in questions concerning the integrity of democracy should not be dismissed.

A new generation appears determined to make its voice heard. Some may even see in this awakening the beginnings of a second struggle for independence, not independence from a foreign empire, but independence from fear, institutional decay and the loss of faith in democracy. That struggle, if it is to honor Gandhi, must remain peaceful, truthful and constitutional.

The Indian diaspora also has a responsibility. During the original freedom movement, Indians overseas raised their voices, mobilized public opinion and kept the cause of India's freedom before the world. Today, the diaspora should once again stand for the enduring principles that made India respected across the globe: democracy, pluralism, religious freedom, human dignity and equality before the law.

This is not about one political party or one election. Governments will come, and governments will go. Gandhi's legacy belongs to India, not to any party. The Constitution belongs to every citizen.

On this Gandhi Jayanti, we should therefore do more than garland his statues or repeat his words. We should have the courage to live by the values for which he sacrificed his life: truth, nonviolence, justice and freedom.

India won its freedom through enormous sacrifice. We should not allow that freedom to be diminished through complacency or silence. We must hope, pray, and work peacefully and constitutionally so that democracy, freedom, and human dignity will survive for generations yet to come.

That would be the real tribute to Mahatma Gandhi.

# മിഷിഗൺ സെന്റ് ജോൺസ് മാർത്തോമാ ഇടവകയുടെ കൺവൻഷൻ ഒക്ടോബർ 9 മുതൽ

മിഷിഗൺ: വിശ്വാസത്തിന്റെ കരുത്തും പ്രത്യാശയുടെ വെളിച്ചവും ഹൃദയങ്ങളിൽ പകരാൻ മിഷിഗൺ സെന്റ്




ജോൺസ് മാർത്തോമാ ഇടവകയുടെ ഈ വർഷത്തെ കൺവൻഷൻ ഒക്ടോബർ 9,10,11 തീയതികളിൽ ട്രോയിലുള്ള ഇവൻസ് വുഡ് ചർച്ചിൽ (2601 East Square Lake Rd., Troy) നടത്തപ്പെടും.

"Faith Under Pressure" എന്ന വിഷയത്തെ ആസ്പദമാക്കി, എബ്രായർ 10:35-36 വാക്യങ്ങളുടെ സന്ദേശം മുൻനിർത്തിയാണ് ഈ വർഷത്തെ കൺവൻഷൻ ഒരുക്കിയിരിക്കുന്നത്.

ജീവിത്തിലെ പ്രതിസന്ധികളും സമ്മർദ്ദങ്ങളും വിശ്വാത്തെ പരീക്ഷിക്കുമ്പോൾ, ദൈവത്തിലുള്ള പ്രത്യാശയിൽ ഉറച്ചു നിൽക്കുവാനും ക്ഷമയോടെ മുന്നേറുവാനും ആഹ്വാനം ചെയ്യുന്ന സന്ദേശങ്ങളുമായി ഫിലാഡൽഫിയയിൽ നിന്നുള്ള Dr. Vino John Daniel കൺവൻഷനിൽ സംസാരിക്കും.

**ജോജി വർഗീസ്**

വെള്ളിയാഴ്ചയും വ്യാഴാഴ്ചയും വൈകുന്നേരം 7 മണിക്ക് ആരംഭിക്കുന്ന കൺവൻഷൻ, ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷമുള്ള സമാപന സമ്മേളനത്തോടെ പര്യവസാനിക്കും.

ഞായറാഴ്ചത്തെ വിശുദ്ധ കുർബാനയ്ക്ക് ഇടവക വികാരി റവ. സാൻജോ പി. വർഗീസ് അച്ചൻ നേതൃത്വം നൽകും.

ആത്മീയ സന്ദേശങ്ങൾക്ക് സംഗീതത്തിന്റെ മാധുര്യം പകരാൻ ഇടവക ഗായകസംഘം കൺവൻഷനിൽ ഗാനങ്ങൾ ആലപിക്കും

വിശ്വാസത്തിന്റെ കൂട്ടായ്മയിലും പ്രാർത്ഥനയിലൂടെ ചൈതന്യത്തിലും ഒരുമിക്കാനുള്ള ഈ ആത്മീയ സംഗമത്തിലേക്ക് ഇടവകാംഗങ്ങളെയും സുഹൃത്തുക്കളെയും ഏവരേയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി റവ. സാൻജോ പി. വർഗീസ് (പ്രസിഡണ്ട്), ഷൈജു ഈപ്പൻ (സെക്രട്ടറി), ഫിലിപ്പ് മാത്യു (കൺവീനർ), എന്നിവരുടെ നേതൃത്വത്തിൽ വിവിധ ക്രമീകരണങ്ങൾ പുരോഗമിച്ചുവരുന്നു.

# ഏലിയാസ് സഖറിയ പാറയിൽ അന്തരിച്ചു



നീലംപേരൂർ: ഓൾ കേരള കേറ്ററേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ടും കേരള കോൺഗ്രസ് ഉന്നതാധികാര സമിതി അംഗവും ക്നാനായ സമുദായ നേതാവും കാസറോൾ കാറ്ററേഴ്സ് ഉടമയുമായ ഏലിയാസ് സഖറിയ പാറയിൽ (66) അന്തരിച്ചു.

കേരള യൂത്ത്ഫ്രണ്ട് സംസ്ഥാന ജനറൽ സെക്രട്ടറി, കേരള കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, ക്നാനായ അതിഭദ്രാസനത്തിന്റെ സെക്രട്ടറി, മലങ്കര സുറിയാനി ക്നാനായ അസോസിയേഷന്റെയും ക്നാനായ കമ്മിറ്റിയുടെയും സെക്രട്ടറി, ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി, സിൽവാനോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ സ്ഥാപക സെക്രട്ടറി, മാർ സേവേറിയോസ് വിദ്യാഭ്യാസ നിധി ട്രസ്റ്റി, ഓതറ നസ്രത്ത് ആശ്രമം സെക്രട്ടറി, സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ബോർഡ് മെംബർ, റോട്ടറി ക്ലബ് കോട്ടയം സൗത്ത് പ്രസിഡണ്ട്, റോട്ടറി ഇന്റർനാഷണൽ ഡിസ്ട്രിക്ട് 3210-ന്റെ അസിസ്റ്റന്റ് ഗവർണർ, കുറിച്ചി സർവീസ് സഹകരണ ബാങ്ക് ഭരണസമിതി അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ വെളിയനാട് വലിയപറമ്പിൽ പരേതയായ ലൂണ എലിസബത്ത് ഏലിയാസ്. മക്കൾ: സൂസൻ ഏലിയാസ്, മറിയം ഏലിയാസ് (ഇരുവരും ബെംഗ്ളൂർ).


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
FOR BOOKING
ABRAHAM THANNIKARI
+1346- 285-1633
athannikari@hotmail.com
JENNI THANNIKARI
+1713-280-8688
SOBHANA
+91 965 616 8399

# ഫോമായുടെ ഇന്നലെ, ഇന്ന്, നാളെ ചർച്ചയാകുന്നു; സൗഹൃദ സംഗമം ഒക്ടോബർ 16-ന് ചിക്കാഗോയിൽ

ചിക്കാഗോ: ഫോമായുടെ ഇന്നലെകളെ ഓർത്തെടുക്കാനും ഇന്നത്തെ പ്രവർത്തനങ്ങളെ വിലയിരുത്താനും നാളെയിലേക്കുള്ള പുതിയ ആശയങ്ങൾ പങ്കുവെക്കാനും വേദിയൊരുക്കിനങ്ങളെക്കുറിച്ചും തുറന്ന സംവാദം നടക്കും. ഫോമാ നേതാക്കളും ഡെലിഗേറ്റുകളും പ്രവർത്തകരും സുഹൃത്തുക്കളും ഒരുമിക്കുന്ന സംഗമം കേവലം ഒരു ഔപചാരിക പരിപാടിയാകാതെ നേതൃസംവാദവും നടക്കും. ഫോമായുടെ രൂപീകരണം മുതൽ സംഘടന പിന്നിട്ട വഴികൾ, വിവിധ കാലഘട്ടങ്ങളിലെ നേട്ടങ്ങളും അനുഭവങ്ങളും, നിലവിലെ പ്രവർത്തനങ്ങൾ, ഭാവിയിൽ സംഘടന കൈവരിക്കേണ്ട ലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ച് നേതാക്കൾ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കും. ഫോമായെ വിവിധ കാലഘട്ടങ്ങളിൽ നയിച്ച മുൻ പ്രസിഡണ്ടുമാരും മുൻ എക്സിക്യൂട്ടീവ് അംഗങ്ങളും സംഗമത്തിൽ പങ്കെടുക്കുന്നത് പരിപാടിയുടെ പ്രത്യേകതയായിരിക്കും. സംഘടനയുടെ വളർച്ചയ്ക്കു സാക്ഷികളായ മുതിർന്ന നേതാക്കളുടെ അനുഭവങ്ങളും പുതിയ തലമുറയുടെ കാഴ്ചപ്പാടുകളും ഒരേ വേദിയിൽ സംഗമിക്കുന്നതിലൂടെ ഫോമായുടെ ഭാവിയിലേക്കുള്ള ക്രിയാത്മകമായ ആശയവിനിമയത്തിന് അവസരമൊരുങ്ങും.




ഓർമ്മകൾ പങ്കിടാം, സൗഹൃദം പുതുക്കാം, അനുഭവങ്ങൾ കൈമാറാം, നാളത്തെ ഫോമായെക്കുറിച്ച് ഒരുമിച്ച് സംസാരിക്കാം എന്ന സന്ദേശത്തോടെയാണ് സൗഹൃദസംഗമം സംഘടിപ്പിക്കുന്നത്.

ഫോമാ നേതാക്കളെയും ഡെലിഗേറ്റുകളെയും പ്രവർത്തകരെയും സുഹൃത്തുക്കളെയും ഒക്ടോബർ 16-ന് വൈകിട്ട് 5 മണിക്ക് ചിക്കാഗോയിൽ നടക്കുന്ന ഫോമാ സൗഹൃദ സംഗമം 2026-ലേക്ക് സംഘടനയുടെ നാഷണൽ പ്രസിഡണ്ട് ബേബി മണക്കുന്നേലും പരിപാടിക്ക് ചുക്കാൻ പിടിക്കുന്ന സെൻട്രൽ റീജിയൻ ആർവിപി ജോൺസൺ കണ്ണൂക്കാടനും ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു.



'ഫോമാ സൗഹൃദ സംഗമം 2026' ഒക്ടോബർ 16-ന് വൈകിട്ട് 5 മണിക്ക് ചിക്കാഗോയിലെ സീറോമലബാർ ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും.

ഫോമാ മുൻ പ്രസിഡണ്ടുമാരും എക്സിക്യൂട്ടീവ് അംഗങ്ങളും നേതാക്കളും ഒരേ വേദിയിൽ സംഗമിക്കുന്നു. സൗഹൃദത്തിനൊപ്പം ഭാവി പ്രവർത്ത പഴയ സൗഹൃദങ്ങൾ പുതുക്കാനും പുതിയ ബന്ധങ്ങൾ വളർത്താനും പരസ്പരം ആശയങ്ങൾ പങ്കുവെക്കാനുമുള്ള ഹൃദ്യമായ മീറ്റ് ആൻഡ് ഗ്രീറ്റ് വേദിയായിരിക്കും.

സംഗമത്തിന്റെ പ്രധാന ഭാഗമായി ഫോമായുടെ ഇന്നലെ ഇന്ന് നാളെ എന്ന ആശയത്തെ മുൻനിർത്തിയുള്ള

# കോതമംഗലം മാർ അത്തനേഷ്യസ് കോളജ് പൂർവവിദ്യാർത്ഥി കുടുംബസംഗമം നവംബർ 13 മുതൽ 15 വരെ ഫിലാഡൽഫിയയിൽ

**വർഗീസ് പോത്താനിക്കാട്**

കോതമംഗലം: മാർ അത്തനേഷ്യസ് ആർട്സ് ആൻഡ് സയൻസ് കോളജ് അലൂംമ്നി യുഎസ്എയുടെ പൂർവ്വ വിദ്യാർത്ഥി കുടുംബസംഗമം ഫിലാഡൽഫിയയിൽ നവംബർ 13 മുതൽ 15 വരെ നടത്തുന്നു. മാർ അത്തനേഷ്യസ് കോളജിൽ നിന്ന് വിവിധ കാലഘട്ടങ്ങളിൽ പഠിച്ചിറങ്ങിയ പൂർവ്വ വിദ്യാർത്ഥികൾക്ക് തങ്ങളുടെ സഹപാഠികളെയും സമകാലികരെയും കണ്ടുമുട്ടുന്നതിനും ജീവിതാനുഭവങ്ങൾ പങ്കിടുന്നതിനും ലഭിക്കുന്ന അസുലഭ സന്ദർഭമായിരിക്കും ഈ സംഗമം.

മാർ അത്തനേഷ്യസ് ആർട്സ് ആൻഡ് സയൻസ് കോളജ് മുൻ പ്രിൻസിപ്പലും നിലവിൽ മാർ അത്തനേഷ്യസ് കോളജ് അസോസിയേഷൻ സെക്രട്ടറിയുമായ ഡോ. വിന്നി വർഗീസ്, കോളജിന്റെ പ്രിൻസിപ്പൽ ഡോ. മഞ്ജു കുര്യൻ എന്നിവർ മുഖ്യാതിഥികളായി കുടുംബ സമേതം ഈ അപൂർവ സംഗമത്തിൽ പങ്കെടുക്കുന്നു. പെൻസിൽവേനിയയിൽ ഫിലാഡൽഫിയയിലെ ഫോർ പോയ്ന്റ്സ് ബൈ ഷെറാട്ടൺ ഫിലാഡൽഫിയ നോർത്ത് ഈസ്റ്റിൽ നടക്കുന്ന ഈ കുടുംബസംഗമത്തെ ഒരാഘോഷമായി മാറ്റുവാൻ വിവിധ പദ്ധതികളും കലാപരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഫിലാഡൽഫിയയുടെ പരിസരപ്രദേശങ്ങളിൽ പ്രകൃതിരമണീയമായ ശരത്കാല നിറപ്പകർച്ചയുടെ മനംകവരുന്ന കാഴ്ചകൾ ഈ സംഗമത്തെ ധന്യമാക്കും.

ഈ മഹത്തായ പൂർവ്വ വിദ്യാർത്ഥി കുടുംബസംഗമത്തിലേക്ക് ഏവരെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിക്കുന്നു. എല്ലാ താമസസൗകര്യങ്ങളോടും കൂടിയ ഹോട്ടലിൽ ഏതാനും മുറികൾ അവശേഷിക്കുന്നതായി പ്രസിഡണ്ട് സാബു സ്കറിയ, സെക്രട്ടറി ജോബി മാത്യു, ട്രഷറർ ജോർജ് മാലിയിൽ എന്നിവർ അറിയിച്ചു. ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർ ഉടൻതന്നെ താഴെപ്പറയുന്ന ഭാരവാഹികളുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും സാബു സ്കറിയ 267 980 7923, ജോബി മാത്യു 301 624 9539, ജോർജ് മാലിയിൽ 954 655 4500. Venue: Four Points by Sheraton Philadelphia, 9461 Roosevelt Boulevard, Philadelphia. Date: Novemver 13-15.







# കേരള പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറം സെമിനാറിന് അനുഗ്രഹ സമാപ്തി

**രാജു തരകൻ**

ഡാളസ്: കേരള പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറം ഡാളസ് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ മസ്ക്യൂറ്റ് ഷാരോൺ ഫെലോഷിപ്പ് സഭാ ഓഡിറ്റോറിയത്തിൽ നടന്ന സെമിനാറിൽ റവ. ജോർജ് മാത്യു മുഖ്യപ്രഭാഷണം നിർവഹിച്ചു. ജെയിംസ് ഇമ്മാനുവേൽ (പിടിഐ) ആശംസാ സന്ദേശം നല്കി. 'എഴുത്ത് തലമുറകളിലൂടെ' എന്നതായിരുന്നു സെമിനാറിന്റെ മുഖ്യവിഷയം.

റവ. കോശി വൈദ്യന്റെ പ്രാർത്ഥനയോടു കൂടി തുടക്കം കുറിച്ച സമ്മേളനത്തിൽ ഷാജി വിളയിൽ, ഷാരോൺ മാത്യു, സിസ്റ്റർ പ്രിൻസി മാത്യു തുടങ്ങിയവർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

ചാപ്റ്റർ പ്രസിഡണ്ട് ഷാജി മണിയാറ്റ് അദ്ധ്യക്ഷ പ്രസംഗത്തിൽ എഴുത്തിന്റെ ലക്ഷ്യവും വിവിധ ഘടനകളും വിശദീകരിച്ചു പ്രസംഗിച്ചു.

പട്ടണത്തിലെ വിവിധ സഭകളിൽ നിന്നു കടന്നുവന്ന സഭാശുശ്രൂഷകർ, സഭാ ലീഡേഴ്സ്, വിശ്വാസികൾ, പത്രപ്രവർത്തകർ തുടങ്ങിയവരെ സ്വാഗതം ചെയ്തു ചാപ്റ്റർ സെക്രട്ടറി എസ്. പി. ജെയിംസ് പ്രസംഗിച്ചു. രാജു തരകൻ (ട്രഷറർ) കൃതജ്ഞത പ്രകാശിപ്പിച്ചു.

റവ. മാത്യു വർഗീസ് റവ. വീയപുരം ജോർജുകുട്ടി എന്നിവർ വിവിധ ശുശ്രൂഷകൾ നിർവഹിച്ചു. വെസ്ലി മാത്യു (മീഡിയ), സാം മാത്യു (പബ്ലിസിറ്റി) എന്നീ നിലകളിൽ ഭരണസമിതിയോടൊപ്പം വിവിധ നിലകളിൽ പ്രവർത്തിച്ചു.

എഴുത്ത് ഒരു കാലഘട്ടത്തിന്റെ ചരിത്രമായി വരും തലമുറകളിലേക്ക് പകരപ്പെടണമെന്ന ആഹ്വാനത്തോടെയാണ് ഈ സമ്മേളനം സമാപിച്ചത്.

ചാപ്റ്ററുമായി ബന്ധപ്പെടുവാൻ ഷാജി മണിയാറ്റ് 214 929 4310, എസ്. പി. ജെയിംസ് 214 334 6962, രാജു തരകൻ 469 274 2926.



Rev. George Mathew Puthupally | James Immanuel Reporter | Shaji Maniyattu, KPWF President | S P James Secretary | Raju Tharakan Treasurer

# പ്രഥമ മലയാളീ പിക്കൾ ബോൾ ലീഗ് ചിക്കാഗോയിൽ

**ലിൻസൺ തോമസ്**




ചിക്കാഗോ: ചിക്കാഗോ ഫ്രണ്ട്സ് ക്ലബ് സംഘടിപ്പിക്കുന്ന പ്രഥമ മലയാളീ പിക്കൾ ബോൾ ലീഗ് (MPL) ഡിസംബർ 19-ന് മൗണ്ട് പ്രോസ്പെക്റ്റിൽ ലോകോത്തര നിലവാരത്തിൽ പുതുതായി ആരംഭിച്ചിരിക്കുന്ന ദി പിക്ലറിൽ (The Picklr) വെച്ച് നടക്കും. പ്രാദേശിക ടൂർണമെന്റുകളുടെ ചരിത്രത്തിൽ തന്നേ ഏറ്റവും വലിയ ക്യാഷ് പ്രൈസ് $10000 ഉൾപ്പെടെ വിപുലമായ രീതിയിൽ ആണ് ലീഗ് ഒരുങ്ങുന്നത്. നോർത്ത് അമേരിക്കയിൽ ഏറ്റവും വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സ്പോർട്സ് ആണ് പിക്കൾ ബോൾ, വിശേഷിച്ചും യുവജനങ്ങൾക്കിടയിൽ. രജിസ്ട്രേഷൻ ആരംഭിച്ചു ദിവസങ്ങൾക്കുള്ളിൽ തന്നേ നോർത്ത് അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ടീമുകൾ രജിസ്റ്റർ ചെയ്തു തുടങ്ങിയതിന്റെ ആവേശത്തിൽ ആണ് സംഘാടകർ. ഡബിൾസ് ഇനത്തിൽ - ഒരു ക്യാറ്റഗറിയിൽ ആയിരിക്കും മത്സരങ്ങൾ നടക്കുന്നത്. ഏതു എക്സ്പീരിയൻസ് ലെവലിൽ ഉള്ളവർക്കും പങ്കെടുക്കാം. പ്രായ ഭേദമന്യേ ഏവരെയും സ്വാഗതം ചെയ്യുന്നതായി CFC പ്രസിഡന്റ് സുദീപ് മാക്കീൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 847-757-5981. nampl.chicago@gmail.com

# ക്നാനായ റീജിയൻ ക്രിക്കറ്റ് ടൂർണമെന്റിന് ഒരുങ്ങി ഡാളസ് ഇടവക

**ജോക്കുട്ടി മേലേടത്ത്**

ഡാളസ്: ക്നാനായ റീജിയന്റെ നേതൃത്വത്തിൽ ഡാളസ് ക്രിസ്തുരാജ മെൻസ് മിനിസ്ട്രി ഏറ്റെടുത്ത് നടത്തുന്ന ക്രിക്കറ്റ് ടൂർണമെന്റ് ഒക്ടോബർ 10,11 തീയതികളിൽ ഡാളസിൽ വെച്ച് നടത്തപ്പെടും.

ലോൺ സ്റ്റാർ ക്രിക്കറ്റ് ഗ്രൗണ്ടിൽ രണ്ട് ദിവസങ്ങളിലായി നടത്തപ്പെടുന്ന മത്സരത്തിൽ ക്നാനായ റീജിയനിലെ വിവിധ ഇടവകയിൽ നിന്നും വിവിധ ടീം അംഗങ്ങൾ മത്സരത്തിൽ പങ്കെടുക്കും.

ഡാളസ് മെൻസ് മിനിസ്ട്രി പ്രസിഡണ്ട് ബിനു അത്തിമറ്റത്തിലിന്റെ നേതൃത്വത്തിൽ മെൻസ് മിനിസ്ട്രിയും ക്രിക്കറ്റ് മാച്ച് കോ-ഓർഡിനേറ്റേഴ്സ് ജിനു കുടിലിൽ, ജസ്റ്റിൻ ചാമക്കാല എന്നിവരുടെ നേതൃത്വത്തിലും വിപുലമായ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

വലിയൊരു കൂട്ടായ്മയുടെ ഉത്സവവേദിയായി ഈ മത്സരം മാറും എന്ന് നേതൃത്വനിരയിലുള്ള ഫാ. ജോസ് തറയ്ക്കൽ, ഫാ. ബിൻസ് ചേത്തലിൽ എന്നിവർ അഭിപ്രായപ്പെട്ടു.

ശനി, ഞായർ ദിവസങ്ങളിൽ നടത്തപ്പെടുന്ന മത്സരം രണ്ട് ഗ്രൗണ്ടുകളിലായി നടത്തപ്പെടും. ഫൈനൽ മത്സരം ഞായറാഴ്ച നടത്തപ്പെടും.




## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 96.33 |
| യൂറോ | 107.86 |
| സ്റ്റെർലിംഗ്പൗണ്ട് | 127.38 |
| സ്വിസ് ഫ്രാങ്ക് | 116.03 |
| സിംഗപ്പൂർ ഡോളർ | 75.24 |
| കനേഡിയൻ ഡോളർ | 67.58 |
| ഒമാൻ റിയാൽ | 250.52 |
| ബഹ്റൈൻ ദിനാർ | 255.96 |
| സൗദി റിയാൽ | 25.71 |
| യു.എ.ഇ. ദിർഹം | 26.21 |
| കുവൈത്ത് ദിനാർ | 311.46 |

# ഗുജറാത്ത് ഏകീകൃത സിവിൽ കോഡിന് രാഷ്ട്രപതിയുടെ അംഗീകാരം

അഹമ്മദാബാദ്: ഗുജറാത്ത് ഏകീകൃത സിവിൽ കോഡ് (യുസിസി) ബില്ലിന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി. ഗുജറാത്ത് സർക്കാർ വിജ്ഞാപനം പുറത്തിറക്കിയതോടെ സംസ്ഥാനത്ത് നിയമം നിലവിൽവരും.

ഇതോടെ ഉത്തരാഖണ്ഡിനു പിന്നാലെ ഇന്ത്യയിൽ ഏകീകൃത സിവിൽ കോഡ് നിലവിൽവരുന്ന രണ്ടാമത്തെ സംസ്ഥാനമാണ് ഗുജറാത്ത്. 2024 മാർച്ചിലാണ് ഗുജറാത്ത് നിയമസഭ യുസിസി നിയമം പാസാക്കിയത്. കഴിഞ്ഞ മാസം 17-നാണ് നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതെന്നു ഒക്ടോബർ ഒന്നിന് ഇറക്കിയ അസാധാരണ ഗസറ്റിൽ സർക്കാർ പറയുന്നു. വിവാഹം, വിവാഹമോചനം, സ്വത്തവകാശം, ദത്തെടുക്കൽ എന്നിവയിൽ എല്ലാ മതസ്ഥർക്കും ഏകീകൃത നിയമം നടപ്പാക്കുകയെന്നതാണ് നിയമത്തിന്റെ ലക്ഷ്യം.

പട്ടികവർഗ വിഭാഗത്തെ നിയമത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഗുജറാത്ത് സംസ്ഥാനത്തുടനീളം ബാധകമായ ഈ നിയമം, സംസ്ഥാനത്തിനു പുറത്ത് താമസിക്കുന്ന ഗുജറാത്തികൾക്കും ബാധകമാണ്. നിയമത്തിൽ ഒന്നിലധികം വിവാഹം കഴിക്കുന്നതു കുറ്റകരമാണ്. ബലപ്രയോഗത്തിലൂടെയോ വഞ്ചനയിലൂടെയോ നിർബന്ധത്തിലൂടെയോ വിവാഹം നടത്തിയാൽ ഏഴു വർഷം വരെയുള്ള തടവുശിക്ഷ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവാഹവും ലിവിംഗ് ടുഗതർ ബന്ധങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്നും നിയമം നിഷ്കർഷിക്കുന്നു.

# ഗതാഗത ലംഘനം: കർണാടകയിൽ ബ്ലാക്ക് പോയിന്റ് പദ്ധതി നടപ്പാക്കുന്നു

ബെംഗളൂരു: ഗതാഗതനിയമങ്ങൾ ലംഘിക്കുന്നവരെ 'പാഠം പഠിപ്പിക്കാൻ' കർണാടക ബ്ലാക്ക് പോയിന്റ് സംവിധാനം നടപ്പാക്കുന്നു. ഓരോ തവണ നിയമം ലംഘിക്കുമ്പോഴും ലൈസൻസിൽ ബ്ലാക്ക് പോയിന്റ് രേഖപ്പെടുത്തും. പോയിന്റ് നിശ്ചിത പരിധി കടന്നാൽ ലൈസൻസ് സസ്പെൻഡ് ചെയ്യും. സിഗ്നൽ തെറ്റിക്കുക, ഹെൽമറ്റില്ലാതെ ഇരുചക്ര വാഹനം ഓടിക്കുക തുടങ്ങിയ കുറ്റങ്ങൾ ആവർത്തിച്ചാൽപ്പോലും ലൈസൻസ് നഷ്ടപ്പെടാം. ഗതാഗത, ആഭ്യന്തര വകുപ്പുകൾ അംഗീകരിക്കുന്നതോടെ പദ്ധതി നിലവിൽവരും. കർണാടകയിലെ നടപ്പാതകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നവർക്കുള്ള പിഴ 500-ൽ നിന്ന് 5000 രൂപയാക്കി. വൺവേ തെറ്റിക്കുന്നവരും 5000 രൂപ പിഴയടയ്ക്കേണ്ടിവരും.



# മിഷൻലീഗിൻ പ്രഭനിറവിൽ ഡാളസ് ഇടവക പ്രവേശനോത്സവം

സിറിൽ ആനാലിൽ

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവകയിൽ വിശ്വാസ പരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ മിഷൻലീഗ് പ്രവേശനോത്സവം നടത്തപ്പെട്ടു. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ പ്രത്യേക വേഷത്തോടെ മിഷൻലീഗ് പതാക പേറി മിഷൻലീഗ് ബാഡ്ജും വഹിച്ചുകൊണ്ട് പ്രദക്ഷിണമായി നീങ്ങുകയും വികാരി ഫാ. ബിൻസ് ചേത്തലിൽ പ്രത്യേക പ്രാർത്ഥന നടത്തി ബാഡ്ജ് ഏവരേയും ഏല്പിച്ചു. അതിന് ഒരുക്കമായി മിനിസ്ട്രി ദിനമായി പ്രത്യേകം ആഘോഷിച്ചു. എല്ലാ കുട്ടികൾക്കും മിഷൻലീഗിന്റെ പ്രാധാന്യത്തെക്കുറിച്ച് സിസ്റ്റർ ജോസിയ സെമിനാർ നടത്തി. സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ കുട്ടികളുടെ നേതൃത്വത്തിൽ ഏറ്റ് നടത്തപ്പെട്ടു. ഫാ. സോജൻ കുഴിപ്പിൽ കുട്ടികൾക്കായി വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നല്കി.



## പിഎസ്സിക്കെതിരെ ഹൈക്കോടതിയുടെ രൂക്ഷ വിമർശനം

കൊച്ചി: ആസൂത്രണ ബോർഡ് പരീക്ഷയിലെ മൂല്യനിർണയ ക്രമക്കേടുമായി ബന്ധപ്പെട്ട് കേരള പബ്ലിക് സർവീസ് കമ്മീഷനെതിരെ ഹൈക്കോടതിയുടെ രൂക്ഷവിമർശനം. വിജിലൻസ് അന്വേഷണം ചോദ്യം ചെയ്തുകൊണ്ട് പിഎസ്സി സമർപ്പിച്ച ഹർജി പരിഗണിക്കവെയാണ് കോടതി വാക്കാൽ ശക്തമായ നിരീക്ഷണങ്ങൾ നടത്തിയത്. പ്രഥമദൃഷ്ട്യാ ഗുരുതരമായ അഴിമതിയാണിതെന്ന് നിരീക്ഷിച്ച ജസ്റ്റിസ് എ. ബദറുദീൻ ക്രമക്കേട് ആരോപണം ഗുരുതരമല്ലേ എന്നും കോടിക്കണക്കിന് ഉദ്യോഗാർത്ഥികളുടെ പ്രതീക്ഷയല്ലേ പിഎസ്സി എന്നും ചോദിച്ചു.

ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ വിശദമായ അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കോടതി പറഞ്ഞു. അന്വേഷണം പൂർത്തിയാകുന്നതിന് മുൻപു തന്നെ അതിനെ എതിർക്കുന്നത് എന്തിനാണെന്നും അന്വേഷണം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഹർജി നൽകാൻ പിഎസ്സിക്ക് എന്താണ് അധികാരമെന്നും കോടതി ചോദിച്ചു. അന്വേഷണത്തോട് പിഎസ്സി സഹകരിക്കുന്നില്ലെങ്കിൽ തുടർ നടപടികളിലേക്ക് കടക്കാമല്ലോ എന്ന് സർക്കാരിനോടും കോടതി ആരാഞ്ഞു.

മൂല്യനിർണയത്തിൽ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ എന്നതാണ് പ്രധാന ചോദ്യം. വലിയ തോതിലുള്ള അഴിമതി ആരോപണമാണ് ഉയർന്നിരിക്കുന്നത്. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ ഭാവി അടങ്ങിയിരിക്കുന്നതിനാൽ അവരുടെ താൽപര്യം സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും കോടതി കൂട്ടിച്ചേർത്തു.

പരീക്ഷയുമായി ബന്ധപ്പെട്ട് 180 പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അന്വേഷണത്തിന് മുന്നോടിയായി നോട്ടീസ് അയച്ചിട്ടുണ്ടെന്നും സർക്കാർ കോടതിയെ അറിയിച്ചു.

ആരോപണങ്ങളിൽ കൃത്യമായ അന്വേഷണം നടക്കുന്നതിന് പിഎസ്സി പൂർണമായി സഹകരിക്കുകയാണ് വേണ്ടതെന്നും കോടതി നിരീക്ഷിച്ചു.

## പെട്രോളിന് ഒറ്റയടിക്ക് 5 രൂപ കൂട്ടി നയാര എനർജി

കൊച്ചി: രാജ്യത്തെ ഏറ്റവും വലിയ സ്വകാര്യ എണ്ണക്കമ്പനിയായ നയാര എനർജി പെട്രോളിന് ലിറ്ററിന് ഒറ്റയടിക്ക് 5 രൂപയും ഡീസലിന് 3 രൂപയും വർദ്ധിപ്പിച്ചു. ഇതോടെ കൊച്ചിയിൽ പെട്രോളിന് 118.89 രൂപയും ഡീസലിന് 105.50 രൂപയുമായി. സ്വകാര്യ എണ്ണക്കമ്പനിയായ ജിയോ ബിപിയും പൊതുമേഖലാ എണ്ണക്കമ്പനികളും വില വർദ്ധിപ്പിച്ചിട്ടില്ല.

ക്രൂഡ് ഓയിൽ വില ഉയർന്നതിനെത്തുടർന്ന് മാർച്ചിൽ നയാര ഇന്ധനവില വർദ്ധിപ്പിച്ചെങ്കിലും പിന്നീട് ക്രൂഡ് വില താഴ്ന്നതോടെ വില കുറച്ചു. പശ്ചിമേഷ്യൻ സംഘർഷം വീണ്ടും രൂക്ഷമായതോടെ ക്രൂഡ് ഓയിൽ വില ഉയരുന്നതാണ് ഇപ്പോഴത്തെ വിലവർദ്ധനയ്ക്കു കാരണം. മെയ് മാസത്തിൽ പെട്രോളിനും ഡീസലിനും എട്ടു രൂപ വീതം പൊതുമേഖലാ എണ്ണക്കമ്പനികൾ വില വർദ്ധിപ്പിച്ചിരുന്നു.

ഇന്ത്യയിൽ 90 ശതമാനം പെട്രോൾ പമ്പുകളും പൊതുമേഖലാ എണ്ണക്കമ്പനികളായ ഇന്ത്യൻ ഓയിൽ (ഐഒസി), ഭാരത് പെട്രോളിയം (ബിപിസിഎൽ), ഹിന്ദുസ്ഥാൻ പെട്രോളിയം (എച്ച്പിസിഎൽ) എന്നിവയുടെ കീഴിലാണ്. ഇന്ത്യയിലാകെ 1.04 ലക്ഷം പെട്രോൾ പമ്പുകളുണ്ട്.

പൊതുമേഖലാ കമ്പനികൾ പെട്രോൾ ലിറ്ററിന് 8 രൂപയും ഡീസലിന് 9 രൂപയും നഷ്ടം നേരിടുന്നുണ്ടെന്ന് റേറ്റിങ് ഏജൻസിയായ ഇക്ര റിപ്പോർട്ട് ചെയ്തിരുന്നു. പെട്രോൾ, ഡീസൽ, എൽപിജി എന്നിവയുടെ വില്പനയിൽ പ്രതിദിനം 530 കോടി രൂപയാണ് കമ്പനികളുടെ നഷ്ടമെന്നും ഇക്ര ചൂണ്ടിക്കാട്ടിയിരുന്നു.

## ടെസ്റ്റ് ട്യൂബ് പൊട്ടി, ഗവേഷക മരിച്ചു

മോസ്കോ: സൈബീരിയയിലെ പ്ലേഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷക ദാരിയ ഷിപിലോവ (28) ന്യൂമോണിയ ബാധിച്ചു മരിച്ചു. തുടർന്ന് അധികൃതർ ഇരുനൂറോളം പേരെ നിരീക്ഷണത്തിലാക്കി. പ്ലേഗ് ബാധ ഉണ്ടായെന്ന സംശയത്തെ തുടർന്നാണ് നിരീക്ഷണം.

ദാരിയ ഷിപിലോവയെ കടുത്ത ന്യൂമോണിയയെ തുടർന്നാണ് സെപ്റ്റംബർ 29-നാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. വെന്റിലേറ്ററിലായിരുന്ന ഇവർ രണ്ടു ദിവസത്തിനുശേഷം മരിച്ചു.

ബാക്ടീരിയ അടങ്ങിയ ടെസ്റ്റ് ട്യൂബ് അബദ്ധത്തിൽ പൊട്ടിപ്പോയതായി മെഡിക്കൽ ജീവനക്കാരോട് ദാരിയ പറഞ്ഞിരുന്നതായി ഡെയ്‌ലി മെയിൽ റിപ്പോർട്ടു ചെയ്തു. മംഗോളിയൻ അതിർത്തിയോട് ചേർന്നുള്ള ബുറിയാതിയായിൽ ഫീൽഡ് പര്യവേക്ഷണത്തിനിടെ രോഗബാധിതയായ ഇവരെ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു.

നൂറുകണക്കിന് ആളുകൾ ഗവേഷകരുമായി സമ്പർക്കത്തിൽ വന്നിരിക്കാൻ സാദ്ധ്യതയുള്ളതിനാൽ അവരെ കണ്ടെത്താൻ അധികൃതർ വേഗത്തിൽ നടപടി സ്വീകരിക്കുകയാണ്.

ഷിപിലോവയെ ചികിത്സിച്ച ഷെലെഖോവ് ആശുപത്രിയിൽ ഏകദേശം ഇരുനൂറ് ആളുകളെ ക്വാറന്റയിനിലാക്കിയതായി സിഎൻഎൻ റിപ്പോർട്ടു ചെയ്തു. രോഗവ്യാപനത്തിന്റെ തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

## ട്രെയിനിൽ മദ്യക്കടത്ത്; ടിടിഇ അടക്കം മൂന്ന് പേർ പിടിയിൽ

ചാത്തന്നൂർ: ഗാന്ധിജയന്തി ദിനത്തിൽ ഗോവയിൽ നിന്നു മദ്യം ട്രെയിനിലെത്തിച്ചു ചാത്തന്നൂരിൽ കൈമാറുന്നതിനിടെ ടിടിഇ ഉൾപ്പെടെ മൂന്ന് പേർ പിടിയിൽ. 53.25 ലിറ്റർ മദ്യം പിടിച്ചെടുത്തു. കൊച്ചുവേളി സ്റ്റേഷൻ ടിടിഇ ചാത്തന്നൂർ കാരംകോട് പൂന്തോട്ടത്തിൽ വീട്ടിൽ ബി.എസ്. കണ്ണൻ (40), സുഹൃത്ത് കണ്ണേറ്റ ശ്യാം നിവാസിൽ ശ്യാം (43), ചാത്തന്നൂർ വയലിക്കട സനിൽ നിവാസിൽ സനിൽ (51) എന്നിവരെയാണ് എക്സൈസ് സംഘം അറസ്റ്റ് ചെയ്തത്. ഗോവയിൽനിന്നു ട്രെയിൻ മാർഗം കടത്തിക്കൊണ്ടുവന്ന ഇന്ത്യൻ നിർമിത വിദേശമദ്യം ഗാന്ധിജയന്തി ദിനത്തിൽ ഉച്ചയ്ക്കു ചാത്തന്നൂർ കുരിശുംമൂട് പെട്രോൾ പമ്പിനു സമീപം ബൈക്കിലെത്തി കൈമാറുമ്പോഴാണു കണ്ണനും സനിലും പിടിയിലായത്. ചാത്തന്നൂർ എക്സൈസ് ഇൻസ്പെക്ടർ എസ്. മുഹമ്മദ് റാഫിയുടെ നേതൃത്വത്തിലുള്ള സംഘമാണ് അറസ്റ്റ് ചെയ്തത്. ഒരു ലിറ്റർ വീതമുള്ള ആറ് കുപ്പി മദ്യവും കടത്താൻ ഉപയോഗിച്ച ബൈക്കുകളും പിടിച്ചെടുത്തു. ഇവരെ ചോദ്യം ചെയ്തതിനെത്തുടർന്നാണു ശ്യാമിന്റെ വീട്ടിൽനിന്നു 47 കുപ്പി മദ്യം കൂടി കണ്ടെടുത്തത്.

കണ്ണൻ റെയിൽവേയിലെ ജോലിക്കിടെയാണ് ഗോവയിലെ മദ്യമേഖലയുമായി ബന്ധമുള്ളവരെ പരിചയപ്പെടുന്നത്. 20,000 രൂപ ഗോവയിലേക്ക് അയച്ചു കൊടുത്ത ശേഷം ട്രെയിൻ മാർഗം മദ്യം കൊണ്ടുവരുന്നതിനു ശ്യാമിനെ ഗോവയിലേക്ക് അയച്ചു.

ശ്യാം മടങ്ങി കൊച്ചിയിൽ എത്തിയപ്പോൾ കണ്ണൻ അവിടെനിന്ന് ഒപ്പം കൂടിയെന്നും എക്സൈസ് അധികൃതർ പറഞ്ഞു. പ്രതികളെ കോടതിയിൽ ഹാജരാക്കി. എക്സൈസ് പ്രിവന്റീവ് ഓഫീസർമാരായ എമേഴ്സൻ ലാസർ, നഹാസ്, ബിജോയ്, അരുൺ ലാൽ, സിവിൽ എക്സൈസ് ഓഫീസർമാരായ മുഹമ്മദ് ഇജാസ്, അനീഷ്, ശ്യാം, ഗിരീഷ്, സഫർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ ജയലക്ഷ്മി, സിവിൽ എക്സൈസ് ഓഫീസ് ഡ്രൈവർ അഷിഖ് എന്നിവർ അടങ്ങിയ സംഘമാണു പ്രതികളെ പിടികൂടിയത്.

## ദ്രവ്യാഗ്രഹം ...

(23-ാം പേജിൽനിന്നും)

ഈ മനോഭാവമാണ് നമുക്കോരോരുത്തർക്കും വേണ്ടത്. ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെനിന്നും യാതൊന്നും കൊണ്ടുപോകാൻ കഴിയുന്നതുമല്ല. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്കുക. ധനികരാകാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകാനിടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടുഴന്ന് ബഹുദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു. നമുക്ക് ഒരു സ്വയപരിശോധന ചെയ്ത് തെറ്റുകൾ തിരുത്തി, നേരായ മാർഗ്ഗത്തിലേക്ക് വരുവാൻ ഇടയായിത്തീരട്ടെ എന്നാശംസിക്കുന്നു.

## സുപ്രീംകോടതി നോട്ടീസ്

(ഒന്നാം പേജിൽ നിന്നും)

അതിനുശേഷം കോടതിയുടെ ഇടപെടലുകൾ ഉണ്ടാകുമെന്നും കോടതി പറഞ്ഞു.

'അഞ്ചു മുതൽ എട്ടുവരെയുള്ള എതിർകക്ഷികളുടെ മറുപടിയും ഞങ്ങൾ തേടും. അവർ ഞങ്ങൾക്ക് മറുപടി നൽകും. ഇവിടെ ഒരു നിയമമുണ്ട്, അത് അവർ പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിയമം പാലിച്ചിട്ടില്ലെന്ന് കണ്ടെത്തിയാൽ പിന്നെ എന്ത് സംഭവിക്കുമെന്ന് നിങ്ങൾക്ക് അറിയാമല്ലോ', കോടതി പറഞ്ഞു.

നിയമനടപടികളിൽനിന്നുള്ള സംരക്ഷണത്തെ ഹർജിക്കാരുടെ അഭിഭാഷകൻ വികാസ് സിങ് ചോദ്യം ചെയ്തു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനങ്ങൾ ഐക്യകണ്ഠേനയുള്ളതായിരിക്കണമെന്നും സിഇസിക്ക് ഏകപക്ഷീയമായി തീരുമാനങ്ങൾ എടുക്കാൻകഴിയില്ലെന്നും സിങ് വാദിച്ചു. ഇത്തരം പരിരക്ഷ പ്രധാനമന്ത്രിക്കോ സുപ്രീംകോടതി ജഡ്ജിമാർക്കോ പോലും ലഭ്യമല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വിഷയത്തിൽ കോടതിയുടെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടു. തെരഞ്ഞെടുപ്പ് കമ്മീഷണർമാർക്കിടയിൽ ഏകകണ്ഠമായല്ലാതെ തീരുമാനങ്ങളെടുക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടാകണമെന്ന ആവശ്യം അംഗീകരിക്കാൻ കോടതി തയ്യാറായില്ല.

# SEEKING BRIDEGROOM

**US. Settled Orthodox Christian parents invite proposals for their daughter, US. Citizen aged 35 years 5'1" raised in the US. She is a University graduate working as a nurse. Looking for God fearing professionally qualified, family oriented boy. If interested please contact WhatsApp number **1(510)384 8625.**

*US settled Pentecostal parents looking for suitable proposals for their daughter who is in her last year medical school. (July 2000, 5'2 height, raised in USA). She is baptized, spirit filled, mission oriented and has a strong spiritual background. Seeking a God fearing, baptized family oriented, and professionally qualified boy (only from USA and 30 years below). If interested, please respond recent photos with details to WhatsApp **001-832 790 0002.**

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to
**seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to
**email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to
**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

KERALA EXPRESS

# നിര്യാതരായി

## മറിയാമ്മ തോമസ്

**ഇടയാറന്മുള:** പാറടയിൽ ചേമടത്ത് മറിയാമ്മ തോമസ് (അമ്മിണി-86) അഹമ്മദാബാദിൽ അന്തരിച്ചു. തെള്ളിയൂർ വല്ലത്ത് കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ പി.എസ്. തോമസ്. മക്കൾ: പ്രസാദ്, റോയ് (അഹമ്മദാബാദ്), റെനി (മസ്കത്ത്), റെജി (കാനഡ), പരേതരായ ഓമന, ബീന. മരുമക്കൾ: ലൈല, ഷൈല (അഹമ്മദാബാദ്), സജി (മസ്കത്ത്), മഞ്ജു (കാനഡ), ജോർജുകുട്ടി (യുഎസ്), സണ്ണി (അബുദാബി).

**നാൽപ്പത്തിമല:** തുരുത്ത് മാലി വീട്ടിൽ പരേതനായ ടി.ടി. ബിനുവിന്റെ ഭാര്യ ടി.ടി. നീനുമോൾ (35) അന്തരിച്ചു.

## മാത്യു തോമസ്

**നീണ്ടൂർ** തോട്ടത്തിൽ മാത്യു തോമസ് (മത്തച്ചൻ-69) അന്തരിച്ചു. ഭാര്യ: ചേർപ്പുങ്കൽ നരിപ്പാറ ആൻസി മാത്യു (യുഎസ്), ആരതി മാത്യു (ഓസ്ട്രേലിയ), മരുമക്കൾ: റിങ്കു അനൂപ് കുന്നിരിക്കമനക്കൽ (തിരുവല്ല), ജോസ്മോൻ തോമസ് മംഗലത്തുപറമ്പിൽ (കല്ലറ).

**തലയോലപ്പറമ്പ്:** വിമുക്തഭടൻ തയ്യിൽ ടി.ജെ. ജോസ് (ജോബ്-66) അന്തരിച്ചു.

**കരിക്കാട്ടൂർ:** മിഷനറി സിസ്റ്റേഴ്സ് ഓഫ് ദി കീൻ ഓഫ് ദി അപ്പോസിൽസ് സഭാംഗം സിസ്റ്റർ എം. റൂത്ത് (79) അന്തരിച്ചു.

**മണർകാട്:** പാടത്തുമാപ്പിള ഈരേച്ചേരിൽ പരേതനായ ജോൺ ഏബ്രഹാമിന്റെ ഭാര്യ അന്നമ്മ ജോൺ (87) അന്തരിച്ചു.

## ഏലിയാമ്മ യോഹന്നാൻ

**കായംകുളം:** തെക്കേമങ്കുഴി പുതുശേരി പടീറ്റതിൽ ഏലിയാമ്മ യോഹന്നാൻ (സുശീലാമ്മ -90) അറ്റ്ലാന്റയിൽ അന്തരിച്ചു. മക്കൾ: ജോയിക്കുട്ടി, ജോളി, ബിനോയി ജോൺ (മൂവരും അറ്റ്ലാന്റ), പാസ്റ്റർ റോയ് ജോൺ (ടിപിഎം അസിസ്റ്റന്റ് സെന്റർ പാസ്റ്റർ, തൃശൂർ).

**മൂവാറ്റുപുഴ:** നഗരസഭാ മുൻ കൗൺസിലർ കളപ്പുരയ്ക്കൽ ജോസഫ് സേവ്യർ (55) അന്തരിച്ചു.

**തലനാട്:** കെഎസ്ഇബി റിട്ട. ജീവനക്കാരൻ കല്ലാറ്റുപറമ്പിൽ ഗ്രിഗോറിയോസ് (കെ.ഡി. ജോസ്-63) അന്തരിച്ചു.

**കുറുപ്പന്തറ:** ഇരവിമംഗലം പണിക്കൊട്ട്പറമ്പിൽ ജോണിന്റെ ഭാര്യ അന്നമ്മ ജോൺ (71) അന്തരിച്ചു.

**കോട്ടയം:** ചിങ്ങവനം അലക്സ് വാച്ച് വർക്സ് ഉടമ പുലിക്കോട്ടിൽ കുഞ്ഞുകുഞ്ഞൻ (72) അന്തരിച്ചു.

**തിരുവല്ല:** വിമുക്തഭടൻ മതിൽ ഭാഗം സായി വിഹാറിൽ വാസുദേവക്കുറുപ്പ്(87) അന്തരിച്ചു.

## പാസ്റ്റർ ഏബ്രഹാം ജോൺ



**ഒക്‌ലഹോമ:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയുടെ (IPC) സീനിയർ ശുശ്രൂഷകനായിരുന്ന പരേതനായ പാസ്റ്റർ കെ.ഇ. മാത്യുവിന്റെ മരുമകൻ പാസ്റ്റർ ഏബ്രഹാം ജോൺ (62) അന്തരിച്ചു. ഭാര്യ: ട്രേസി. മകൻ: ഷോൺ.

**തിരുവാർപ്പ്:** വഞ്ചിക്കൽ അരുൺ നിവാസിൽ സിആർപിഎഫ് റിട്ട. സബ് ഇൻസ്പെക്ടർ വി.എസ്. രാജൻ ബാബു (79) അന്തരിച്ചു.

**പേരൂർ:** ജില്ല വ്യവസായ കേന്ദ്രം റിട്ട. ഉദ്യോഗസ്ഥൻ കാക്കനാട്ടായ കക്കാട്ടിത്തറയിൽ കെ.കെ. സ്കറിയ അന്തരിച്ചു.

## തങ്കമ്മ ഡാനിയേൽ

**മല്ലശേരി:** നെടിയകാലായിൽ തങ്കമ്മ ഡാനിയേൽ (91) അന്തരിച്ചു. ഭർത്താവ് പരേതനായ കെ. ഡാനിയേൽ. മക്കൾ: ഗ്രേസി ഡാനിയേൽ (ദുബായ്), ആലീസ് ബാബു, സാലി എബി, ലില്ലി ജോൺസൺ (പഞ്ചാബ്), ലിസി ബെന്നി (ചെന്നൈ), ആനി ഷാജി, പരേതനായ പാസ്റ്റർ തോമസ് ഡാനിയേൽ. മരുമക്കൾ: ഏലിയാമ്മ തോമസ് (യുഎസ്), ടി.കെ. ബാബു (അടൂർ), പാസ്റ്റർ എബി ജോൺ (ശാരോൺ ചർച്ച്, കൊച്ചി), ജോൺസൺ ജെ. ടൈറ്റസ് (പഞ്ചാബ്), പാസ്റ്റർ ബെനഡിക്ട് ജോസഫ് (ചെന്നൈ), ഷാജി പി. മാത്യു (റാന്നി).

**വളഞ്ഞവട്ടം:** വേലിക്കകത്ത് കൊച്ചുമോൾ ബെഞ്ചമിൻ (54) അന്തരിച്ചു.

**റ്റുമാനൂർ:** ചോരേട്ട് വല്യാറ്റുകുഴിയിൽ ജയിംസ് സി. മാത്യു (78) അന്തരിച്ചു.

**പൊങ്ങന്താനം:** യു.പി സ്കൂൾ റിട്ട. അധ്യാപകൻ കുന്നത്തുമഠം കെ.ടി. ചാക്കോ (മാമ്മച്ചൻ-88) അന്തരിച്ചു.

**ഇത്തിത്താനം:** ചിറവംമുട്ടം പുത്തൻപുരയ്ക്കൽ കെ.പി. രാജേന്ദ്രൻ നായർ (67) അന്തരിച്ചു.

**കടുത്തുരുത്തി:** പാലകര വട്ടയ്ക്കാട്ട് വി.കെ. കൃഷ്ണൻകുട്ടി (71) അന്തരിച്ചു.

**പുതുപ്പള്ളി:** കൈപ്പനാട്ട് ഏലിയാമ്മ ജോയ് (പൊന്നമ്മ -84) അന്തരിച്ചു.

**പാടിമൺ:** കൊച്ചരപ്പുങ്കൽ കുറിച്ചിയിൽ മറിയാമ്മ മത്തായി (92) അന്തരിച്ചു.

**കുറിച്ചി:** ഇടയാടിപ്പറമ്പിൽ ഷിബു (49) അന്തരിച്ചു.

## അച്ചാമ്മ ചാക്കോ

**ആലപ്പുഴ:** വടകര പുത്തൻപറമ്പിൽ അച്ചാമ്മ ചാക്കോ (80) അന്തരിച്ചു. ചങ്ങനാശേരി തുമ്പുങ്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.എസ്. ചാക്കോ. മക്കൾ: സക്കറിയ പി. ചാക്കോ (യുഎസ്), തോമസ് പി. ചാക്കോ. മരുമക്കൾ: കൈനകരി ലാഡപുരം നങ്ങച്ചി വീട്ടിൽ ലീന സക്കറിയ (യുഎസ്), ബിന്ദു തോമസ് ഇടനാട് (കുരിശുമ്മൂട്, ചങ്ങനാശേരി).

## അന്നമ്മ ജോൺ

**നെടുങ്ങാടപ്പള്ളി:** തെക്കേപ്പുറമ്പിൽ പരേതനായ ടി.വി. ജോണിന്റെ ഭാര്യ അന്നമ്മ ജോൺ (98) അന്തരിച്ചു. മക്കൾ: ബാബു (യുഎസ്), ലില്ലിക്കുട്ടി, സൂസൻ, കൊച്ചുമോൻ. മരുമക്കൾ: ജോളി, പരേതനായ ബാബു, ഷാജി, സുനി.

## മേരി ജോസഫ്

**അതിരമ്പുഴ:** കോട്ടയ്ക്കുപുറം കദളിക്കാട്ടിൽ വേങ്ങാത്തടത്തിൽ മേരി ജോസഫ് (75) അന്തരിച്ചു. ഭർത്താവ്: ജോസഫ്. മക്കൾ: ഷീന, ഷിജി. മരുമക്കൾ: ജോസ് കടവിൽ (ടിവിപുരം), ജിമ്മി വർഗീസ് പൂത്തോട്ടത്തിൽ (ഫ്ളോറിഡ).

**കുറിച്ചി:** പള്ളം ഗവ. യുപിഎസ് റിട്ട. പ്രധാനാദ്ധ്യാപകൻ അട്ടച്ചിറ വീട്ടിൽ എ.പി. പ്രസാദ് (94) അന്തരിച്ചു.

**കാണക്കാരി:** വെള്ളാപ്പള്ളിൽ പരേതനായ വി.എം. മാണിയുടെ (ദേവമാതാ കോളജ് കുറവിലങ്ങാട്) ഭാര്യ കളത്തൂർ സെ. മേരീസ് എൽപി സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക ലില്ലിക്കുട്ടി മാണി (കെ.കെ. റോസ് -89) അന്തരിച്ചു.

**വിളക്കുമാടം:** റിട്ട. പ്രധാനാദ്ധ്യാപകൻ കാരയ്ക്കാട്ട് കെ.എസ്. മാനുവൽ (83) അന്തരിച്ചു.

**തിരുവല്ല:** ചുട്ടിപ്പാറയിൽ കർമ്മമേലിൽ കെ.കെ. (മേരിക്കുട്ടി-72) അന്തരിച്ചു.

**കുളത്തൂർ:** ചളുക്കാട്ടു കുമ്പിളുവേലിൽ ഏലിയാമ്മ വർഗീസ് (102) അന്തരിച്ചു.

**പുന്നവേലി:** കോളാകോട്ട് ആനി ജോർജ് ജോസഫ് (സാലിക്കുട്ടി-74) അന്തരിച്ചു.

**കരുനാഗപ്പള്ളി:** വടക്കേപ്പറമ്പിൽ ജി. വിജയമ്മ (78) അന്തരിച്ചു.

**മേമ്മുറി:** വടക്കേകണ്ടങ്കരിയിൽ ഏലിയാമ്മ ജെയിംസ് (90) അന്തരിച്ചു.

**ചിങ്ങവനം:** പള്ളിയടിയിൽ അന്നമ്മ (68) അന്തരിച്ചു.

**തിരുവാർപ്പ്:** കൊല്ലവറച്ചിറ വീട്ടിൽ (ബിനു നിവാസ്) ദേവകി (88) അന്തരിച്ചു.

**പച്ച:** തകഴി കാർമൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ അദ്ധ്യാപിക പാലപ്പറമ്പിൽ ഐവി ബിജോ (38) അന്തരിച്ചു.

**ഓതറ:** ആലപ്പാട്ട് ഏലിയാമ്മ ഉമ്മൻ (87) അന്തരിച്ചു.

## ജേക്കബ് കോശി



**ഷുഗർലാൻഡ്, ടെക്സസ്:** ഫോമാ ജുഡീഷ്യൽ കൗൺസിൽ മുൻ ചെയറും വെസ്റ്റ്ചെസ്റ്റർ കൗണ്ടി ഹ്യൂമൻ റൈറ്റ്സ് കമ്മീഷണറുമായ തോമസ് കോശിയുടെ ഇളയസഹോദരൻ ജേക്കബ് കോശി (72) ഷുഗർലാൻഡിൽ അന്തരിച്ചു. ന്യൂയോർക്ക് മിഡ് ഹഡ്സൺ അസോസിയേഷന്റെ സ്ഥാപക പ്രസിഡണ്ടും ഫോമാ അമ്പയർ റീജിയൻ സെക്രട്ടറിയുമായിരുന്നു. തിരുവല്ല സ്ലീബാപറമ്പിൽ പരേതരായ പോത്തൻ കോശിയുടെയും സാറാമ്മയുടെയും പുത്രനാണ്. ഭാര്യ വത്സ ജേക്കബ്. മക്കൾ: ഡോ. ജാക്സി ജേക്കബ് (ആൽബനി, ന്യൂയോർക്ക്), ജിബിൻ ജേക്കബ് (ടെക്സസ്). മരുമക്കൾ: ബോബി, ബെറ്റ്സി ജേക്കബ്. സഹോദരങ്ങൾ: പോത്തൻ തങ്കൻ, വർഗീസ് കോശി, തോമസ് കോശി, മറിയാമ്മ ഡാനിയേൽ (എല്ലാവരും ന്യൂയോർക്ക്), പരേതയായ ഏലിയാമ്മ മാത്യു, ശോശാമ്മ ഏബ്രഹാം (കേരളം).

**കുറുമ്പനാടം:** ഓവേലിൽ ചെറിയാൻ മാത്യുവിന്റെ ഭാര്യ (ജാൻസി ചെറിയാൻ -62) അന്തരിച്ചു.

**ചമ്പക്കുളം:** സെന്റ് മേരീസ് സ്കൂൾ റിട്ട. അദ്ധ്യാപകൻ പുത്ര വീട്ടിൽ എൻ. ജെ. അന്നമ്മ (89) അന്തരിച്ചു.

## ആർ. മാധവ കൈമൾ

**വെച്ചൂർ:** റിട്ട. കമ്പനി സെക്രട്ടറി വെച്ചൂർ കാട്ടുമിറ്റത്ത് ആർ. മാധവ കൈമൾ (അപ്പു -84) അന്തരിച്ചു. ഭാര്യ സുശീല മാധവ കൈമൾ (റിട്ട. ബിഎആർസി മുംബൈ). മക്കൾ: മഞ്ജു എം. കൈമൾ, രജനി കൈമൾ (യുഎസ്), സ്മിത. മരുമക്കൾ: പരേതനായ രാജേഷ്, ഷാരൂഖ് (യുഎസ്).

**ഇളങ്ങുളം:** ഇരിപ്പാക്കാട്ട് മേരിക്കുട്ടി തോമസ് (76) അന്തരിച്ചു.

**മുണ്ടത്താനം:** കോവൂർപുരയിടം പരേതനായ പാസ്റ്റർ കെ.ജെ. ജോണിന്റെ മകൻ ബിനോയ് ജോൺ (50) അന്തരിച്ചു.

**പാലാ:** അഗ്രിക്കൾച്ചർ റിട്ട. ജോയിന്റ് ഡയറക്ടർ പ്രവിത്താനം വാച്ചാപറമ്പിൽ പി.കെ. മാത്യു (86) അന്തരിച്ചു.

**കോതനല്ലൂർ:** കുറ്റിപറച്ചതിൽ (ഇഞ്ചിപറമ്പിൽ) കെ.പി. പയസ് (62) അന്തരിച്ചു.

**പരിപ്പ്:** ആലുമ്മൂട്ടിൽ മഠത്തിൽ രാമകൃഷ്ണയ്യരുടെ ഭാര്യ പാർവ്വതി (രാജി-70) അന്തരിച്ചു.

## ടി.സി. ഏബ്രഹാം

**കണ്ടംപേരൂർ:** തേപ്പുറത്ത് ടി.സി. ഏബ്രഹാം (ബേബിക്കുട്ടി-84) അന്തരിച്ചു. മാരാമൺ മുളവേലിൽ കുടുംബാംഗമാണ്. ഭാര്യ പൂവന്മല പുയോടിൽ ശോശാമ്മ ഏബ്രഹാം. മക്കൾ: ബിന്ദു (യുഎസ്), ബെൻസൺ. മരുമകൾ: ഏഴോലി കവുങ്കോട്ടേത്ത് ബിൻസി.

**ഇരിങ്ങാലക്കുട:** അസമിലെ തെസ്പൂർ രൂപതയിലെ കത്തോലിക്കാ മിഷനറി ഫാ. ജോയ് ആളൂക്കാൻ (77) അന്തരിച്ചു.

## രുക്മിണിയമ്മ

**മീനച്ചിൽ:** കുന്നുപറമ്പേൽ പരേതനായ ശിവരാമന്റെ ഭാര്യ രുക്മിണിയമ്മ (83) അന്തരിച്ചു. മക്കൾ: ഉഷ (തമ്പലക്കാട്), മായ (എക്സൈസ് കോട്ടയം), സീതാലക്ഷ്മി (യുഎസ്), ഗായത്രീദേവി (അമൃത ആശുപത്രി എറണാകുളം).

**പൊൻകുന്നം:** ചിറക്കടവ് കെവിഎംഎസ് റോഡ് താനത്തുകുന്നേൽ ടി.ജി. രാധാകൃഷ്ണപിള്ള (65) അന്തരിച്ചു.

## മറിയാമ്മ ഡാനിയേൽ



**ഡാളസ്:** റാന്നി മേമുറിയിൽ പരേതനായ പി.കെ. ഡാനിയേലിന്റെ ഭാര്യ മറിയാമ്മ ഡാനിയേൽ (100) അന്തരിച്ചു. പരേത അയിരൂർ പ്ലാങ്കമൺ പഞ്ഞിക്കാട്ടിൽ കുടുംബാംഗമാണ്. മകൾ: ഷേർലി ജേക്കബ് (ഡാളസ്).

**കാണക്കാരി:** തെക്കേ കുറ്റിയാനിയിൽ ബാബു കെ. ജോസഫിന്റെ ഭാര്യ ലിസമ്മ ജോസഫ് (58) അന്തരിച്ചു.

**പാമ്പാടി:** വെള്ളൂർ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ റിട്ട. പ്രിൻസിപ്പൽ കോഉശേരിൽ ജേക്കബ് കോശി (82) അന്തരിച്ചു.

**തെള്ളകം:** കൈതക്കുളങ്ങര കെ.എ. ദേവസ്യ (പാപ്പു-83) അന്തരിച്ചു.

**നെടുമണ്ണി:** വടക്കുംമുറിയിൽ അന്നമ്മ ആന്റണി (തങ്കമ്മ -85) അന്തരിച്ചു.

**റാന്നി:** വിമുക്തഭടൻ പഴവങ്ങാടി തേക്കാട്ടിൽ ടി.സി. കുര്യൻ (ബേബിച്ചൻ-85) അന്തരിച്ചു.

**കിടങ്ങൂർ:** മുളവനാൽ സൈമൺ തോമസ് (70) അന്തരിച്ചു.

**പുഞ്ചവയൽ:** പ്ലാക്കൽ കല്യാണിയമ്മ (89) അന്തരിച്ചു.

**ഏകടുത്തുരുത്തി:** മലയിൽ കെ.വിജയൻ (74) അന്തരിച്ചു.

## ഡോ. എലിസബത്ത് നൈനാൻ

**കൊച്ചി:** കലൂർ എൽഎഫ്സി റോഡിൽ ആൻഡ്രോസിൽ നിരണം പള്ളിക്കടവ് ഡോ. എലിസബത്ത് നൈനാൻ (കുഞ്ഞോ-88) അന്തരിച്ചു. കോട്ടയം വടവാതൂർ വിരുത്തിപ്പടവിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി. ജോൺ നൈനാൻ. മക്കൾ: വസന്ത് (യുഎസ്), ജീന (ഡൽഹി). മരുമക്കൾ: ജെന്നി, വിവേക്.

**കുന്നന്താനം:** പാറക്കടവിൽ മൈലമൺ പുത്തൻപറമ്പിൽ പരേതരായ പി.എ. ചെറിയാന്റെയും മേരിക്കുട്ടിയുടെയും മകൾ മോളിക്കുട്ടി ചെറിയാൻ (77) അന്തരിച്ചു.

## മറിയാമ്മ ജോർജ്

**റാന്നി:** കരിമ്പനാംകുഴി കൊച്ചുതുണ്ടിയിൽ മറിയാമ്മ ജോർജ് (തങ്കമ്മ-96) അന്തരിച്ചു. ഭർത്താവ് പരേതനായ കെ.ജി. ജോർജ്. മക്കൾ: വർഗീസ് ജോർജ്, ഡാനിയേൽ ജോർജ്, മേഴ്സി മാത്യു, ജോൺ കെ. ജോർജ് (നാലുപേരും യുഎസ്), മാത്യു കെ. ജോർജ് (ബെംഗളൂരു). മരുമക്കൾ: ഷീല വർഗീസ്, സൂസൻ ഡാനിയേൽ, ജോസ് മാത്യു, അനു ജോൺ (നാലുപേരും യുഎസ്), ജെസി റെയ്ച്ചൽ മാത്യു (ബെംഗളൂരു).

**പൂവരണി:** കൊച്ചുകൊട്ടാരം കൊങ്ങമല തങ്കമ്മ സെബാസ്റ്റ്യൻ (77) അന്തരിച്ചു.

**കൊരട്ടി:** കുറ്റിക്കാട്ട് പരേതനായ കുറുവച്ചന്റെയും എത്സമ്മയുടെയും മകൻ ബിബിൻ കുര്യൻ (30) അന്തരിച്ചു.

**മോസ്കോ:** പുത്തൻപുരയ്ക്കൽ മറിയാമ്മ വർഗീസ് (കുഞ്ഞമ്മ-98) അന്തരിച്ചു.

**പരിപ്പ്:** നാലാത്ര ബംഗ്ലാവിൽ വർഗീസ് ഉമ്മൻ (വർഗീസ്കുട്ടി-70) അന്തരിച്ചു.

**മീനടം:** കെഎസ്ആർടിസി റിട്ട. ചെക്കിങ് ഇൻസ്പെക്ടർ കാക്കനാട്ടുകുന്നേൽ വി.കെ. ഭാസ്കരൻ നായർ (82) അന്തരിച്ചു.

**മുത്തോലി:** ചൂരനോലിൽ പരേതനായ ജോസഫിന്റെ ഭാര്യ ഏലമ്മ ജോസഫ് (87) അന്തരിച്ചു.

**വൈക്കം:** ചെമ്മനത്തുകര ഇളമനത്തറ ജോസഫ് (പാപ്പച്ചൻ-91) അന്തരിച്ചു.

**കോട്ടയം:** വാരിശ്ശേരി അനുജ ഭവനിൽ പി.പി. ശിവരാമൻ (74) അന്തരിച്ചു.

**വാഴപ്പള്ളി:** പടിഞ്ഞാറെ കൊങ്ങണിപറമ്പിൽ സി.എൻ. രാഘവൻ (86) അന്തരിച്ചു.

**ചെങ്ങളം:** ചാലശേരിയിൽ കെ.വി. ദേവസ്യ (കുഞ്ഞച്ചൻ-74) അന്തരിച്ചു.

**തങ്കമണി:** പൂവത്തോലിൽ എൽസി ജോസഫ് (87) അന്തരിച്ചു.

**സ്വരാജ്:** തിരുകയിൽ മോളി ജയിംസ് (63) അന്തരിച്ചു.

**മേവട:** ഞള്ളിയിൽ ചന്ദ്രന്റെ ഭാര്യ ലീല (65) അന്തരിച്ചു.

## കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

**താല്പര്യമുള്ളവർ വിളിക്കുക**

**+1 713 204 7735 (Whats App)**

## PRIME KERALA INVESTMENT OPPORTUNITY FOR NRIs

### 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Dallas*

**Visit Our Website: www.keralaexpress.com for Classified Advt.**

## LIVE-IN CAREGIVER NEEDED – DETROIT

An 86-year-old elderly lady Malayalam speaking in Detroit, who is fully wheelchair-dependent, is looking for a live-in caregiver from January 1st 2027.

Duties include:

* Assistance with daily activities

* Light cooking

* General caregiving and companionship

**If you are interested or know someone who may be interested, please contact.**

**Joji Varughese**

**586-610-9932**

## LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email: gisham26@gmail.com**

## ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Boston*

## ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Boston*




# ആശയിലൂടെ വീണ്ടും തിളങ്ങി ഉർവശി

ഉർവശി എന്ന നടി ജലം പോലെയാണ്. കഥാപാത്രത്തിന്റെ രൂപത്തിലേക്കു ലയിക്കും. പല ഭാവങ്ങൾ ഉൾക്കൊള്ളും. കഥാപാത്രത്തിന്റെ നിറങ്ങൾ മാത്രം പ്രതിഫലിപ്പിക്കും. പുറമേയ്ക്കു ശാന്തമെങ്കിലും അളക്കാനാവാത്ത ആഴം സൂക്ഷിക്കും. ഏതൊരു അഭിനേതാവിനെയും ആശിപ്പിക്കുന്ന, ഏതൊരു കാണിയെയും അതിശയിപ്പി




ക്കുന്ന പ്രകടനവുമായി ആശയിലൂടെ ഉർവശി വീണ്ടും എത്തിയപ്പോൾ തിയറ്ററിൽ ജനപ്രവാഹമാണ്.

നവാഗതനായ സഫർ സനൽ സംവിധാനം ചെയ്ത 'ആശ' അജിത് വിനായകയാണ് നിർമിച്ചിരിക്കുന്നത്. ജോജു ജോർജും രമേശ് ഗിരിജയും സഫർ സനലുമാണ് തിരക്കഥയും സംഭാഷണവും ഒരുക്കിയിരിക്കുന്നത്. ആശയ്ക്കു ലഭിക്കുന്ന മികച്ച പ്രതികരണങ്ങളെക്കുറിച്ചും കഥാപാത്രത്തെക്കുറിച്ചും ഉർവശി മനസ്സു തുറക്കുന്നു.

പേരുപോലെ ഒരുപാട് ആശകളുള്ള, സങ്കീർണമായ ഒരു കഥാപാത്രം. സ്വന്തം സംഘർഷങ്ങൾ ഉള്ളിലൊതുക്കുന്ന, സ്വന്തം തെറ്റുകളെ അംഗീകരിക്കാനാവാത്ത, കുടുംബത്തിനായി ഏതറ്റം വരെയും പോകുന്നയാൾ. ദൃശ്യത്തിലെ ജോർജ്കുട്ടിയുടെ ഒരു ഫീമെയിൽ വേർഷൻ.

ജോജുവാണ് ഈ സിനിമയുടെ പ്രധാന ആസൂത്രകൻ. ആശയെ ഈ രീതിയിൽ ഫലിപ്പിക്കാനും ഇംപ്രവൈസ് ചെയ്യാനും ജോജു വലിയൊരു പങ്കുഹിച്ചിട്ടുണ്ട്.

ഞാനൊന്നും വിചാരിക്കാത്ത തരത്തിൽ ലോകത്തെ വീക്ഷിക്കുന്നവരാണ് പുതിയ തലമുറയിലെ കുട്ടികൾ. അവർക്ക് വിഷയങ്ങൾക്ക് പരിധിയില്ല. കഥാപാത്രങ്ങളൊന്നുംനന്മമരങ്ങളാവേണ്ടതുമില്ല. ഉള്ളൊഴുക്കിൽ പാർവതിയായിരുന്നു കൂടെ. ഈ സിനിമയിൽ ഐശ്വര്യ ലക്ഷ്മിയാണ്. പാർവതിയുടെ പ്രഥമദൃഷ്ട്യാ കുറ്റക്കാർക്ക് നല്ല അഭിപ്രായം ലഭിക്കുന്നത് കാണുമ്പോൾ ഒരുപാടു സന്തോഷം തോന്നുന്നു. മികച്ച തയാറെടുപ്പോടെ സ്വയം ഓഡിഷൻ പോലും ചെയ്തു നോക്കി, വായിച്ചു ധാരണയുണ്ടാക്കി വരുന്നവരാണ് പാർവതിയും ഐശ്വര്യയുമെല്ലാം. അവരുടെ കൂടെ വർക്ക് ചെയ്യുമ്പോൾ ഞാനും ചുളുവിനു പലതും പഠിച്ചെടുക്കാറുണ്ട്.

ആശയുമായി പല സമാനതകളുണ്ടെങ്കിലും ആശയെപ്പോലെയായിരുന്നെങ്കിൽ എന്നെനിക്കു തോന്നിപ്പോയി. എന്റെ അമ്മയുടെ അതേ പ്രകൃതമാണ് എനിക്ക്. ജീവിതത്തെ ഭയപ്പാടോടെ നോക്കി കാണുന്ന, ആളുകളെന്തു പറയുമെന്നു കരുതി എല്ലാം അടക്കിവെച്ചാണ് ഞാൻ ജീവിച്ചത്. ആശയെന്നെ ഒരുപാടു ചിന്തിപ്പിച്ചു. പ്രതികരിക്കേണ്ടിടത്ത് എന്തുകൊണ്ടു നീ പ്രതികരിച്ചില്ല. ജീവിതം എവിടെ എത്തിനിൽക്കുന്നു. സ്വയം പ്രതികരിക്കാത്തിടത്തോളം ആരുണ്ടാവും കൂടെ എന്നെല്ലാം ആശ എന്നോടു ചോദിക്കുന്നപോലെ തോന്നി. പക്ഷേ, അനീതിയോടു പ്രതികരിച്ചാലും ആശ സ്വന്തം വിഷമങ്ങൾ ആരോടും പങ്കുവെക്കുന്നില്ല. സഹായം തേടുന്നില്ല. ഞാനും മൗനമായി എല്ലാത്തിനെയും നേരിട്ടു. എന്റെ കഥ പറയാതെ, എന്റെ ഭാഗം വിശദീകരിക്കാതെ.

ഒരുപാട് വെല്ലുവിളികൾ നിറഞ്ഞ ആശയെ പ്രത്യേക മീറ്ററിലാണ് അവതരിപ്പിക്കേണ്ടത്. എന്നാൽ അതിനായി ഹോംവർക്ക് ചെയ്യാൻ കഴിയാത്ത ഒരാളാണ് ഞാൻ. സംവിധായകൻ ആക്ഷൻ എന്നു പറയുമ്പോൾ എനിക്ക് ആശയായേ പറ്റൂ. ഒരോ സീനും അഭിനയിച്ചഭിനയിച്ചാണ് എനിക്കുള്ളിൽ പൂർണമായി ആ കഥാപാത്രം രൂപപ്പെട്ടത്. നിർണായകമായ പല സീനുകളിലും കൈവിട്ടു പോകുമെന്നു തോന്നുന്ന തരത്തിൽ മാനസിക ബുദ്ധിമുട്ട് അനുഭവിച്ചിട്ടുണ്ട്. സംവിധായകൻ സീനുകൾ വിവരിക്കുമ്പോൾ ആ സാഹചര്യത്തിൽ ആശയെങ്ങനെ പ്രതികരിക്കും, എങ്ങനെ പതറും. എങ്ങനെ കരയും എന്നെല്ലാം വ്യക്തമായ ബോധ്യമുണ്ടായിരുന്നു. ബെംഗളൂരുവിൽ നിന്ന് കൊച്ചിയിലേക്കുള്ള ഫ്‌ളൈറ്റിൽ വെച്ച് പരിചയപ്പെട്ട ഒരു സ്ത്രീ എന്നോടു പറഞ്ഞതു സിനിമയിൽ കണ്ടത് മുഴുവൻ അവരുടെ അമ്മയെ ആണെന്നാണ്. സിനിമ കണ്ട് അമ്മയെ കാണാൻ തോന്നി നാട്ടിലേക്കു പോവുകയായിരുന്നു അവർ. അമ്മയ്ക്കു കെട്ടിപ്പിടിച്ചൊരു ഉമ്മ കൊടുക്കണമെന്നു പറഞ്ഞു. ഒരുപാട് അമ്മമാരിൽ ഒരാശയുണ്ട്. ഈ അമ്മമാരുടെ പെൺമക്കൾക്കുള്ളിൽ ഒരു അനഘയുമുണ്ട് (ഐശ്വര്യ ലക്ഷ്മിയുടെ കഥാപാത്രം).



മക്കളുടെ കാര്യത്തിൽ ഞാൻ ആശയാണ്. വളരെ പ്രൊട്ടക്ടീവായ, അവരുടെ കാര്യത്തിൽ ടെൻഷനടിക്കുന്ന, മക്കൾക്കായി ഓരോ നിമിഷവും ചിന്തകൾ മാറ്റിവെക്കുന്നയാൾ. പന്ത്രണ്ടു വയസ്സുള്ള എന്റെ മകൻ സിനിമ കണ്ടിട്ട് അമ്മ എന്നാലും എന്തിനാ അങ്ങനെ പ്രതികരിച്ചേ, എന്തിനാ ഓരോന്ന് ആലോചിച്ചു കൂട്ടിയേ എന്നാണ് ചോദിച്ചത്. സിനിമയിൽ എവിടെയൊക്കെയോ ഞാനെന്ന അമ്മയെ കണ്ടതുകൊണ്ടാവാം അവൻ അങ്ങനെ ചോദിച്ചത്. എന്നെ മാത്രമല്ല, എനിക്കെന്റെ അമ്മയെയും ആശയിൽ കാണാമായിരുന്നു.

## ഓട്ടംതുള്ളൽ തിയറ്ററുകളിലെത്തി

ജി. മാർത്താണ്ഡൻ സംവിധാനം ചെയ്ത ഓട്ടംതുള്ളൽ തിയറ്ററുകളിൽ. നാട്ടിൻപുറത്തിന്റെ പശ്ചാത്തലത്തിൽ സാധാരണക്കാരായ ജനങ്ങളുടെ കഥ പറയുന്ന സിനിമ. വിജയരാഘവൻ, വിഷ്ണു ഉണ്ണികൃഷ്ണൻ, ബിബിൻ ജോർജ്, കലാഭവൻ ഷാജോൺ, ടിനി ടോം, ഹരിശ്രീ അശോകൻ തുടങ്ങിയവർ പ്രധാന വേഷങ്ങളിൽ. തിരക്കഥ ബിനു ശശിറാം. ഛായാഗ്രഹണം പ്രദീപ് നായർ. എഡിറ്റിംഗ് ജോൺകുട്ടി.

## അവറാച്ചൻ ആൻഡ് സൺസ്

മാജിക് ഫ്രെയിംസിന്റെ ബാനറിൽ ലിസ്റ്റിൻ സ്റ്റീഫൻ അവതരിപ്പിക്കുന്ന അവറാച്ചൻ ആൻഡ് സൺസ് തിയറ്ററുകളിൽ. ബിജു മേനോനാണ് നായകൻ. സംവിധാനം തമ്പി.

നർമ മുഹൂർത്തങ്ങൾ കോർത്തിണക്കിയ കംപ്ലീറ്റ് ഫാമിലി എന്റർടെയ്നർ. ശ്രീനാഥ് ഭാസി, ഗണപതി, വിനയ് ഫോർട്ട്, ജോണി ആന്റണി, ഗ്രേസ് ആന്റണി, അഖില ഭാർഗവൻ, പൗളി വത്സൺ, സാബുമോൻ, കോട്ടയം നസീർ, വിനീത് തട്ടിൽ, സാജൻ പള്ളുരുത്തി, ആഷിഖ് ഖാലിദ്, സുധി കോപ്പ, സജിൻ ചെറുകയിൽ, ഷാജു ശ്രീധർ, നിഷാ സാരംഗ് തുടങ്ങിയവരാണു മറ്റു വേഷങ്ങളിൽ. തിരക്കഥ ജോസഫ് വിജീഷ്, തമ്പി. സഹ നിർമ്മാണം-ജസ്റ്റിൻ സ്റ്റീഫൻ, എഡിറ്റിംഗ്-ആകാശ് ജോസഫ് വർഗീസ്, സംഗീത സംവിധാനം-സനൽദേവ്.






# അനന്ത് നാഗ് സ്ക്രീനിന് അകവും പുറവുമുള്ള ജീവിതം പറയുന്നു

ഉത്തരകന്നഡ ഷിറാലിയിലെ ചിത്രാപുര മഠത്തിനു കീഴിലെ ആനന്ദാശ്രമത്തിലെ ഭജനകൾക്കു തബലയും ഹാർമോണിയവും വായിച്ചാണ് അനന്ത് നാഗ് കലാസപര്യയ്ക്ക് തുടക്കമിട്ടത്. സാരസ്വത ബ്രഹ്മണരായ മാതാപിതാക്കൾക്കൊപ്പം അവിടെ സംസ്കൃത വേദമന്ത്രങ്ങൾ ഉരുവിട്ടു ബാല്യം പിന്നിട്ടു.

ഹൊന്നവാര ന്യൂ ഇംഗ്ലിഷ് സ്കൂളിൽ എട്ടാം ക്ലാസ്‌വരെ പഠിച്ച ശേഷം ബോംബെ സെന്റ് സേവ്യേഴ്സ് കോൺവന്റ് സ്കൂളിലേക്കു പറിച്ചുനട്ടു. ബോംബെ ജീവിതമാണ് അനന്ത് നാഗരക്കട്ടെ എന്ന അനന്ത് നാഗിലെ നടനെ വാർത്തെടുത്തത്. കന്നഡ ചലച്ചിത്ര ഇതിഹാസം ഡോ. രാജ്കുമാറിനു പിന്നാലെ രണ്ടാമതൊരു ദാദാ സാഹേബ് ഫാൽക്കെ പുരസ്കാരം കൂടി കന്നഡ മണ്ണിലെത്തിച്ച താരം കെട്ടിയാടിയ വേഷങ്ങളേറെ. കന്നഡ നടി ഗായത്രി നാഗരക്കട്ടെയാണു ഭാര്യ. കർണാടക മന്ത്രി കൂടിയായിരുന്ന അനന്ത് ജീവിതത്തിലും അഭ്രപാളിയിലും രാഷ്ട്രീയത്തിലും പിന്നിട്ട വഴികളെക്കുറിച്ചു പറയുന്നു.

നടനാകാനുള്ള നിയോഗം വഴിതുറന്നത് എങ്ങനെയെന്നാൽ വെങ്കിട്ടറാവു തൽഗേരിയുടെ കൊങ്കണി-കന്നഡ നാടകങ്ങളിൽ വേഷമിട്ടതാണ് അഭിനയ ജീവിതത്തിന്റെ തുടക്കം. മുദ്ദൂർ പ്രഭാകർ എഴുതിയ മൂന്ന് നാടകങ്ങളിൽ തുടർച്ചയായി വേഷമിട്ടു. കൊങ്കണിയിലും കന്നഡയിലും ഹിന്ദിയിലും മറാഠിയിലുമായി 55 നാടകങ്ങൾ. ഇതിനിടെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ പാർട് ടൈം ജോലി ചെയ്തു. അക്കാലത്ത് കന്നഡ നവതരംഗ സിനിമയിൽ വേഷമിട്ട വെങ്കിട്ടറാവു തൽഗേരിയാണ് സിനിമാ മോഹം തലയിൽക്കയറ്റിയത്. ഗിരീഷ് കർണാട്, ജി.വി.അയ്യർ, വൈ.എം. കൃഷ്ണമൂർത്തി തുടങ്ങിയവരുമായുള്ള പരിചയമാണ് ആദ്യ സിനിമയായ ‘സങ്കൽപ’ യിലേക്ക് (1973) വഴിതുറന്നത്. സംഗീത പ്രധാനമായ ഹംസഗീതെ, കൊണ്ടൂറ ഉൾപ്പെ



ടെ ഇരുപതോളം സമാന്തര സിനിമകൾ പിന്നിട്ടു ജനപ്രിയ ചിത്രങ്ങളിലേക്ക്. ശ്യാം ബനഗലിന്റെ അങ്കുർ (1973) കന്നഡ സിനിമകളായ ബയലു ദാരി (1976), കണ്ണേശ്വര രാമ (1977), ചന്ദനദ ഗൊംബെ (1979), രാജകുമാര (2017), കെജിഎഫ് (2018, 2022) തുടങ്ങി അഞ്ച് പതിറ്റാണ്ടിനിടെ ഹിന്ദിയിലും കന്നഡയിലും മറാഠിയിലും ബംഗാളിയിലും മലയാളത്തിലുമായി മുന്നൂറിലധികം വേഷങ്ങൾ. സമാന്തരം, ജനപ്രിയം എന്നിങ്ങനെയുള്ള വേർതിരിവ് എന്റെ സിനിമാ ജീവിതത്തിൽ അനുഭവപ്പെട്ടിട്ടില്ല. നാം പകർത്തിവെക്കുന്ന കഥാപാത്രങ്ങൾ നന്നായാൽ, ഏതു തരം സിനിമയേയും ജനം ഏറ്റെടുക്കും.

ചരിത്രത്തിൽ നിന്നും മറ്റും അടർത്തിയെടുത്ത അസാധാരണ കഥാപാത്രങ്ങൾ കന്നഡ സിനിമയിൽ അരങ്ങുവാണിരുന്ന കാലത്ത് ഞാൻ അഭിനയിച്ചതേറെയും മണ്ണിനോടും മനുഷ്യനോടും അടുത്തുനിൽക്കുന്ന കഥാപാത്രങ്ങളായിരുന്നു. മധ്യവർഗ കഥാപാത്രങ്ങൾ മാത്രമേ എനിക്കായി മാറ്റിവെക്കുന്നുള്ളൂ എന്ന് ഒട്ടേറെ പേർ പരിഹസിച്ചിട്ടണ്ട്. എന്നാൽ കർണാടകയിലെയും കേരളത്തിലെയും മറ്റും മധ്യവർഗ കുടുംബങ്ങളിൽ നിന്നുള്ള ആസ്വാദകർ എന്റെ സിനിമകൾക്കൊപ്പം നിന്നിട്ടുണ്ട്. അത്തരം റോളുകളാണ് ഏറെ സംതൃപ്തി നൽകിയിട്ടുള്ളത്.

മാൽഗുഡി ഡേയ്സിലെ വിവിധ വേഷങ്ങളിൽ ഏതാണ് ഏറ്റവുമിഷ്ടം എന്നു ചോദിച്ചാൽ ഇളയസഹോദരൻ ശങ്കർ നാഗ് സംവിധാനം ചെയ്ത ദൂരദർശൻ സീരിയൽ മാൽഗുഡി ഡേയ്സിലെ വിവിധ കഥകളിലായി വെവ്വേറെ വേഷങ്ങൾ ചെയ്തു. മിഠായി കടയുടമ ജഗൻ എന്ന ഗാന്ധിയൻ കഥാപാത്രം മുതൽ ഒരുപിടി നല്ല വേഷങ്ങളായിരുന്നു അവ.

ഏക മലയാള സിനിമ സ്വാതിതിരുനാളിൽ അഭിനയിച്ച അനുഭവത്തെക്കുറിച്ചു പറഞ്ഞാൽ ‘ഹംസഗീതെ’യുടെ സെറ്റിലുണ്ടായിരുന്ന ക്യാമറാമാൻ മധു അമ്പാട്ടാണ് സ്വാതിതിരുനാളിലെ (1987) ടൈറ്റിൽ റോൾ അഭിനയിക്കാനായി സംവിധായകൻ ലെനിൻ രാജേന്ദ്രനെ പരിചയപ്പെടുത്തിയത്. സംഗീതവിദ്വാനായ സ്വാതിതിരുനാൾ രാജാവിന്റെ വേഷം ഏറെ ആസ്വദിച്ചു ചെയ്തതാണ്. അതേറെ മലയാളി പ്രേക്ഷകരെ നേടിത്തന്നു. ഫാൽക്കെ പുരസ്കാരം ലഭിച്ചതിനെ പ്രകീർത്തിച്ച് കേരള മുഖ്യമന്ത്രി വി.ഡി. സതീശന്റെ ട്വീറ്റിൽ ഈ വേഷം എടുത്തു പറഞ്ഞതു ശ്രദ്ധയിൽപ്പെട്ടിരുന്നു. മലയളത്തിലേക്കു പിന്നെയും ഒട്ടേറെ ക്ഷണം ലഭിച്ചെങ്കിലും അതൊന്നും സ്വീകരിക്കാനായില്ല.

സിനിമയാണോ രാഷ്ട്രീയത്തിലേക്ക് വഴികാട്ടിയത്. മന്ത്രിസ്ഥാനം വരെ അലങ്കരിച്ചിട്ടും രാഷ്ട്രീയത്തിൽ നിന്നെന്തുകൊണ്ടു പിന്മാറി എന്നു ചോദിച്ചാൽ തമിഴ്നാട് രാഷ്ട്രീയം പോലെയല്ല കർണാടകയിലെയും കേരളത്തിലെയും രാഷ്ട്രീയം. സിനിമാക്കാരനായതുകൊണ്ടു ജനം കണ്ണടച്ചു പിന്തുണയ്ക്കണമെന്നില്ല. അക്കാലത്ത് ശ്യാം ബനഗലിന്റെ സെറ്റിലൊക്കെ ഒട്ടേറെ രാഷ്ട്രീയ ചർച്ചകൾ നടക്കുമായിരുന്നു. സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളിൽ ആകൃഷ്ടനായി അടിയന്തരാവസ്ഥയ്ക്കു ശേഷം അവിഭക്ത ജനതാ പാർട്ടിയിൽ ചേർന്നു. കർണാടക നിയമനിർമാണ കൗൺസിലിലേക്ക് നാമനിർദേശം ചെയ്ത എംഎൽസിയായി ആറു വർഷം. തുടർന്ന് ബെംഗളൂരു മല്ലേശ്വരത്തു നിന്ന് എംഎൽസിയായി ജെ. എച്ച്. പട്ടേൽ സർക്കാരിൽ (1996–99) ബെംഗളൂരു വികസന മന്ത്രിയുമായി. രാജ്യത്തെയും ജനതാദൾ വിഭജിച്ചത് രാഷ്ട്രീയം വിടാനിടയാക്കി.

## ഒടിയൻ–ദി ഏജ് ഓഫ് ഇല്യൂഷൻ

ധർമ പ്രൊഡക്ഷൻസും പൃഥ്വിരാജ് പ്രൊഡക്ഷൻസും ആദ്യമായി ഒന്നിക്കുന്ന ബിഗ് ബജറ്റ് ചിത്രം ഒടിയൻ: ദി ഏജ് ഓഫ് ഇല്യൂഷനു പൂജ ചടങ്ങുകളോടെ തുടക്കം. സംവിധായകൻ രാഹുൽ സദാശിവൻ സ്വിച്ച് ഓൺ കർമം നിർവഹിച്ചു.

പൃഥ്വിരാജ് സുകുമാരൻ, മഞ്ജു വാര്യർ, നിർമാതാവ് സുപ്രിയ മേനോൻ എന്നിവർ ചേർന്നാണ് ആദ്യ ക്ലാപ്പ് അടിച്ചത്. ഭൂതകാലം, ഭ്രമയുഗം, ഡീയസ് ഈറെ എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയനാണ് രാഹുൽ സദാശിവൻ.

സത്യവും മിഥ്യയും തമ്മിലുള്ള പോരാട്ടത്തിന്റെ കഥ പറയുന്ന മിസ്റ്ററി ത്രില്ലർ. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ–ഹാരീസ് ദേശം.



## ദ തേർഡ് മർഡർ




റോയ്, അരികിൽ ഒരാൾ, ചാപ്റ്റേഴ്സ്, വൈ എന്നീ ചിത്രങ്ങൾക്കുശേഷം സുനിൽ ഇബ്രാഹിം സംവിധാനം ചെയ്യുന്ന സൈക്കോളജിക്കൽ ത്രില്ലർ ദി തേർഡ് മർഡൽ തിയറ്ററുകളിൽ. നിർമാണം സുദർശൻ കാഞ്ഞിരംകുളം. സൈജു കുറുപ്പ്, ഇന്ദ്രൻസ്, വിനയ് ഫോർട്ട്, ജോണി ആന്റണി, ജിബിൻ ഗോപിനാഥ്, ആനന്ദ് മന്മഥൻ, മണികണ്ഠൻ പട്ടാമ്പി, റിയാസ് നർമകല, സജൽ സുദർശനൻ, അനന്യ, ലിയോണ ലിഷോയ്, ഫറാഷ്ബിലാ എന്നിവർ പ്രധാന വേഷങ്ങളിൽ. ഛായാഗ്രഹണം–സ്വരൂപ് ഫിലിപ്പ്, എഡിറ്റർ–വി. സാജൻ, കഥ–എം. എസ്. ഫൈസൽ ഖാൻ, സംഗീതം, പശ്ചാത്തല സംഗീതം–മെജോ ജോസഫ്.

# വർഗീയ പരാമർശത്തിനെതിരെ മുഖ്യമന്ത്രി

തിരുവനന്തപുരം: മലപ്പുറത്തെ ജനങ്ങളെ വർഗീയമായി അധിക്ഷേപിച്ച് സി.പി.എം. നേതാവ് പി. നന്ദകുമാർ നടത്തിയ പ്രസംഗം കേരളത്തിന്റെ മതേതര നിലപാടിനോടുള്ള വെല്ലുവിളിയാണെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ആര് വർഗീയത പറഞ്ഞാലും ശക്തമായ നടപടികളുണ്ടാകുമെന്നും അറിയിച്ചു. പിണറായി വിജയൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് മലപ്പുറം ജില്ലയെ അവഹേളിച്ച് ദേശീയ ദിനപത്രത്തിന് നൽകിയ അഭിമുഖത്തിന്റെയും തുടർന്ന് നടത്തിയ അധിക്ഷേപങ്ങളുടെയും തുടർച്ചയായാണ് ഇപ്പോഴും ഉണ്ടായിരിക്കുന്നത്. ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെട്ടവരെ ഇരുട്ടിൽ നിർത്തി സി.പി.എം. കാലങ്ങളായി നടത്തിപ്പോരുന്ന ഹീനമായ രാഷ്ട്രീയ നയമാണിത്.

ഇന്ത്യയിൽ വർഗീയതയുടെ വിഷവിത്ത് വിതയ്ക്കുന്ന സംഘപരിവാറും കേരളത്തിലെ സി.പി.എമ്മും ഒന്നുതന്നെയാണെന്നാണ് അവർ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തോട് മാപ്പുപറയാൻ സിപിഎമ്മും നന്ദകുമാറും തയ്യാറാകണമെന്നും പിണറായി വിജയൻ നിലപാട് വ്യക്തമാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# യുഡിഎഫിലെ അഭിപ്രായഭിന്നത സ്വാഭാവികമെന്ന് സ്പീക്കർ

കാസർഗോഡ്: മുന്നണിരാഷ്ട്രീയത്തിൽ അഭിപ്രായവ്യത്യാസങ്ങളും അതൃപ്തിയും സ്വാഭാവികമാണെന്നും പ്രശ്നങ്ങൾ രാഷ്ട്രീയതലത്തിൽ ചർച്ച ചെയ്ത് പരിഹരിക്കണമെന്നും നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ.

തന്റെ പദവിയുടെ പ്രത്യേകത കണക്കിലെടുത്ത് ദൈനംദിന രാഷ്ട്രീയത്തിൽനിന്ന് മാറിനിൽക്കുകയാണ്. അതിനാൽ രാഷ്ട്രീയ വിഷയങ്ങളിൽ ഇപ്പോൾ അഭിപ്രായം പറയാൻ ഉദ്ദേശിക്കുന്നില്ല. ആവശ്യമായ ഘട്ടത്തിൽ മാത്രമേ പ്രതികരിക്കുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.

യുഡിഎഫിലെ ഇപ്പോഴത്തെ അസംതൃപ്തിയും അഭിപ്രായവ്യത്യാസങ്ങളും സംബന്ധിച്ച കാസർഗോട്ട് മാധ്യമപ്രവർത്തകരുടെ ചോദ്യത്തോട് പ്രതികരിക്കുകയായിരുന്നു സ്പീക്കർ. ചട്ടയും കലവും ആയാൽ തട്ടിയും മുട്ടിയും ഇരിക്കും.

മുന്നണിരാഷ്ട്രീയം എന്നത് വിവിധ കക്ഷികൾ ചേർന്ന് പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകുന്ന സംവിധാനമാണ്. അതിനാൽ വേഗതയിലോ നയപരമായ സമീപനങ്ങളിലോ വ്യത്യാസം ഉണ്ടാകാം. അത്തരം രാഷ്ട്രീയ പ്രശ്നങ്ങൾ അതേ തലത്തിൽ പരിഹരിക്കണം - തിരുവഞ്ചൂർ പറഞ്ഞു.

കോൺഗ്രസിലെ ആഭ്യന്തര വിഷയങ്ങളിൽ പരസ്യമായി അഭിപ്രായം പറയുന്നത് ശരിയല്ല. പാർട്ടിയിൽ പറയേണ്ടത് പാർട്ടി ഫോറത്തിൽ പറയണം. തീർക്കാവുന്ന കാര്യങ്ങൾ അവിടെത്തന്നെ തീരട്ടെ. അതിനെക്കുറിച്ച് പരസ്യമായി പ്രതികരിക്കേണ്ട സാഹചര്യം ഇപ്പോഴില്ല, നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ വലിയ സാമ്പത്തിക ചെലവോടെ ലോക കേരള സഭ നടത്തുന്നത് പ്രായോഗികമല്ലെന്ന വിലയിരുത്തലിലാണ് മറ്റൊരു രീതിയിലുള്ള പരിപാടിയെക്കുറിച്ച് ആലോചിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ഏപ്രിലിൽ കേരള നിയമസഭയുടെ 70-ാം വാർഷികത്തിന്റെ ഭാഗമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക പരിപാടി സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ട്.

തന്റെ മനസിലുള്ള ആശയം വിവിധ തലങ്ങളിൽ ചർച്ച ചെയ്യേണ്ടതുണ്ട്. വാർഷികത്തിന്റെ ഭാഗമായി മലയാളികളായ 70 പ്രമുഖരെ ഒരേ വേദിയിലെത്തിച്ച് ആദരിക്കുന്ന പദ്ധതിയാണ് പരിഗണിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# സംവിധായകൻ സിംഗീതം ശ്രീനിവാസ റാവു അന്തരിച്ചു



ചെന്നൈ: വിഖ്യാത തമിഴ് സംവിധായകൻ സിംഗീതം ശ്രീനിവാസ റാവു (95) അന്തരിച്ചു. ചെന്നൈ കാവേരി ആശുപത്രിയിൽ ചികിത്സയിലായിരുന്ന റാവുവിന്റെ അന്ത്യം ഒക്ടോബർ മൂന്നിന് ശനിയാഴ്ച രാത്രിയായിരുന്നു. ഇന്ത്യ സിനിമയ്ക്ക് എക്കാലത്തെയും മികച്ച ക്ലാസിക്കുകൾ സമ്മാനിച്ച പ്രതിഭാശാലിയായിരുന്നു സിംഗീതം ശ്രീനിവാസ റാവു. കമൽ ഹാസൻ അഭിനയിച്ച അപൂർവ സഹോദരങ്ങൾ, രാജ പാർവൈ, ലിറ്റിൽ ജോൺ, മൈക്കിൾ മദന കാമ രാജൻ, നിശബ്ദ ചിത്രമായ പുഷ്പകവിമാനം (1987), മയൂരി, മകളിർ മട്ടും, മുംബൈ എക്സ്പ്രസ്, ഭൈരവ ദ്വീപം തുടങ്ങിയ സിനിമകളുടെ സംവിധായകനാണ്. ദിക്കറ്റ്ര പാർവതി എന്ന സിനിമയ്ക്കു ദേശീയ അവാർഡ് (1974) ലഭിച്ചു. 1977-ൽ ശ്രീകുമാരൻ തമ്പി കഥയും തിരക്കഥയും നിർവഹിച്ച നിറപറയും നിലവിളക്കും എന്ന മലയാള ചിത്രം സംവിധാനം ചെയ്തു. നന്ദി അവാർഡ്, കർണാടക സംഗീത അക്കാദമി അവാർഡ്, ഫിലിം ഫെയർ അവാർഡ് എന്നിവയും ഇദ്ദേഹത്തെ തേടിയെത്തി. ഈ വർഷം പുറത്തിറങ്ങിയ സിംഗ് ഗീതം ആണ് അവസാന ചലച്ചിത്രം.

# വാഗമണ്ണിലെ 12 ഏക്കർ വ്യാജപട്ടയം റദ്ദാക്കുന്നു

വാഗമൺ: അപൂർവ ജൈവ വൈവിധ്യങ്ങളാൽ സമൃദ്ധമായ വാഗമൺ മൊട്ടക്കുന്നിലെ 12 ഏക്കർ സർക്കാർ ഭൂമി കയ്യേറിയ സംഭവത്തിൽ പട്ടയം റദ്ദാക്കാൻ റവന്യൂ വകുപ്പ് നടപടി തുടങ്ങി. നിയമവിരുദ്ധമായാണ് പട്ടയങ്ങൾ വിതരണം ചെയ്തതെന്ന് പീരുമേട് ഭൂരേഖ തഹസിൽദാരുടെ നേതൃത്വത്തിലുള്ള സർവേ സംഘത്തിന്റെ പരിശോധനയിൽ കണ്ടെത്തി നാലു പേരുടെ പേരിൽ മേൽവിലാസമുണ്ടാക്കി സമ്പാദിച്ച പട്ടയത്തിന്റെ മറവിലവാണ് ഭൂമി കയ്യേറിയത്.

2012-ൽ സർക്കാർ ബോർഡ് സ്ഥാപിച്ച് റവന്യൂ വകുപ്പ് ഏറ്റെടുത്ത ഭൂമിയാണിത്. ലാൻഡ് അസസ്മെന്റ് കമ്മിറ്റി യോഗം ചേരാതെയും രജിസ്റ്ററുകളിൽ വിവരങ്ങൾ രേഖപ്പെടുത്താതെയുമാണ് പട്ടയങ്ങൾ അനുവദിച്ചതെന്ന് അന്വേഷണത്തിൽ വ്യക്തമായി. ഭൂപതിവ് ചട്ടങ്ങളുടെ ലംഘനം നടന്ന സാഹചര്യത്തിൽ പട്ടയം റദ്ദാക്കണമെന്ന് തഹസിൽദാർ ഇടുക്കി ആർഡിഒക്ക് റിപ്പോർട്ട് നല്കി. തർക്കഭൂമിക്ക് പട്ടയം സമ്പാദിച്ചവരോട് ആവശ്യമായ രേഖകൾ സഹിതം അടുത്തമാസം ഒൻപതിന് ഹിയറിംഗിന് ഹാജരാകാൻ റവന്യൂ അധികൃതർ നോട്ടീസ് നല്കിയിട്ടുണ്ട്.

# അറബിക്കടലിൽ 3000 കോടിയുടെ ലഹരിവേട്ട; അഞ്ച് പാക് പൗരന്മാർ പിടിയിൽ

കൊച്ചി: ലക്ഷദ്വീപിനു പടിഞ്ഞാറ് അറബിക്കടലിൽ തീരസംരക്ഷണ സേനയും ഗുജറാത്ത് ഭീകരവിരുദ്ധ സേനയും (എടിഎസ്) സംയുക്തമായി നടത്തിയ പരിശോധനയിൽ 3,000 കോടിയുടെ മയക്കുമരുന്ന് പിടികൂടി. ഇറേനിയൻ ബോട്ടിൽ കടത്തുകയായിരുന്ന 526 കിലോഗ്രാം ലഹരിവസ്തുക്കളാണ് പിടിച്ചെടുത്തത്. സംഭവത്തിൽ അഞ്ച് പാകിസ്ഥാൻ പൗരന്മാരെ കസ്റ്റഡിയിലെടുത്തു.

രഹസ്യവിവരത്തെ തുടർന്ന് തീരസംരക്ഷണസേന വ്യോമ നാവിക നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിച്ചു കടലിൽ നടത്തിയ തെരച്ചിലിലാണ് കഴിഞ്ഞ 25-ന് ബോട്ട് കണ്ടെത്തിയത്. സംശയാസ്പദ സാഹചര്യത്തിൽ കണ്ടെത്തിയ ഇറേനിയൻ ബോട്ടിനെ നിരീക്ഷിച്ചുവരുന്നതിനിടെ തീരസംരക്ഷണസേനയെ കണ്ടതോടെ രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും സേനയുടെ കപ്പലുകൾ പിന്തുടർന്ന് പിടികൂടുകയായിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിലാണ് ഹെറോയിൻ, മെത്താഫിറ്റമിൻ എന്നീ മയക്കുമരുന്നുകൾ പിടികൂടിയത്. പിടിച്ചെടുത്ത ബോട്ടും മയക്കുമരുന്ന് ശേഖരവും കസ്റ്റഡിയിലായ പ്രതികളെയും കൂടുതൽ ചെയ്യലിനും നിയമനടപടികൾക്കുമായി മുംബൈ തുറമുഖത്തെത്തിച്ചു. ഇവിടെ വിവിധ ഏജൻസികളുടെയും ഭീകരവിരുദ്ധസേനയുടെയും നേതൃത്വത്തിൽ പ്രതികളെ ചോദ്യം ചെയ്തുവരികയാണ്.

# സൗദിയിലെ വാഹനാപകടത്തിൽ രണ്ട് മലയാളി നേഴ്സുമാർ മരിച്ചു

റിയാദ്: സൗദിയിലെ തായിഫ്-റാനിയ റോഡിലുണ്ടായ വാഹനാപകടത്തിൽ കോട്ടയം സ്വദേശികളായ രണ്ട് നേഴ്സുമാർ ഉൾപ്പെടെ 5 പേർ മരിച്ചു. ആരോഗ്യ മന്ത്രാലയത്തിന്റെ ഡിസ്പെൻസറികളിൽ നേഴ്സുമാരായ പാലാ കിടങ്ങൂർ മറ്റത്തിൽ ജെയ്സിമോൾ മാത്യു (45), വേദഗിരി കല്ലമ്പാറ ആനചെരിഞ്ഞകുന്നേൽ ജോബിന ജോണി (27), തമിഴ്നാട് സ്വദേശിനികളായ വിജയലക്ഷ്മി ജഗദീഷ് (37), ഹെപ്സിബ ദേവമണി (33), ഡ്രൈവർ സൗദി സ്വദേശിയായ ഖാലിദ് എന്നിവരാണ് മരിച്ചത്. മറ്റൊരു വാഹനം വന്നിടിച്ചതിനെ തുടർന്ന് പലതവണ കരണംമറിഞ്ഞ ഇവരുടെ വാഹനം തകർന്ന് അഞ്ചു പേരെയും ആശുപത്രിയിൽ എത്തിക്കുന്നതിനു മുൻപുതന്നെ മരിച്ചു.

പതിനെട്ട് വർഷമായി സൗദിയിൽ ജോലി ചെയ്യുന്ന ജെയ്സിമോൾ പൂക്കിലിക്കാട്ട് മത്തായിയുടെയും ഏലിയാമ്മയുടെയും മകളാണ്. ഭർത്താവ് ഫ്രെഡി ജോസ്. മക്കൾ: ജസ്റ്റിന, ജൂഡിത്ത്, ജോഷ്വ. അവിവാഹിതയായ ജോബിന സൗദിയിലെത്തിയിട്ട് ഒന്നര വർഷമേ ആയിട്ടുള്ളൂ. ജോണി-ജോബിത ദമ്പതികളുടെ മകളാണ്. സഹോദരൻ ജോഷ്വ.

# യൂത്ത് സോഷ്യൽ റെസ്പോൺസിബിലിറ്റി പദ്ധതിയുമായി ഗവർണർ

കോട്ടയം: സമൂഹനന്മയ്ക്കായി കമ്പനികൾ മാറ്റിവെക്കുന്ന ലാഭവിഹിതമായ സി.എസ്.ആർ. ഫണ്ടുപോലെ, മിടുക്കരായി പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ രാജ്യനന്മയ്ക്കായി യൂത്ത് സോഷ്യൽ റെസ്പോൺസിബിൾ (വൈ.എസ്.ആർ.) പദ്ധതി ആവിഷ്കരിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കോട്ടയം വലവൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (ഐ.ഐ.ഐ.ടി) യിലെ ബിരുദദാനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസവും ഗുണനിലവാരമുള്ള അറിവും പകർന്നു നൽകുന്ന സമൂഹത്തിന് എന്തെങ്കിലും തിരികെ നൽകാൻ ഇതിലൂടെ യുവാക്കൾക്ക് കഴിയും. അതവരുടെ കടമയാണ്.

സ്വാതന്ത്ര്യസമരംമുതൽ സാമൂഹികമുന്നേറ്റം ഉൾപ്പെടെ എല്ലാക്കാര്യത്തിലും മുന്നിൽനിന്നു പ്രവർത്തിച്ചിരുന്ന യുവാക്കളുടെ പ്രവർത്തനം ഇക്കാലത്തും ആവശ്യമാണ്. 2047-ൽ വികസിതഭാരതം എന്ന സ്വപ്നത്തിലേക്ക് കടക്കാനും യുവാക്കളുടെ സംഭാവന വിലപ്പെട്ടതാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെ സാങ്കേതികവിദ്യ നൂതനരൂപങ്ങളിലെത്തുന്നതിനെക്കുറിച്ച് ആശങ്കയുണ്ട്. സാങ്കേതികവിദ്യയെ കീഴടക്കിത്തന്നെ വിദ്യാർത്ഥികൾ ഉത്തരം നൽകണമെന്നും അദ്ദേഹം പറഞ്ഞു.

# എഐയുടെ കാലത്ത് അദ്ധ്യാപനം വെല്ലുവിളി നേരിടുന്നുവെന്ന് മുഖ്യമന്ത്രി

കൊച്ചി: അറിവ് പുതുക്കിയില്ലെങ്കിൽ അദ്ധ്യാപകർ ഇനി വലിയ വെല്ലുവിളി നേരിടേണ്ടിവരുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. അറിവിന്റെ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ നടക്കുകയാണ്. അഞ്ചു വർഷത്തിനുള്ളിൽ കൃത്രിമ ബുദ്ധി (എഐ) മനുഷ്യ ബുദ്ധിയെ മറികടക്കുമെന്നും അദ്ദേഹം പറഞ്ഞു.

കോൺഫെഡറേഷൻ ഓഫ് കേരള സഹോദയ കോംപ്ലക്സസിന്റെ 17-ാമത് സിബിഎസ്ഐ പ്രിൻസിപ്പൽസ് കോൺഫറൻസ് കലൂർ ഗോകുലം കൺവൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ചടങ്ങിൽ സികെഎസ്സി പ്രസിഡണ്ട് ഡോ. ജോജി പോൾ അദ്ധ്യക്ഷത വഹിച്ചു. സിബിഎസ്ഇ പരിശീലനവിഭാഗം ഡയറക്ടർ ഡോ. മനോജ് കെ. ശ്രീവാസ്തവ, സിബിഎസ്ഇ വിദ്യാഭ്യാസ ഡയറക്ടർ ഡോ. പ്രഗ്യ എം.സിഗ്, സിബിഎസ്ഇ സെന്റർ ഓഫ് എക്സലൻസ് മേധാവി എസ്. നിർമല എന്നിവർ പ്രസംഗിച്ചു.

# എൻ.കെ. കണ്ണൻ മേനോൻ അന്തരിച്ചു

കൊച്ചി: സാഹിത്യകാരനും സാംസ്കാരിക പ്രവർത്തകനും ഇൻഷുറൻസ് മേഖലയിൽ തൊഴിലാളി സംഘടന കെട്ടിപ്പടുത്തവരിൽ പ്രമുഖനുമായ എൻ.കെ. കണ്ണൻ മേനോൻ (88) അന്തരിച്ചു. കേരള സ്റ്റേറ്റ് ജനറൽ ഇൻഷുറൻസ് എംപ്ലോയീസ് യൂണിയൻ സ്ഥാപക ജനറൽ സെക്രട്ടറിയായിരുന്ന അദ്ദേഹം ദീർഘകാലം യൂണിയന്റെ ജനറൽ സെക്രട്ടറി, പ്രസിഡന്റ് സ്ഥാനങ്ങൾ വഹിച്ചു. യുഎസിലെ കാലിഫോർണിയയിൽ സ്ഥിരതാമസമായിരുന്നു കണ്ണൻ മേനോൻ. കഴിഞ്ഞ 26-നു കൊച്ചിയിൽ നടന്ന സംഘടനയുടെ സുവർണ ജൂബിലി സമ്മേളനത്തിൽ പങ്കെടുക്കാനാണ് നാട്ടിലെത്തിയത്. എറണാകുളം രവിപുരം സ്വദേശിയാണ്. ഒക്ടോബർ നാലിന് രാവിലെ കൊച്ചിയിലെ ഫ്ളാറ്റിലായിരുന്നു അന്ത്യം. പുരോഗമന കലാ സാഹിത്യ സംഘം സംസ്ഥാന ട്രഷറർ, എറണാകുളം അർബൻ കോ-ഓപ്പറേറ്റീവ് സഹകരണ സംഘം പ്രസിഡന്റ് തുടങ്ങി വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഭാര്യ: പരേതയായ വിലാസിനി കണ്ണൻ മേനോൻ. മക്കൾ: ഡോ. രാധിക മേനോൻ (ഫ്ളോറിഡ), സുപ്രിയ മേനോൻ (സാൻഫ്രാൻസിസ്കോ). മരുമക്കൾ: സതീഷ് മേനോൻ (ഫ്ളോറിഡ), രാധാകൃഷ്ണ മേനോൻ (സാൻഫ്രാൻസിസ്കോ).

# ലാന റീജണൽ കൺവൻഷൻ സമാപിച്ചു

വാഷിങ്ടൺ ഡിസി: സെപ്റ്റംബർ 25 വെള്ളിയാഴ്ച മുതൽ 27 ഞായറാഴ്ച വരെ വാഷിങ്ടൺ ഡിസി ഏരിയായിൽ നടന്ന ത്രിദിന റീജണൽ കൺവൻഷൻ സമാപിച്ചു. വെർജീനിയയിലെ ലീസ്ബർഗ് കാരഡോക് ഹാൾ ഹോട്ടലിൽ ആണ് സമ്മേളനം നടന്നത്.

ഈയിടെ അന്തരിച്ച ലാനയുടെ ആദ്യകാല ഭാരവാഹികളിലൊരാളും പ്രശസ്ത സാഹിത്യകാരനുമായ ജോർജ് മണ്ണിക്കരോട്ടിനോടുള്ള ആദരസൂചകമായി ജോർജ് മണ്ണിക്കരോട്ട് നഗർ എന്ന് സമ്മേളന വേദിക്ക് പേരിട്ടിരിക്കുന്നു.

സമകാലിക മലയാള എഴുത്തുകാരിൽ മുൻനിരയിലുള്ള പ്രശസ്ത കഥാകൃത്ത് സക്കറിയ, നോവലിസ്റ്റ് വി.





ജെ. ജെയിംസ്, പ്രശസ്ത എഴുത്തുകാരിയും അദ്ധ്യാപികയുമായ ഡോ. അനിത നഹാൽ എന്നിവരാണ് നേതൃത്വം നല്കിയത്.

ലാനയുടെ ചരിത്രത്തിൽ ആദ്യമായാണ് അമേരിക്കൻ തലസ്ഥാന നഗരിയിൽ കൺവൻഷൻ നടന്നത്. പല പ്രത്യേകതകളും നിറഞ്ഞ ഒരു കൺവൻഷനായിരുന്നു നടന്നത്. പ്രകൃതിയും സംവിധാനവും അനിവാര്യതയും എല്ലാം കൂടിക്കുഴഞ്ഞു നടനമാടിയ ഒരുത്സവം. ലാന മെംബർമാരുടെയും സാഹിത്യ സ്നേഹികളുടെയും സുഹൃത്തുക്കളുടെയും ബ്രഹത്തായ പങ്കാളിത്തം പ്രത്യേകം ശ്രദ്ധേയമായിരുന്നു.

ഇതിലെ ശ്രദ്ധേയമായ മറ്റൊരു കാര്യം പ്രശസ്ത എഴുത്തുകാരിയും അദ്ധ്യാപികയുമായ ഡോ. അനിത സഹാൽ നയിച്ച ഇംഗ്ലീഷ് സെഷനായിരുന്നു. സാഹിത്യ തല്പരതയുള്ള നമ്മുടെ യുവതലമുറയെ ആകർഷിക്കാൻ ആ വഴിയിൽ വേണ്ട മാർഗനിർദേശങ്ങൾ നല്കാൻ ഈ ക്ലാസ് സഹായിച്ചു.

ഈയിടെ അന്തരിച്ച എഴുത്തുകാരനായ ജോർജ് മണ്ണിക്കരോട്ടിനെയും പി.ടി. പൗലോസിനെയും മൗനമായി



അനുസ്മരിച്ചുകൊണ്ട് വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് പ്രശസ്ത കഥാകൃത്ത് പോൾ സക്കറിയ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് നോവലിസ്റ്റ് വി.ജെ. ജെയിംസ് 'നിരീശ്വരതയിലെ ആത്മീയത' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് ലാനാ ഭാരവാഹികളും മുൻ പ്രസിഡണ്ടുമാരും ആശംസകൾ നേർന്നു.

ദേവകി പുല്ലാഞ്ഞോടൻ വിശ്വദർശനം എന്ന കവിത ചൊല്ലി. അത്താഴശേഷം നടന്ന കവിതാ പാനൽ ചർച്ചയിൽ ജയൻ കെ.സി, സന്തോഷ് പാലാ, തെരേസാ ടോം, രാജു തോമസ്, ഉഷാ നായർ, ഉമാ രവീന്ദ്രൻ എന്നിവർ സംസാരിച്ചു. 'വായനക്കാരൻ മാറുമ്പോൾ കവിതയും മാറുന്നുണ്ടോ' എന്നതായിരുന്നു വിഷയം.

മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ കവിത വിശ്വദർശനം ആലപിച്ചുകൊണ്ട് കവിതാസായാഹ്നം അരങ്ങേറി. അതേത്തുടർന്നുള്ള കാവ്യനിശയിൽ ലാനയിലെ അംഗങ്ങൾ തങ്ങളുടെ കവിതകൾ ചൊല്ലി.

ശനിയാഴ്ച രാവിലെ 9 മണിക്ക് ജോർജ് മണ്ണിക്കരോട്ടിനെ അനുസ്മരിച്ച് മീനു എലിസബത്തും പി.ടി. പൗലോസിനെ അനുസ്മരിച്ച് രാജു തോമസും സംസാരിച്ചു. തുടർന്നു നടന്ന ചെറുകഥാ സെഷനിൽ കഥാകൃത്ത് പോൾ സക്കറിയ ആമുഖപ്രഭാഷണം നടത്തി. ലാനയിലെ അംഗങ്ങൾ സമർപ്പിച്ചിരുന്ന കഥകൾ വായിച്ച് വി.ജെ. ജെയിംസ് വിലയിരുത്തി. അതേത്തുടർന്നുണ്ടായ പാനൽ ചർച്ചയിലെ 'കുടിയേറ്റ ഭൂമിയിലെ കഥകളുടെ പരിണാമം' എന്ന വിഷയത്തിൽ അനിലൻ ശ്രീനിവാസൻ, ഫിലിപ്പ് തോമസ്, കെ.വി. പ്രവീൺ, റഫീഖ് തറയിൽ, രാജേഷ് തെക്കൻമാർ, ഷാജു ജോൺ, ദിവ്യ മേനോൻ എന്നിവർ സംസാരിച്ചു.

തുടർന്ന് 'മലയാള നോവൽ കേരളത്തിനപ്പുറം' എന്ന വിഷയം ഷീല എം.പി, മനോഹർ തോമസ്, ജോൺ ഇളമത, സാംസി കൊടുമൺ, ബാജി ഓടംവേലി, അബ്ദുൾ പുന്നയൂർക്കുളം, അശോക് കുമാർ, അഭിനാഷ് തുണ്ടുമണ്ണിൽ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

നമ്മുടെ രണ്ടാം തലമുറയെക്കൂടി ഉൾപ്പെടുത്താൻ സാഹിത്യ തല്പരരായ കുട്ടികൾക്ക് പ്രോത്സാഹനവും മാർഗനിർദ്ദേശവും നല്കാൻ സഹായകമാകുന്ന ലാനയെ ഒരു പുതിയ ദിശയിലേക്കു നയിക്കുന്ന ഇംഗ്ലീഷ് സെഷൻ ആയിരുന്നു. എഴുത്തുകാരിയും അദ്ധ്യാപികയുമായ ഡോ. അനിത നഹാൽ നയിച്ച ചർച്ചയിൽ ഏതാണ്ട് 25 കുട്ടികൾ പങ്കെടുത്തു. കുട്ടികൾക്കൊപ്പം മാതാപിതാക്കളും പങ്കെടുത്ത ഈ സെഷൻ ലാനയുടെ ദീർഘവീക്ഷണത്തിന്റെ മുന്നോടിയാണ്. ഇവിടെ ഭാഷയും സാഹിത്യവും ഒപ്പം തലമുറകളെയും സമന്വയിപ്പിക്കാനുള്ള ഒരു മാർഗ്ഗമാണിത്.

ഹാസ്യസാഹിത്യ ചർച്ചയ്ക്കും ചിരിയരങ്ങിനും രാജു മൈലപ്ര, ജയന്ത് കാമിച്ചേരിൽ, ജോൺ ഇളമത, സന്തോഷ് പിള്ള എന്നിവർ നേതൃത്വം നല്കി.

പുതിയ നാല് മലയാളം പുസ്തകങ്ങളുടെയും മൂന്ന് ഇംഗ്ലീഷ് പുസ്തകങ്ങളുടെയും പ്രകാശനം സമ്മേളനത്തിൽ നടന്നു. ഈ വർഷം പ്രസിദ്ധീകരിച്ച ലാന അംഗങ്ങളുടെ ആറു പുസ്തകങ്ങൾ സമ്മേളനത്തിൽ വിശദമായി പരിചയപ്പെടുത്തി. അമേരിക്കയിലെ മലയാളം എഴുത്തുകാരുടെ പുസ്തകങ്ങളുടെ വിപുലമായ ശേഖരമുള്ള സഞ്ചരിക്കുന്ന ലൈബ്രറിയുടെ പുസ്തക പ്രദർശനവും സമ്മേളന ഹാളിൽ ഉണ്ടായിരുന്നു.

കേരള ലിറ്ററി സൊസൈറ്റിയുടെ മനയിൽ ജേക്കബ് കവിതാ പുരസ്കാരം റഹിമാബി മൊയിതിനും ഏബ്രഹാം തെക്കേമുറി പുരസ്കാരം അനിലാൽ ശ്രീനിവാസനും കെ.എൽ.എസ് പ്രത്യേക ജൂറി കഥാപുരസ്കാരവും ദിവ്യ മേനോനും സമ്മേളനത്തിൽ വെച്ച് സമ്മാനിച്ചു.

പി.സി.നായർ, നീന പനയ്ക്കൽ, സലിൻ ശങ്കർ എന്നിവരെ സമാപനസമ്മേളനത്തിൽ പൊന്നാട അണിയിച്ച് ആദരിച്ചു. ഉദ്ഘാടനസമ്മേളനത്തിലും സമാപന സമ്മേളനത്തിലും എഴുത്തുകാരി സിനി പണിക്കർ അവതാരകയായിരുന്നു.














ശനിയാഴ്ച വൈകിട്ട് നടന്ന കലാസന്ധ്യയിൽ അപർണ പണിക്കർ ലളിതഗാനം ആലപിച്ചു. ഗീതു നിർമ്മലും സംഘവും നാടക ഗാനാവിഷ്കാരം നടത്തി. പ്രവീൺ കുമാർ, സന്തോഷ് തുരുത്തി, വിജിൽ ബോസ് എന്നിവർ ചേർന്ന് 'തീൻമേശയിലെ ദുരന്തം' എന്ന നാടകം അവതരിപ്പിച്ചു.

27 - ന് ഞായറാഴ്ച നടന്ന ലാന പൊതുയോഗത്തിൽ സെക്രട്ടറി നിർമ്മല ജോസഫ് ലാനയുടെ വാർഷിക റിപ്പോർട്ടും ട്രഷറർ ഹരിദാസ് തങ്കപ്പൻ വരവ് - ചെലവ് കണക്കും അവതരിപ്പിച്ചു. അടുത്ത വർഷത്തെ ലാന ദ്വൈവാർഷിക സമ്മേളനം ന്യൂയോർക്കിൽ നടത്താൻ തീരുമാനിച്ചു.



എഴുത്തുകാരൻ വേണുഗോപാലൻ കൊക്കോടൻ (കൺവൻഷൻ കമ്മിറ്റി ചെയർമാൻ), ഷിനോ കുര്യൻ (കൺവൻഷൻ കമ്മിറ്റി കൺവീനർ), എന്നിവരുടെ നേതൃത്വത്തിലുള്ള ലാന റീജണൽ കൺവൻഷൻ കമ്മിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. കൂടുതൽ വിവരങ്ങൾ ലാന പ്രസിഡണ്ട് സാമുവൽ യോഹന്നാൻ +1 214 435 0124, സെക്രട്ടറി നിർമ്മല ജോസഫ് +1 347 204 0062 എന്നിവരിൽ നിന്ന് ലഭിക്കും.




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**